# ടൈംസ് ഓഫ് അമേരിക്കൻമലയാളി

സാംസ്കാരികം

TIMES OF AMERICAN MALAYALI

2026
ജൂൺ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com





ഹലോ സർ,

എന്റെ പേര് അനിമേഷ് കുജുർ. 200 മീറ്ററിലും 400 മീറ്ററിലും ഞാൻ ദേശീയ റെക്കോർഡ് ഉടമയാണ്. ഞാൻ ഛത്തീസ്ഗഡ്ഢുകാരനാണ്, സർ. ഇപ്പോൾ ഞാൻ ഒഡീഷയ്ക്കുവേണ്ടി കളിക്കുന്നു. കഴിഞ്ഞ വർഷം ഞാൻ ഒരു ഏഷ്യൻ മെഡലും വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസ് മെഡലും നേടി, 2021 ൽ സ്കൂളിൽ നിന്ന് പാസായപ്പോൾ ഞാൻ അത്‌ലറ്റിക്സ് ആരംഭിച്ചു. ഞാൻ അംബികാപൂരിലെ സൈനിക് സ്കൂളിൽ നിന്ന് പാസായ ആളാണ്, ഞാൻ നേരത്തെ ഫുട്ബോൾ കളിച്ചിരുന്നു, കോവിഡ് കാലഘട്ടത്തിൽ എന്റെ മാതാപിതാക്കൾ, എനിക്ക് പുറത്തുപോയി ഓടാനും കളിക്കാനും സ്വാതന്ത്ര്യം നൽകാറുണ്ടായിരുന്നു. കോവിഡ്കാലം കഴിയാറായപ്പോൾ, എന്റെ ഫുട്ബോൾ സുഹൃത്തുക്കൾ എന്നോട് ഒരു സംസ്ഥാന മീറ്റ് നടക്കാനിരിക്കുന്നെന്നും പോയി പങ്കെടുക്കണമെന്നും പറഞ്ഞു. ഞാൻ പങ്കെടുത്തു, അവിടെ നിന്ന് ദേശീയതല സെലക്ഷൻ ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ അവിടെ നിന്ന് ദേശീയ മത്സരത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു, ഇന്ന് ഞാൻ ഭാരതത്തെ അന്താരാഷ്ട്ര തലത്തിൽ പ്രതിനിധീകരിക്കുന്നു.




ജന്മശതാബ്ദി പ്രഭാഷണം 3

**സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്**

**ബ്രഹ്മശ്രീ ഡോ. സച്ചിദാനന്ദസ്വാമി**



മുറിവില്ലാത്ത അറിവ് നേടിയ പരിവ്രാജകൻ

**ഡോ.എം.വി.നടേശൻ** ........... **4**





**സാംസ്കാരികം** ........... **7**

**പുസ്തക പരിചയം**

ചിത്രമെഴുത്ത് കെ.എം.വറുഗീസിന്റെ ചരിത്രകഥകൾ

**ഡോ.പോൾ മണലിൽ** ........... **6**





മാതംഗലീല എഴുതുന്നതിനു മുൻപ്

**സന്തോഷ് എച്ചിക്കാനം** ........... **8**






# പി.ജി എന്ന ജന്മശതാബ്ദി ജ്ഞാന സൂര്യൻ



**ജോർജ് തഴക്കര**



**ശാ**സ്ത്രചിന്തകൻ, നിരൂപകൻ, പ്രഭാഷകൻ, പത്രാധിപർ, ചരിത്രപണ്ഡിതൻ, മാർക്സിസ്റ്റ് സൈദ്ധാന്തികൻ, സി.പി.എം നേതാവ് എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു പി.ഗോവിന്ദപ്പിള്ള

എറാണകുളം ജില്ലയിലെ പെരുമ്പാവൂരിനടുത്ത് പുല്ലുവഴി ഗ്രാമത്തിൽ 1926 മാർച്ച് 26ന് ജനനം. എം.പി.നാരായണപിള്ളയുടെ മുത്തച്ഛൻ പുല്ലുവഴി ആശാനാണ് ഗോവിന്ദപ്പിള്ളയുടെ ജാതകം കുറിച്ചത്. അച്ഛൻ കാപ്പിള്ളി എം.എൻ.പരമേശ്വരൻപിള്ള. അമ്മ കെ.പാറുക്കുട്ടി. അച്ഛൻ ജന്മിയായിരുന്നുവെങ്കിലും കുടിയിറക്കലിന്റെ ധീരകഥ പറയുവാനുണ്ടായിരുന്നില്ല. മറ്റു ജന്മിമാർ പാട്ടക്കാരെ കുടിയിറക്കുന്നതിൽ പരമേശ്വരൻപിള്ള അസഹിഷ്ണുത പ്രകടിപ്പിച്ചിരുന്നു. നാട്ടിൽ കമ്യൂണിസം വരണമെന്ന് അമ്മ പ്രാർത്ഥിക്കുമായിരുന്നു. മക്കൾ ആദർശശാലികളായി വളരണമന്ന് ആഗ്രഹിച്ചുകൊണ്ട് പൂജ നടത്തിയിരുന്നു. ഗണപതിഹോമവും ഭഗവതിപൂജയും നടക്കുന്ന ഭവനം.

കുറുപ്പംപടി സ്കൂളിലാണ് ഹൈസ്കൂൾ വിദ്യാഭ്യാസം. വായനശീലം അമ്മയിൽ നിന്നുമാണ് ലഭിച്ചത്. സ്കൂളിൽ കളിക്കുന്ന സമയങ്ങളിലും വായനക്കായി സമയം കണ്ടെത്തിയിരുന്നു. അദ്ധ്യാപകനും പ്രഭാഷകനുമായിരുന്ന പി.എ.പൗലോസച്ചനാണ് വായനയുടെ വിശാലഭൂമികയിലേക്കുള്ള കവാടം തുടർന്നു നൽകിയത്. ഡോ.ഡി.ബാബുപോളിന്റെ പിതാവാണ് ഫാ.പി.എ.പൗലോസ്.

സ്കൂൾ പഠനം ഇല്ലാത്ത ദിവസങ്ങളിൽ ആ റേഴു മൈൽ നടന്ന് കാലടി അദ്വൈതാശ്രമത്തിൽ പോകുമായിരുന്നു. അവിടെ നടക്കുന്ന ആദ്ധ്യാത്മിക പരിശീലനത്തിൽ പങ്കെടുക്കുമായിരുന്നു. അവിടെനിന്നും സംസ്കൃതം, ബ്രഹ്മസൂത്രം, വേദാന്തം എന്നിവ പഠിച്ചു. സന്യാസത്തിലേക്ക് മനസ്സു ചലിച്ചുതുടങ്ങി.

ആഗമാനന്ദാശ്രമത്തിന്റെ ചുമതലയിലുള്ള ബ്രഹ്മാനന്ദോദയം ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന എൻ.വി.കൃഷ്ണവാരിയരുടെ സഹവാസത്തിലൂടെ ആദ്ധ്യാത്മികതയിൽ നിന്നും രാഷ്ട്രീയത്തിലേക്ക് മനസ്സു വഴിമാറി. പിന്നീട് കുറേക്കാലം ഗാന്ധിജിയായിരുന്നു മനസ്സിൽ. പുല്ലുവഴി ഗാന്ധി എന്നാണ് അക്കാലത്ത് ഗോവിന്ദപ്പിള്ള അറിയപ്പെട്ടത്. ആലുവ യുസി കോളജിൽ പ്രീ യൂണിവേഴ്സിറ്റിക്ക് പഠിക്കുവാൻ പോകുമ്പോൾ ഖദറായിരുന്നു വേഷം.

പിന്നീട് മുംബൈ സെന്റ് സേവിയേഴ്സ് കോളജിൽ ബി.എ ഓണേഴ്സിനു ചേർന്നു. 1942ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതിനെതുടർന്ന് അറസ്റ്റിലായി. 1948ൽ 'ആന്ന വിപ്ലവം' എന്നു ➲13




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി**
**2026 മെയ് 31ന് രാവിലെ 11 മണിയ്ക്ക്**
**ആകാശവാണിയിലൂടെ നടത്തിയ**
**പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**




# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

മൻ കി ബാത്തിൽവീണ്ടും നിങ്ങളോടൊപ്പം ചേരുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നമ്മുടെ നാട്ടുകാർ രാജ്യത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്നു, അവരെക്കുറിച്ച് കേൾക്കുമ്പോൾ നമുക്ക് പുതിയൊരു പ്രചോദനം ലഭിക്കും. അത്‌ലറ്റിക്സിൽ രാജ്യത്തിന്റെ അത്തരമൊരു നേട്ടത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇന്നത്തെ മൻ കി ബാത്ത് പരിപാടി ആരംഭിക്കാം. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ജാർഖണ്ഡിലെ റാഞ്ചിയിൽ നാഷണൽ സീനിയർ അത്‌ലറ്റിക്സ് ഫെഡറേഷൻ മത്സരം നടന്നു. ഏകദേശം 800 അത്‌ലറ്റുകൾ അതിൽ പങ്കെടുത്തു അവർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നവരായിരുന്നു. നാല് വ്യത്യസ്ത ഇനങ്ങളിലായി നാല് ദേശീയ റെക്കോർഡുകൾ അവിടെ തകർക്കപ്പെട്ടു. ഗുരിന്ദർവീർ സിംഗ്, വിശാൽ ടികെ, തേജസ്വിൻ ശങ്കർ, ദേവ് മീണ, കുൽദീപ് കുമാർ ഇവർ വ്യത്യസ്ത വിഭാഗങ്ങളിലായി പുതിയ റെക്കോർഡുകൾ സൃഷ്ടിച്ചു. ആദ്യം തന്നെ ഞാൻ എല്ലാവരെയും അഭിനന്ദിക്കുന്നു.

**2021 ൽ സ്കൂളിൽ നിന്ന് പാസായപ്പോൾ ഞാൻ അത്‌ലറ്റിക്സ് ആരംഭിച്ചു. ഞാൻ അംബികാപൂരിലെ സൈനിക് സ്കൂളിൽ നിന്ന് പാസായ ആളാണ്, ഞാൻ നേരത്തെ ഫുട്ബോൾ കളിച്ചിരുന്നു, കോവിഡ് കാലഘട്ടത്തിൽ എന്റെ മാതാപിതാക്കൾ, എനിക്ക് പുറത്തുപോയി ഓടാനും കളിക്കാനും സ്വാതന്ത്ര്യം നൽകാറുണ്ടായിരുന്നു. കോവിഡ്കാലം കഴിയാറായപ്പോൾ, എന്റെ ഫുട്ബോൾ സുഹൃത്തുക്കൾ എന്നോട് ഒരു സംസ്ഥാന മീറ്റ് നടക്കാനിരിക്കുന്നെന്നും പോയി പങ്കെടുക്കണമെന്നും പറഞ്ഞു. ഞാൻ പങ്കെടുത്തു, അവിടെ നിന്ന് ദേശീയതല സെലക്ഷൻ ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ അവിടെ നിന്ന് ദേശീയ മത്സരത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു, ഇന്ന് ഞാൻ ഭാരതത്തെ അന്താരാഷ്ട്ര തലത്തിൽ പ്രതിനിധീകരിക്കുന്നു.**

സുഹൃത്തുക്കളേ,

രാജ്യമെമ്പാടും വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു കായികയിനം 100 മീറ്റർ ഓട്ടമാണ്. വെറും രണ്ട് ദിവസത്തിനുള്ളിൽ, പുരുഷന്മാരുടെ 100 മീറ്റർ ഓട്ടത്തിലെ ദേശീയ റെക്കോർഡ് മൂന്ന് തവണ തകർന്നു. ഈ നേട്ടം കൈവരിച്ച രണ്ട് അത്‌ലറ്റുകൾ ഗുരിന്ദർവീർ സിംഗും അനിമേഷ് കുജൂറുമാണ്. ഇത്തവണ മൻ കി ബാത്ത്എന്ന പരിപാടിയിൽ ഇ ൗ രണ്ട് അത്‌ലറ്റുകളുമായി സംസാരിക്കാമെന്ന് ഞാൻ കരുതുന്നു.

ടെലിഫോൺ സംഭാഷണം:

പ്രധാനമന്ത്രി: ഹലോ അനിമേഷ്, ഹലോ ഗുരിന്ദർവീർ, നമസ്കാരം. സത്ശ്രീ അകാൽ.

അനിമേഷ്, ഗുരിന്ദർവീർ: നമസ്കാരം സർ, നമസ്കാരം സർ.

പ്രധാനമന്ത്രി: നിങ്ങൾ ഒരു മികച്ച നേട്ടമാണല്ലോ കൈവരിച്ചത്. നിങ്ങളുടെ കൂട്ടുകെട്ടും മികച്ച നേട്ടം കൈവരിച്ചു. സംഗീതത്തിൽ നമ്മൾ ജുഗൽബന്ദി കണ്ടിട്ടുണ്ട്, എന്നാൽ ഇപ്പോൾ കായിക മത്സരങ്ങളിലും ഇങ്ങനെ ജുഗൽബന്ദി കാണുന്നു. ഒരാൾ വെല്ലുവിളി ഉയർത്തുമ്പോൾ മറ്റെയാൾ അത് ഏറ്റെടുക്കുന്നു. അത് വീണ്ടും ആവർത്തിക്കുന്നു. നിങ്ങളുടെ വിഷയം വളരെ രസകരമായിരുന്നു. മൻ കി ബാത്ത് ശ്രോതാക്കൾ നിങ്ങളെക്കുറിച്ചും നിങ്ങളുടെ നേട്ടങ്ങളെക്കുറിച്ചും അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

അനിമേഷ്: ഹലോ സർ, എന്റെ പേര് അനിമേഷ് കുജുർ. 200 മീറ്ററിലും 400 മീറ്ററിലും ഞാൻ ദേശീയ റെക്കോർഡ് ഉടമയാണ്. ഞാൻ ഛത്തീസ്ഗഢുകാരനാണ്, സർ. ഇപ്പോൾ ഞാൻ ഒഡീഷയ്ക്കുവേണ്ടി കളിക്കുന്നു. കഴിഞ്ഞ വർഷം ഞാൻ ഒരു ഏഷ്യൻ മെഡലും വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസ് മെഡലും നേടി, 2021 ൽ സ്കൂളിൽ നിന്ന് പാസായപ്പോൾ ഞാൻ അത്‌ലറ്റിക്സ് ആരംഭിച്ചു. ഞാൻ അംബികാപൂരിലെ സൈനിക് സ്കൂളിൽ നിന്ന് പാസായ ആളാണ്, ഞാൻ നേരത്തെ ഫുട്ബോൾ കളിച്ചിരുന്നു, കോവിഡ് കാലഘട്ടത്തിൽ എന്റെ മാതാപിതാക്കൾ, എനിക്ക് പുറത്തുപോയി ഓടാനും കളിക്കാനും സ്വാതന്ത്ര്യം നൽകാറുണ്ടായിരുന്നു. കോവിഡ്കാലം കഴിയാറായപ്പോൾ, എന്റെ ഫുട്ബോൾ സുഹൃത്തുക്കൾ എന്നോട് ഒരു സംസ്ഥാന മീറ്റ് നടക്കാനിരിക്കുന്നെന്നും പോയി പങ്കെടുക്കണമെന്നും പറഞ്ഞു. ഞാൻ പങ്കെടുത്തു, അവിടെ നിന്ന് ദേശീയതല സെലക്ഷൻ ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ അവിടെ നിന്ന് ദേശീയ മത്സരത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു, ഇന്ന് ഞാൻ ഭാരതത്തെ അന്താരാഷ്ട്ര തലത്തിൽ പ്രതിനിധീകരിക്കുന്നു.

പ്രധാനമന്ത്രി: ഗുരിന്ദർവീർ പറയൂ?

ഗുരിന്ദർവീർ: ഹലോ സർ, എന്റെ പേര് ഗുരിന്ദർവീർ, ഞാൻ ഇന്ത്യൻ നാവികസേനയിലെ ഒരു പെറ്റി ഓഫീസറാണ്, ഭാരത്തിലെ ഏറ്റവും വേഗതയേറിയ സ്പ്രിന്ററാണ് ഞാൻ. 100 മീറ്ററിൽ 10.09 എന്ന ദേശീയ റെക്കോർഡ് ഞാൻ ഇപ്പോൾ നേടി. 10.1 മീറ്റർ ബാരിയറിന് താഴെ ഓടിയ ആദ്യത്തെ ഭാരതീയനാണ് ഞാൻ. ട്രാക്കിലും യൂണിഫോമിലും എന്റെ രാജ്യത്തെ സേവിക്കാൻ ഞാൻ ശ്രമിക്കുന്നു. എന്റെ അച്ഛനും മുത്തച്ഛനും സ്പോർട്സിൽ സജീവമായിരുന്നു. ദീപാവലി, ന്യൂ ഇയർ തുടങ്ങിയ ആഘോഷങ്ങൾ വരുമ്പോഴെല്ലാം വീട് വൃത്തിയാക്കുന്നത് നമ്മുടെ ഭാരതീയ സംസ്കാരമാണല്ലോ. ഞാൻ എന്റെ അച്ഛന്റെ ട്രോഫികളും മെഡലുകളും കൂടി വൃത്തിയാക്കുമായിരുന്നു, എനിക്ക് അത് വളരെ ഇഷ്ടമായിരുന്നു, അതിൽ എനിക്ക് വളരെ സന്തോഷം തോന്നുമായിരുന്നു. ഏതെങ്കിലും ട്രോഫി വൃത്തിയാക്കുമ്പോൾ, അദ്ദേഹത്തോട്, ഈ ട്രോഫി എവിടെയാണ് നേടിയത്, ഈ മെഡൽ എവിടെയാണ് നേടിയത്, ഈ ഫോട്ടോ എപ്പോഴാണ് എടുത്തത്, എന്നൊക്കെ ഞാൻ ചോദിക്കും. അപ്പോൾ അദ്ദേഹം എന്നോട് അദ്ദേഹത്തിന്റെ കഥ പറയുമായിരുന്നു, ഞാൻ ഇവിടെ കളിക്കാൻ പോയി, ഞാൻ ഈ ദേശീയ മെഡൽ നേടി, എന്റെ ടീമിനെ ഞാൻ ജയിപ്പിച്ചു എന്നൊക്കെ. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നു, എനിക്കും ഏതെങ്കിലും സ്പോർട്സിൽ പങ്കെടുക്കണമെന്ന്. അദ്ദേഹം രാവിലെ ഓടാൻ പോകുമായിരുന്നു, എന്നെയും കൂടെ കൂട്ടണമെന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം എന്നെ കൂടെ കൊണ്ടുപോകാൻ തുടങ്ങി, അദ്ദേഹം സ്പോർട്സിൽ പഠിച്ചതെല്ലാം എന്നെ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ എന്റെ താൽപര്യം വളർന്നു. ലോക റെക്കോർഡ് തകർക്കുന്ന ഉസൈൻ ബോൾട്ടിന്റെ പ്രകടനം ഞാൻ കണ്ടു. അതിൽ ഒരു രസകരമായ കഥയുണ്ട്. ഞാൻ ടിവി കാണുമ്പോൾ എന്റെ അമ്മ മോനേ, പഠിക്കാൻ സമയമായി, നീ പഠിക്കണം എന്ന് പറഞ്ഞ് ടിവി ഓഫ് ചെയ്തു. അപ്പോൾ ഞാൻ പറഞ്ഞു, അമ്മ ഇന്ന് എന്നെ ടിവി കാണാൻ അനുവദിക്കുന്നില്ല, ഒരു ദിവസം വരും, അന്ന് അമ്മ എന്നെ ടിവിയിൽ നോക്കി ഗുരീന്ദർ ഓടുന്നുന്നത് കണ്ടോ എന്ന് പറയും. ഞാൻ ഓടുന്നത് ടിവിയിൽ കാണുമ്പോൾ ഇന്ന് എന്റെ അമ്മ സന്തോഷിക്കുന്നു, എനിക്കും സന്തോഷം തോന്നുന്നു.

പ്രധാനമന്ത്രി: വൗ, വൗ, വൗ. നിങ്ങൾ പറഞ്ഞത് വളരെ ഗംഭീരമായ കാര്യമാണ്.

ഗുരിന്ദർവീർ: അതെ, സർ. ഞാൻ ഒരു ഇടത്തരം കുടുംബത്തിൽ നിന്നാണ് വരുന്നത്. എന്റെ അച്ഛൻ വോളിബോൾ കളിക്കാറുണ്ടായിരുന്നു. കുടുംബ പ്രശ്നങ്ങൾ കാരണം അദ്ദേഹം കായിക വിനോദങ്ങൾ ഉപേക്ഷിച്ചു. അദ്ദേഹത്തിന്റെ സ്വപ്നം പൂർത്തീകരിക്കപ്പെടാതെ ശേഷിച്ചു. ആ സ്വപ്നം എന്നിലൂടെ സാക്ഷാത്കരിക്കുമെന്ന് അദ്ദേഹം കരുതി. ഞങ്ങൾ സംസാരിക്കുമ്പോൾ മിൽഖാ സിംഗിന്റെ കഠിനാധ്വാനത്തെക്കുറിച്ച് പറയുമായിരുന്നു. ഒരുദിവസം ഞാൻ അച്ഛന്റെ സ്വപ്നം സാക്ഷാത്കരിക്കുമെന്ന് അദ്ദേഹത്തോട് പറയാറുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം പറയുമായിരുന്നു സ്വപ്നങ്ങൾ വെറുതെ സാക്ഷാത്ക്കരിക്കപ്പെടില്ല, അതിനായി ഹാർഡ് വർക്ക് ചെയ്യണം, കഠിനാധ്വാനം ചെയ്യണം എന്ന്. മിൽഖാ സിംഗ് രാപകൽ പരിശീലിച്ചിരുന്നു, അദ്ദേഹം വെയിലത്ത് ഓടുമായിരുന്നു, രക്തം ഛർദ്ദിച്ചിരുന്നു, ആ കഠിനാദ്ധ്വാനം എനിക്ക് പ്രചോദനം നൽകി. ഞാൻ ഓട്ടക്കാരനാകുകയാണെങ്കിൽ എന്റെ രാജ്യത്തിനായി ഒരു മെഡൽ നേടണമെന്ന് അച്ഛൻ എന്നോടു പറഞ്ഞു. ഞാൻ 100 മീറ്റർ ഓട്ടം തിരഞ്ഞെടുക്കുമ്പോൾ, എല്ലാവരും എന്നോട് പറയുമായിരുന്നു 100 മീറ്റർ ചെയ്യരുതെന്ന്, 100 മീറ്റർ ഓട്ടം ഭാരതീയർക്ക് ഒരു മത്സരമല്ല. ഭാരതീയരുടെ ശരീരം 100 മീറ്റർ ഓട്ടത്തിനു വഴങ്ങുന്നതല്ല. അപ്പോഴൊക്കെ ഞാനും എന്റെ അച്ഛനും പറയുമായിരുന്നു, ഗുരിന്ദർ, ഇത് തിരഞ്ഞെടുത്തു, ഞങ്ങൾ അതിൽ നിന്ന് പിന്നോട്ട് പോകില്ല. ഞങ്ങൾക്ക് ചെയ്യാൻ കഴിയില്ലെന്ന് പറയുന്നവരോടൊക്കെ, ഞങ്ങൾ അത് ചെയ്ത് കാണിക്കും എന്ന് ഞങ്ങൾ പറയും. നീ അത് ചെയ്യും, ഞാൻ നിന്നെ വിശ്വസിക്കുന്നു, എന്ന് പറഞ്ഞ് എന്റെ അച്ഛൻ ആ വിശ്വാസം എന്നിൽ അർപ്പിച്ചപ്പോൾ, ഞാൻ ആ വിശ്വാസത്തെ എന്റെ ശക്തിയാക്കി മാറ്റി മുന്നോട്ട് പോയി. ഇന്ന് ഓരോ ഭാരതീയനും പറയുന്നു ഭാരതീയന് വേഗത്തിൽ ഓടാൻ കഴിയുമെന്ന്.


പ്രധാനമന്ത്രി: നോക്കൂ, നിങ്ങൾ രണ്ടുപേരും ഗംഭീരമാക്കി. വെറും രണ്ട് ദിവസത്തിനുള്ളിൽ, നിങ്ങൾ മൂന്ന് തവണ ദേശീയ റെക്കോർഡ് തകർത്തു. ഗുരിന്ദർവീർ പറഞ്ഞതുപോലെ, 100 മീറ്റർ ഓടുമ്പോൾ, ഭാരതീയർക്ക് ഇതിനുള്ള ശരീരമില്ലെന്ന് ആളുകൾ പറയുന്നു. ഇത്രയും ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നിട്ടും, നിങ്ങൾ വിജയിച്ചു, അതിനാൽ നിങ്ങൾ രണ്ടുപേരിൽ നിന്നും കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തായിരുന്നു നിങ്ങളുടെ അഭിനിവേശം, എങ്ങനെയായിരുന്നു നിങ്ങളുടെ വാശി, നിങ്ങളുടെ മനസ്സിൽ എന്തായിരുന്നു, നിങ്ങൾ അത് എങ്ങനെ ചെയ്തു, അത് എത്ര ബുദ്ധിമുട്ടായിരുന്നു? മൻ കി ബാത്ത്ശ്രോതാക്കൾ കേൾക്കാൻ ആഗ്രഹിക്കുന്നു.

ഗുരിന്ദർവീർ: സർ, ഞാൻ ഗുരിന്ദർ. ആദ്യകാലത്ത്, എനിക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഞാൻ ചെയ്യുന്നത് ശരിയാണോ, ➲10




## പ്രഭാഷണം

സുകുമാർ അഴീക്കോട് ജന്മശതാബ്ദി സമിതി, മാവേലിക്കര 2026 ഏപ്രിൽ 16ന് ശിവഗിരിയിൽ നടത്തിയ സമ്മേളനത്തിൽ ശിവഗിരി മഠം ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് **ബ്രഹ്മശ്രീ. ഡോ. സച്ചിദാനന്ദസ്വാമികൾ** നടത്തിയ പ്രഭാഷണം.



# സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

ഗീതാനന്ദ സ്വാമി ചാലക്കുടിയിൽ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ താമസിച്ചു. ഞാൻ അദ്ദേഹത്തോടൊപ്പം താമസിച്ചു. അഴീക്കോട് മാഷ് ചാലക്കുടിയിൽ സ്വാമിയെ കാണാൻ വരും. സ്വാമിയുടെ ജന്മദിനത്തിനും ചതയത്തിനും സമാധിക്കും വിശേഷപ്പെട്ട അവസരങ്ങളിൽ എല്ലാം ഞങ്ങൾ സമ്മേളനങ്ങൾ സംഘടിപ്പിക്കും. സമയമുള്ളപ്പോഴൊക്കെ അഴീക്കോട് മാഷ് വന്നു പ്രസംഗിക്കും.

ശിവഗിരിയിൽ നിന്നും ഗുരുദേവ കൃതികളുടെ വ്യാഖ്യാന സമുച്ചയം പ്രകാശനം ചെയ്യാൻ തീരുമാനിച്ചപ്പോൾ അതിന്റെ അവതാരിക അഴീക്കോട് മാഷിനെക്കൊണ്ട് എഴുതിക്കണമെന്ന് തീരുമാനിച്ചു. അന്ന് അദ്ദേഹം എഴുതിയ ആ അവതാരിക നിങ്ങൾ വായിക്കണമെന്ന് വിനീതമായി ഞാൻ പറയുന്നു. ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള ഒരു നല്ല പഠനം. ഗുരുദേവ കൃതികളെക്കുറിച്ചുള്ള ഒരു നല്ല പഠനമാണ് ആ അവതാരിക.

**അഴീക്കോട് മാഷ് 'ഗുരുവിന്റെ ദുഃഖം' എന്ന ഒരു കൃതി എഴുതി. ഗുരുവിന്റെ ദുഃഖം എന്ന കൃതിയിൽ ശ്രീനാരായണ പ്രസ്ഥാനം ഗുരുവിൽ നിന്നും അകന്നു പോയി എന്നതിനെ ചൂണ്ടിക്കാണിച്ചു. ഗുരുവിന്റെ ദർശനത്തെ വികലമാക്കിക്കൊണ്ടുള്ള വ്യാഖ്യാനങ്ങൾ വന്നതുകൊണ്ടും ശ്രീനാരായണഗുരുവിന്റെ ആശയത്തിൽ നിന്നും ശ്രീനാരായണഗുവിന്റെ സങ്കല്പത്തിൽ നിന്നും ഗുരുവിന്റെ പ്രസ്ഥാനങ്ങൾ ബഹുദൂരം അകലെയാണെന്നും ഗുരുവിന്റെ ശിഷ്യന്മാരും പരമ്പരയും അധികാരിവർഗ്ഗവും വളരെ അകന്നുപോയെന്ന് വേദനപ്പെട്ടുകൊണ്ട് അദ്ദേഹം എഴുതിയ ലേഖനങ്ങളും അതിന്റെ സമാഹാരവുമാണ് ഗുരുവിന്റെ ദുഃഖം എന്നുള്ള ആ പുസ്തകം.**

അവതാരികയിൽ ഗുരുവിന്റെ ജാതിരഹിത ദർശനത്തെക്കുറിച്ചല്ല അദ്ദേഹം പറഞ്ഞത്. ഒരു ഭാഗത്ത് വന്നപ്പോൾ പറഞ്ഞു, ശ്രീനാരായണഗുരു ജനിച്ചില്ല എന്നു പറഞ്ഞാൽ ഒരു വലിയ കളവാണ്. ശ്രീനാരായണഗുരു ഒരു സാമൂഹിക പരിഷ്കർത്താവു മാത്രമാണെന്നു പറഞ്ഞാൽ അതിനേക്കാൾ വലിയ കളവാണ്. കേരളീയർ വിശ്വസിച്ചു പോന്നിരുന്ന വലിയ ഒരാശയം ശ്രീനാരായണഗുരു സാമൂഹിക പരിഷ്കർത്താവാണ്, വിപ്ലവകാരിയാണ് എന്നുള്ള ആശയം അഴീക്കോട് മാഷ് അതിനെ നേരിട്ടത് അങ്ങനെയാണ്. മഹാനായ ഒരു ആദ്ധ്യാത്മിക ആചാര്യനാണ്, ഗുരുവാണ് എന്നും ആ ഗുരുവിന്റെ ലോകകാരുണ്യമാണ് സാമൂഹിക പരിഷ്കരണം എന്നും. ഗുരുവിന്റെ യഥാർത്ഥമായ സ്വരൂപത്തെ ദർശിച്ചുകൊണ്ടുള്ള അഴീക്കോട് മാഷിന്റെ പ്രഭാഷണ പരമ്പര ഒക്കെത്തന്നെയും ഗുരുദേവന്റെ അറിവുകളുടെ വലിയ ഭാഷ്യമാണ്.

അഴീക്കോട് മാഷ് 'ഗുരുവിന്റെ ദുഃഖം' എന്ന ഒരു കൃതി എഴുതി. ഗുരുവിന്റെ ദുഃഖം എന്ന കൃതിയിൽ ശ്രീനാരായണ പ്രസ്ഥാനം ഗുരുവിൽ നിന്നും അകന്നു പോയി എന്നതിനെ ചൂണ്ടിക്കാണിച്ചു. ഗുരുവിന്റെ ദർശനത്തെ വികലമാക്കിക്കൊണ്ടുള്ള വ്യാഖ്യാനങ്ങൾ വന്നതുകൊണ്ടും ശ്രീനാരായണഗുരുവിന്റെ ആശയത്തിൽ നിന്നും ശ്രീനാരായണഗുവിന്റെ സങ്കല്പത്തിൽ നിന്നും ഗുരുവിന്റെ പ്രസ്ഥാനങ്ങൾ ബഹുദൂരം അകലെയാണെന്നും ഗുരുവിന്റെ ശിഷ്യന്മാരും പരമ്പരയും അധികാരിവർഗ്ഗവും വളരെ അകന്നുപോയെന്ന് വേദനപ്പെട്ടുകൊണ്ട് അദ്ദേഹം എഴുതിയ ലേഖനങ്ങളും അതിന്റെ സമാഹാരവുമാണ് ഗുരുവിന്റെ ദുഃഖം എന്നുള്ള ആ പുസ്തകം.

ഗുരു കേരളം വിട്ട് സിലോണിലേക്കു പോകുന്നു. ഇനി കേരളത്തിലേക്കു വരുന്നില്ലായെന്നാണ് ഗുരുവിന്റെ സങ്കല്പം. സിലോണിലേക്കു ഗുരു പോകാൻ കാരണം, അന്ന് ഗുരുദേവ പ്രസ്ഥാനത്തിലുണ്ടായ ചില അന്തഃച്ഛിദ്രങ്ങളാണ്. ഗുരു സ്വത്തുക്കളെല്ലാം ബോധാനന്ദസ്വാമികളുടെ പേരിൽ എഴുതിവച്ചു. അത് സന്യസ്ഥ ശിഷ്യപരമ്പരകൾക്കായി എക്കാലവും നിലകൊള്ളണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. എസ്.എൻ.ഡി.പി.യോഗത്തിന് അത് ഇഷ്ടമായില്ല. എസ്.എൻ.ഡി.പി.യോഗം അതു സംബന്ധിച്ച് ചില പ്രശ്നങ്ങളൊക്കെ ഉണ്ടാക്കിയപ്പോഴാണ് ഗുരു ഇനി നാം കേരളത്തിൽ വേണ്ടായെന്നു തീരുമാനിച്ച് സിലോണിലേക്ക് യാത്രയായത്. അത് എല്ലാവരേയും വേദനിപ്പിച്ച സംഭവമാണ്. ഗുരുവിന്റെ ദുഃഖം ആണെന്നു കണ്ടുകൊണ്ട് അഴീക്കോട് മാഷ് പുസ്തകം പ്രസിദ്ധീകരിച്ചു. ആ പുസ്തകം വായിച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾ ക്കൊക്കെ വലിയ വേദനയുണ്ടായി. എനിക്കും ദുഃഖമുണ്ടായി.

സുകുമാർ അഴീക്കോടിൽ നിന്ന് ഗുരുവിന്റെ ദുഃഖമല്ല ഉണ്ടാകേണ്ടത്, ഗുരുവിന്റെ സുഖം, ഗുരുവിന്റെ ആനന്ദം, അദ്ധ്യാത്മഭാവം വെളിപ്പെടുത്തിക്കൊണ്ടുള്ള ഗ്രന്ഥമാണ് ഉണ്ടാകേണ്ടതെന്ന് ആഗ്രഹിച്ചുകൊണ്ട് ചാലക്കുടിയിൽ താമസിച്ചുകൊണ്ടിരുന്ന അക്കാലത്ത് ഞാൻ അവിടെ നിന്നും തൃശൂരിലുള്ള മാഷിന്റെ വീട്ടിൽ പോയി. കുറേനേരം ചർച്ച ചെയ്തു. എന്നിട്ട് പറഞ്ഞു, അങ്ങ് ഗുരുദേവനെക്കുറിച്ച് ഒരു പുസ്തകം എഴുതണം. മലയാളഭാഷയിൽ ഏറ്റവും കൂടുതൽ പുസ്തകം ഗുരുവിനെക്കുറിച്ചാണ്. എത്രയോ ജീവിത ചരിത്രഗ്രന്ഥങ്ങൾ ഉണ്ട്. ഗുരുദേവനെക്കുറിച്ച് നല്ലൊരു പുസ്തകം എഴുതണമെന്നു പറഞ്ഞു.


പത്തുപന്ത്രണ്ടുവർഷം മുമ്പ് ഞാൻ അമേരിക്കയിൽ ഹൂസ്റ്റണിലെ ഒരു യൂണിവേഴ്സിറ്റി സന്ദർശിക്കുകയുണ്ടായി. അതിന്റെ ചുമതല വഹിച്ചിരുന്ന ഒരു പ്രൊഫസർ. അദ്ദേഹം സായിപ്പ് ആയിരുന്നുവെങ്കിലും അദ്ദേഹത്തിന് മലയാളം നന്നായി അറിയാം. ഏഷ്യൻ ഭാഷയുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയാണ് അദ്ദേഹത്തിന്. അതിൽ സംസ്കൃതമുണ്ട്. ഹിന്ദി ഉണ്ട്. തമിഴുണ്ട്, മലയാളമുണ്ട്. മുകുന്ദന്റെ വിലാപങ്ങൾ ഒക്കെ അദ്ദേഹം തർജ്ജമ ചെയ്തിട്ടുണ്ട്. ഗുരുവിനെക്കുറിച്ച് ശരിയായ ഒരു പുസ്തകം ഉണ്ടായിട്ടില്ല എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. നടരാജഗുരുവിന്റെ 'വേർഡ് ഓഫ് ഗുരു'വിനെക്കുറിച്ചു പറഞ്ഞു. അതിൽ ശ്രീനാരായണഗുരുവിലെ ദാർശനികനെയാണ് നടരാജഗുരു അവതരിപ്പിച്ചത് എന്നദ്ദേഹം. സാനുമാഷിന്റെ 'നാരായണഗുരുസ്വാമി' എന്ന പുസ്തകത്തെക്കുറിച്ചു പറഞ്ഞു. അതിൽ ശ്രീനാരായണഗുരുവിന്റെ സാമൂഹിക പരിഷ്കരണമാണ് ഉള്ളതെന്നു പറഞ്ഞു. ശ്രീനാരായണഗുരുവിന്റെ ആദ്യത്തെ ജീവചരിത്രം എഴുതിയത് മൂർക്കോത്തു കുമാരനാണ്. മൂർക്കോത്തു കുമാരന്റെ നാരായണഗുരുവിന്റെ പുസ്തകത്തെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, ശ്രീനാരായണഗുരുവിന്റെ അദ്ഭുതസിദ്ധികളെക്കുറിച്ചാണ് അതിൽ പറഞ്ഞിരിക്കുന്നതെന്ന്. അങ്ങനെ ഓരോ പുസ്തകത്തെക്കുറിച്ചു പറഞ്ഞപ്പോഴും ആ പുസ്തകമെല്ലാം അദ്ദേഹം വായിച്ചിട്ടുണ്ടെന്നു മനസ്സിലായി.

ഇതെല്ലാം വായിച്ച അറിവ് അങ്ങേയ്ക്ക് ഉണ്ടല്ലോ, ഗുരുവിനെക്കുറിച്ച് എഴുതിക്കൂടേ എന്നു പറഞ്ഞു. എഴുതണമെന്ന് ആഗ്രഹമുണ്ട് എന്നു പറഞ്ഞു. ഗുരുവിനെക്കുറിച്ച് ശരിയായ പുസ്തകം എഴുതപ്പെട്ടിട്ടില്ല എന്ന കാഴ്ചപ്പാട് എനിക്കുണ്ട്. അതു നിറവേറ്റുന്നതിനായി ഞാൻ നിത്യചൈതന്യയതിയെ സമീപിച്ചു പല പ്രാവശ്യം അദ്ദേഹത്തോടു പറഞ്ഞു. ആദ്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു കെ. സുരേന്ദ്രൻ എഴുതുന്നുണ്ടല്ലോ. 'ഗുരു' എന്ന നോവൽ കലാകൗമുദിയിൽ പ്രസിദ്ധീകരിക്കുന്ന കാലമാണ്. അത് നോവലല്ലേ. ഗുരു നിത്യചൈതന്യ യതി മൗനത്തിലായി. പിന്നീട് ഒരു സന്ദർഭത്തിൽ പറഞ്ഞപ്പോൾ നാൻസി എഴുതുന്നുണ്ടെന്നു പറഞ്ഞു. ശിഷ്യയാണ്. നാൻസിക്ക് ഗുരുവിന്റെ ദർശനത്തെ ആഴത്തിൽ പഠിക്കാനുള്ള സന്ദർഭം ഉണ്ടായിട്ടുണ്ടോ എന്നു ➲9



ചീഫ് എഡിറ്റർ **ഡോ.എം.വി.നടേശ**ന്റെ മുഖമൊഴി

# മുറിവില്ലാത്ത അറിവ് നേടിയ പരിവ്രാജകൻ



മികച്ച റഫറൻസ് ഗ്രന്ഥം.
ക്രൗൺ ഏ ഫോർ . **864 പേജുകൾ**
മുഖവില **2000 രൂപ**

**സ**ത്യധർമ്മങ്ങൾ മുറിവേറ്റു കേഴുമ്പോൾ ശാശ്വതമായ സാന്ത്വനത്തിന് തത്ത്വമസിയുടെ വിത്ത് വിതക്കാൻ പിറവിയെടുക്കുന്ന അപൂർവൈദ്യന്മാരാണ് ഗുരുക്കന്മാർ. അവരുടെ ഉപദേശസാരത്തെ;

*സത്യം ജയിക്കുന്നു ധർമ്മം ജയിക്കുന്നു സർവഥാ*
*അസത്യവും ജയിക്കുന്നില്ലധർമ്മവും ഒരിക്കലും*

എന്നാണ് കേരളീയ നവോത്ഥാനത്തിന് നേർരേഖ വരച്ച ശ്രീനാരായണഗുരുദേവൻ (1856-1928) കുറിച്ചത്.

ബ്രഹ്മവിദ്യയെ പുനരീക്ഷണം ചെയ്ത് മൂല്യവർദ്ധിതമായി പ്രതിഷ്ഠിക്കാൻ നാരായണഗുരുകുലം 1923ൽ സ്ഥാപിച്ച ഗുരുദേവശിഷ്യനാണ് നടരാജഗുരു (1895-1973).

പാശ്ചാത്യ പൗരസ്ത്യദേശങ്ങളിൽ സ്ഥാപിച്ച നാരായണ ഗുരുകുലങ്ങളിലൂടെ വിജ്ഞാനവിനിമയം നടത്തുന്നതിന് നടരാജഗുരുവിന്റെ പിൻഗാമിയായി വന്ന ധിഷണാശാലിയാണ് ഗുരു നിത്യചൈതന്യയതി (1924-1999). തത്ത്വചിന്ത, മനശാസ്ത്രം, രാഷ്ട്രമീമാംസ, സിനിമ, സാഹിത്യം, നാടകം, സംഗീതം, ചിത്രകല, ശില്പകല തുടങ്ങി മാനവവ്യവഹാരത്തിന്റെ ഏതാണ്ടെല്ലാ മേഖലകളെയും സ്പർശിക്കുന്ന യതിയുടെ അറിവിന്റെ ലോകം വിസ്മയകരമാണ്.

അവയെ സംബന്ധിച്ച് എഴുതാൻ കഴിയുന്ന പലതും അദ്ദേഹം ഗ്രന്ഥരൂപത്തിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കാലികമായ വിഷയങ്ങൾ അധികരിച്ച് പലപ്പോഴായി നിരവധി ലേഖനങ്ങൾ ആനുകാലികങ്ങളിലും എഴുതിയിട്ടുണ്ട്. ഇതുപോലെ ഒട്ടേറെ എഴുത്തുകാരുടെ കൃതികൾക്ക് അവതാരികകൾ തയ്യാറാക്കി കൊടുത്തതിലെ വ്യത്യസ്തമായ വിഷയങ്ങളിലെ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ വൈജ്ഞാനികരംഗത്തിന് വലിയ മുതൽക്കൂട്ടാണ്. നിത്യസഞ്ചാരിയായിരുന്ന അദ്ദേഹം ദൂരെയിരിക്കുന്ന ഗുരുകുലബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും പലപ്പോഴായി എഴുതിയ കത്തുകൾ, അവയോരോന്നും ലഭിച്ചവർക്ക് സ്നേഹവും സൗഹൃദവും വാത്സല്യവും തൊട്ടുണർത്തുന്ന അനുഭവങ്ങളാണ്. ഓരോരുത്തരുടെയും ജീവിതത്തെ ധന്യമാക്കുന്നതിനുള്ള ഉപദേശവും അനുഗ്രഹവചസ്സുകളുമായിരുന്നു പലതിന്റേയും ഉള്ളടക്കം. ഇനിയും പിറവിയെടുക്കുമെന്ന വിശ്വാസത്തോടെ കുട്ടികൾ പുസ്തകത്തിന്റെ താളുകൾക്കിടയിൽ മയിൽപ്പീലികൾ സൂക്ഷിച്ചുവെക്കാറുണ്ട്. അതുപോലെ സ്നേഹത്തിന്റെ മഞ്ഞുതുള്ളിപോലെ ഹൃദയത്തിൽ സൂക്ഷിക്കുന്ന കത്തുകളാണവ. വിലയിടാനാവാത്തതും വ്യാഖ്യാനങ്ങൾ ആവശ്യമില്ലാത്തതുമായ കത്തിലെ അക്ഷരങ്ങൾ പലർക്കും ജീവിതത്തിലെ പിടിവള്ളിയാണ്. ഇതുപോലെയാണ് കൂടെ നടന്നവരുടെ വിവരിക്കാൻ കഴിയാത്ത കൊച്ചുകൊച്ചനുഭവങ്ങൾ. അവരെ അദ്ദേഹം കൂടെക്കൂട്ടി പലതും പഠിപ്പിച്ചു. ദിനപത്രങ്ങളുടെ താളുകൾ നോക്കിയല്ല ലോകത്തെ അറിയേണ്ടത്. 'ഉദിച്ചുവരുന്ന സൂര്യനെയും കളകൂജനം ചെയ്യുന്ന പക്ഷികളെയും പൂത്തുമറിഞ്ഞ് കിടക്കുന്ന വല്ലരികളേയും നോക്കണം. എന്നിട്ട് ഞാൻ ഈ പരിധിയില്ലാത്ത ലോകത്തിലെ അറുതിയില്ലാത്ത സ്വാതന്ത്ര്യം അനുഭവിക്കുന്ന പരമഭാഗ്യവാനാണെന്ന് അറിയണം'. പ്രകൃതിപാഠം പകർന്നു നൽകുന്ന സ്നേഹഗായകനായ ആചാര്യനാണ് അവർക്ക് നിത്യഗുരു. ചുരുക്കത്തിൽ വിവരണങ്ങൾക്ക് അതീതമാണ് ഗുരുനിത്യയുടെ അറിവിന്റെയും അനുഭവത്തിന്റെയും ലോകം. അത് അറിഞ്ഞവരുടെ കാലത്തോടെ മറഞ്ഞുപോകരുത്. കാരണം നാളെ വരാനിരിക്കുന്ന പലർക്കുമത് ജീവിതത്തിൽ മുന്നേറാൻ സഹായിക്കുന്ന ഒന്നായിരിക്കും.



ഈ ഉദ്ദേശത്തോടെയാണ് കൂടെ സഞ്ചരിച്ചവരുടെ അനുഭവങ്ങളും, കൃതികൾ പഠിച്ചവരുടെ അഭിപ്രായങ്ങളും ലേഖനരൂപത്തിൽ സമാഹരിച്ച് യതിജ്ഞാനസരണി എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം. ഇതിന്റെ പിന്നിൽ വലിയ സംഘടനയോ പ്രസാധകരോ ഇല്ല. ഗുരുനിത്യയെ ഹൃദയത്തിൽ ആരാധിക്കുന്ന കുറച്ചുപേരുടെ കൂട്ടായ്മയിൽനിന്ന് ഉരുത്തിരിഞ്ഞ സംരംഭമാണ്. അതുകൊണ്ട് തീർച്ചയായും താങ്കൾ ഇത് വായിച്ച് വിലയിരുത്തണം. അഭിപ്രായങ്ങൾ പങ്കുവെയ്ക്കണം. അങ്ങനെയെങ്കിൽ ഇനിയുള്ള പതിപ്പുകൾ കൂടുതൽ മെച്ചപ്പെടുത്താനും, ബാക്കിയുള്ളവ പ്രസിദ്ധീകരിക്കാനും പ്രചോദനമാകും. അതിലൂടെ നിത്യതയുടെ വഴിത്താരയിൽ ജ്ഞാനവിനിമയത്തിൽ നമുക്ക് പങ്കാളികളാവാം എന്ന് മാത്രം സ്നേഹത്തോടെ സൂചിപ്പിക്കുന്നു.

പത്തനംതിട്ട ജില്ലയിലെ മുറിഞ്ഞകല്ല് എന്ന ഗ്രാമത്തിൽ നിന്നും മുറിവില്ലാത്ത അറിവ് തേടിയാണ് ജയചന്ദ്രൻ എന്ന അന്വേഷി ഭൂഖണ്ഡാന്തര യാത്രകൾ നടത്തിയത്. പുണ്യാത്മാക്കളെ കണ്ടും പുണ്യസങ്കേതങ്ങൾ സന്ദർശിച്ചുമുള്ള വിജ്ഞാനയാത്ര ആയിരുന്നു അവയോരോന്നും. ചിലവേറിയ ഈ യാത്രയ്ക്ക് കൈയിലുണ്ടായിരുന്നത് സമ്പന്നമായ ഒരു രാജ്യത്തിന്റെ അവകാശിയാണ് താൻ എന്ന വിലയേറിയ ബോധ്യമാണ്. പോയ ദേശങ്ങളിൽ നിന്നും സ്വീകരിച്ചതിനേക്കാൾ അങ്ങോട്ട് അധികം കൊടുക്കാനുള്ള വിഭവങ്ങൾ എന്റെ അവധിയില്ലാത്ത ഭണ്ഡാരത്തിൽ ഉണ്ടായിരുന്നു. അഭിമാനത്തോടെ അദ്ദേഹം കുറിച്ചു.

സ്വാമി വിവേകാനന്ദനും രമണമഹർഷിയും നാദബ്രഹ്മാനന്ദസ്വാമികളും നൽകിയ ആത്മീയതയുടെ വെള്ളിവെളിച്ചം കണ്ട് ആശ്ചര്യപ്പെട്ടാണ് നിത്യ ചൈതന്യയതി നടരാജഗുരുവിന്റെ സവിധത്തിൽ എത്തുന്നത്. ഗുരുവിന്റെ ശിക്ഷണത്തിൽ ശീലവിധേയമായ ലോകത്തെ തിരിച്ചിട്ട് അറിയാൻ അങ്ങനെയാണ് അദ്ദേഹം പഠിച്ചത്. ഇപ്രകാരം അറിഞ്ഞും അനുഭവിച്ചും കണ്ടും കേട്ടും വായിച്ചും അനുസ്മരിച്ചും അദ്ദേഹം തനതായൊരു ദാർശനിക സരണി മെനഞ്ഞെടുത്തു. ഏവർക്കും ആരാധ്യനായ ഗുരു നിത്യചൈതന്യയതി എന്ന പരിവ്രാജകൻ ഇങ്ങനെയാണ് രൂപപ്പെടുന്നത്.

ഒട്ടേറെ സവിശേഷതയുള്ള നിത്യഗുരുവിന്റെ വിജ്ഞാനലോകത്തെ വിലയിരുത്താൻ ഒന്നോ രണ്ടോ ആളുകൾക്ക് കഴിയില്ല. പക്ഷേ അനുഭവിച്ചവർക്കും അറിഞ്ഞവർക്കും ഇക്കാര്യത്തിൽ ചില സൂചനകൾ നൽകാൻ കഴിയും എന്നതിൽ സംശയമില്ല. ഈ ഒരു കാഴ്ചപ്പാടിലാണ് വ്യത്യസ്തമായ സൂചനകൾ നൽകുന്ന 150ൽ അധികം പേരുടെ ലേഖനങ്ങൾ ഉൾപ്പെടുത്തി ഈ ദൗത്യത്തിനു ശ്രമിച്ചത്. ഇതിലേക്ക് ലേഖനങ്ങൾ തന്ന് സഹകരിച്ച ഓരോരുത്തരോടും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. അതിനുവേണ്ടി പ്രവർത്തിച്ചവരിൽ എടുത്തുപറയേണ്ട വ്യക്തിയാണ് പി.ആർ.ശ്രീകുമാർ. നടരാജഗുരുവിന്റെയും നിത്യചൈതന്യയതിയുടെയും നിരവധി പുസ്തകങ്ങൾ പ്രകാശനം ചെയ്ത് അനുഭവമുള്ള അദ്ദേഹത്തിന്റെ നിതാന്തമായ ജാഗ്രതയും പരിശ്രമവുമാണ് ഇത്രയും ലേഖകന്മാരെ കണ്ടെത്താനും ലേഖനങ്ങൾ സമാഹരിക്കാനും കഴിഞ്ഞത്. വിജ്ഞാന വിനിമയത്തെ അലങ്കാരവും ആവേശവുമായി കണക്കാക്കുന്ന കാലടി എസ്.എൻ.ഡി.പി ലൈബ്രറിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അതിനു പിന്നിൽ പ്രവർത്തിച്ചവരിൽ പ്രധാനിയാണ് കാലടി എസ്. മുരളീധരൻ. ഹൃദ്യമായ കയ്യെഴുത്തിലൂടെയും മനോഹരമായ സംവിധാനത്തിലൂടെയും ഈ ഗ്രന്ഥത്തിന് മാറ്റ് കൂട്ടിയത് ജയപ്രകാശ് ഒക്കലാണ്. ഇവരെയെല്ലാം കൂട്ടിയിണക്കി സംയോജനം ചെയ്തത് ജയരാജ് ഭാരതി അവർകളാണ്. ഡോ.ബി.പാർവതി, ഡോ.സവിത നാരായണൻ, മനുപ്രകാശ് എന്നിവരാണ് പ്രൂഫ് നോക്കുന്നതിന് ഏറെ സഹായിച്ചത്. ഭംഗിയായി അച്ചടിജോലികൾ നിർവ്വഹിച്ചു തന്നത് ചാലക്കുടി നിർമ്മല പ്രസ്സിലെ നല്ല പ്രവർത്തകരാണ്. കൂടാതെ രാധാ മുരളീധരൻ, മംഗലഭാരതിയിലെ ലീലാമണി, ഐവർകാല രവികുമാർ, അഡ്വ. ആയിഷ ഫൗസിക്, ഇജാസ് എം.പി എന്നിവരും സഹായഹസ്തം നീട്ടി. ചിത്രമെഴുതി ഒപ്പം ചേർന്ന ശ്രീരാമകൃഷ്ണാശ്രമത്തിലെ യതിവര്യൻ സ്വാമി നന്ദാത്മജാനന്ദ, പ്രമോദ് കുരമ്പാല, ശശി മേമുറി തുടങ്ങിയ വ്യക്തിത്വങ്ങൾ ഈശ്വരന്റെ കൈയൊപ്പു പതിഞ്ഞവരാണ്. ഇവരോടെല്ലാമുള്ള കൃതജ്ഞത വാക്കുകൾക്കതീതമാണ്.

## യതി ജ്ഞാനസരണി ജന്മശതാബ്ദി സ്മരണിക

ഗുരു നിത്യചൈതന്യ യതിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് കാലടി എസ്. എൻ.ഡി.പി ലൈബ്രറി ബുധ സംഗമം ബുക്സ് പ്രസിദ്ധീകരിച്ച ബൃഹദ് ഗ്രന്ഥമാണ് യതി ജ്ഞാനസരണി.

നിത്യ ഗുരുവിന്റെ ജീവിതവും ദർശനവും കൃതികളും ആധികാരികമായി ഇതിൽ വിലയിരുത്തുന്നു.

നിത്യ ഗുരു വഴിയും വെളിച്ചവുമായി ജീവിതത്തിലേക്കു കടന്നുവന്നു എന്ന് വിശ്വസിക്കുന്ന നൂറ്റിയമ്പതിലകം പേർ തങ്ങളുടെ ഓർമകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നു. ഏറെ പേരും ശിഷ്യരും അനുഗാമികളുമാണ്.

ഡോ.എം.വി. നടേശൻ (ചീഫ് എഡിറ്റർ), പി.ആർ. ശ്രീകുമാർ, ജയരാജ് ഭാരതി,

ജയപ്രകാശ് ഒക്കൽ, കാലടി എസ്. മുരളീധരൻ (എഡിറ്റേഴ്സ്) എന്നിവരുടെ ത്യാഗ പൂർണ്ണമായ പ്രയത്നം സഫലം.

കവർചിത്രം ചമച്ചത് സ്വാമി നന്ദാത്മജാനന്ദയാണ്.

ചിത്രങ്ങളാൽ താളുകളെ ഹൃദ്യമാക്കിയത് ചിത്രകാരന്മാരായ ശശി മേമുറി, പ്രമോദ് കുരമ്പാല, അമ്പാടിക്കണ്ണൻ, ജിനിൽ മണികണ്ഠൻ എന്നിവരാണ്.

അഞ്ചു ഭാഗങ്ങളിലായി വിഷയത്തെ ക്രമപ്പെടുത്തിയിരിക്കുന്നു.

ഒന്നാം ഭാഗത്ത് ജീവിതവും കൃതികളും.

രണ്ടാം ഭാഗം 18 സ്മരണകളാണ്.

മൂന്നാം ഭാഗം ദർശനത്തെ അവതരിപ്പിക്കുന്ന 20 വിലയിരുത്തലുകൾ.

നാലാം ഭാഗം കൃതികളുടെ പഠനങ്ങളാണ്. 81 പേർ കൃതികളെ സൂക്ഷ്മ തലത്തിൽ വിലയിരുന്നു.

കൂടാതെ ആമുഖവും ആശംസകളും അനുബന്ധങ്ങളും.

ലേഖക പരിചയം, സഹായ ഗ്രന്ഥങ്ങൾ, ഫോട്ടോ സൂചി, ചിത്ര സൂചി, നിത്യ സൂക്ത ങ്ങൾ, സൂക്തി സൂചി, പദ സൂചി എന്നിവ നിത്യ ഗുരുവിനെക്കുറിച്ചുള്ള പഠനത്തിന് ഏറെ സഹായകരം.

നിത്യ ഗുരുവിന്റെ മലയാളത്തിലും ഇംഗ്ലീഷിലുമായി പ്രസിദ്ധീകരിച്ച 161 കൃതികളുടെ പേരുകൾ അകാരാദി ക്രമത്തിൽ നൽകിയിരിക്കുന്നു. ഗുരു കൃതികളിൽ ഡോക്ടറേറ്റു നേടിയവരെയും പരിചയപ്പെടുത്തുന്നു.

നിത്യ ഗുരുവിന് ഉചിതമായ ഉപഹാരമാണ് ഈ കൃതി.

മികച്ച റഫറൻസ് ഗ്രന്ഥം.
ക്രൗൺ ഏ ഫോർ . 864 പേജുകൾ
മുഖവില 2000 രൂപ
ഫോൺ: **+91 97458 35946 (കാലടി മുരളി)**



പുസ്തക പരിചയം

**ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ**
സമാഹരണം, സംശോധനം
**ഡോ.പോൾ മണലിൽ**
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല 7

ഡോ. പോൾ മണലിൽ

### ജഗന്മണാളൻ

**I**

ആകാശമണ്ഡലം അതിന്റെ അരികുപാളങ്ങളിൽ അരിമ്പൊൻകസവിടുന്നതായ പുലർകാലവേളയിൽ ഞാൻ വരണമാലയുമായി എന്റെ പ്രാണനായകനെ അന്വേഷിച്ചു. പ്രഭാതകാലത്തെ ഇളംകുളിർ വായുവിൽ അവന്റെ കനകരഥം കടന്നുപോയ മാർഗ്ഗംതേടി ഞാൻ രാജപാതയിലൂടെ മുന്നോട്ടു കുതിച്ചു.

അവന്റെ ചെങ്കൊടിക്കൂറകൾ പ്രാചീഭാഗത്തു പാറിപ്പറക്കുകയും അവിടത്തെ വെൺകൊറ്റക്കുട പൂർവ്വദിഗ്മണ്ഡലത്തിൽ നിറകതിർ ചിതറുമാറ് ഉയർന്നു പരിശോഭിക്കയും ചെയ്തു. ദിനദേവതാരത്നത്തിന്റെ കുരവധ്വനിയാൽ ദിഗ്മുഖം മുഴുവൻ മുഖരിതമായി.

അത് എന്റെ മണവാളന്റെ 'മാപ്പിളപ്പുറപ്പാടാ'യിരുന്നു. അവിടുന്നു തന്റെ പൊൻതൃക്കൈകളിൽ മന്ത്രകോടിയും വഹിച്ചു നക്ഷത്രഗോളങ്ങളെ പിന്നിട്ട് എന്റെ സമീപത്തേയ്ക്ക് എഴുന്നെള്ളി. പക്ഷെ അവിടുത്തെ എതിരേല്പാനുള്ള എന്റെ ശ്രമം കേവലം നിഷ്ഫലമായി കലാശിച്ചു. തിരുമേനി വന്നുചേരുവാൻ അല്പം താമസിക്കുമെന്നു കരുതി ഞാൻ നിദ്രാലസ്യത്തോടെ എന്റെ വീണക്കമ്പികൾ ശ്രുതി കൂടുവാൻ ശ്രമിച്ചു. അവിടുന്നാവട്ടെ, വാതിൽക്കലെത്തി സാവധാനം മുട്ടി; ഞാൻ ശ്രദ്ധിച്ചില്ല. എന്റെ പേർ മന്ദമായി ഉച്ചരിച്ചു; ഞാൻ പക്ഷെ കേട്ടില്ല.

**പട്ടണവാതിൽക്കൽ വെച്ചു നഗരത്തിലെ പുരോഹിതൻ എന്നെ കണ്ടുമുട്ടി. ആ സുഖാനുഭോഗിയായ ആചാര്യൻ, അവിടുന്നു സാന്നിദ്ധ്യം അരുളിയിരിക്കുന്നതു ദേവാലയത്തിലാണെന്നു കഥിച്ച് എന്നെ ബലാൽക്കാരമായി അവിടേയ്ക്ക് ആനയിച്ചു. പ്രവേശനദ്വാരത്തിൽവെച്ചുതന്നെ ആ മതാധികാരി വിവാഹനികുതി കൊടുപ്പാൻ എന്നെ നിർബന്ധിച്ചു.**

**എന്റെ ആത്മപ്രിയനെ വരിക്കുന്നതിൽ ഞാൻ എന്തൊരു നികുതി കൊടുപ്പാനാണ്. എന്റെ അരുമനാഥന്റെ കണ്ഠപ്രദേശത്തെ ആശ്ലേഷിക്കുന്നതിൽ ഞാൻ എതൊരു മനുഷ്യജീവിയോട് ഉത്തരവാദം ചെയ്വാനാണ്.**

**ഇരുളടഞ്ഞ് നിശ്ശബ്ദമായ ശ്രീകോവിലിനുള്ളിലേയ്ക്ക് അവിടത്തെ ദിവ്യരൂപം കാൺമാൻ എന്റെ കണ്ണുകൾ ഉഴറ്റോടെ ഉറ്റുനോക്കി. പക്ഷെ ആ നിത്യശൂന്യതയുടെ വിസ്തൃതസാമ്രാജ്യത്തിൽ സദാ ചിറകുവിരുത്തിപ്പറക്കുന്നതായ തൃഷ്ണയും ചൂഷണവുമല്ലാതെ മറ്റൊന്നും കാണ്മാൻ ഉണ്ടായിരുന്നില്ല.**

സമീപത്തുള്ള രാജസദനത്തിലെ അന്തർമ്മണിമന്ദിരങ്ങൾ അവിടത്തെ വിശ്രമസ്ഥാനമായിരിക്കുമെന്നു കരുതി ഞാൻ സംഭ്രാന്തചിത്തയായി അവിടേയ്ക്കു പാഞ്ഞു. ആ ഉത്തുംഗമണിമന്ദിരദ്വാരങ്ങളിൽ ഓരോന്നിലും ഞാൻ അവിടത്തെ പരിശുദ്ധനാമധേയം ഉച്ചത്തിൽ വിളിച്ചു.

'അല്ലയോ, കന്യകാരത്നമേ, രാജകുമാരൻ ഇവിടെയില്ല. അദ്ദേഹം നഗരമദ്ധ്യത്തിലെ ഇടുങ്ങിയ ഇടവഴികളിലൂടെ തന്റെ സുവർണ്ണരഥം തെളിച്ചു കടന്നുപോയിരിക്കുന്നു'വെന്ന് ആ രാമഗായകനായ ആൺകോകിലം എനിക്കു കാഹളനിർദ്ദേശം ചെയ്തു. ഞാനോ നിരാശപരവശയായി ചുറ്റും നോക്കി.

എന്റെ രാജകുമാരൻ നഗരമദ്ധ്യത്തിലെ ദുർഗ്ഗന്ധപൂരിതമായ ഇടവഴികളിലൂടെ സഞ്ചരിക്കയോ എന്ന് ഞാൻ അത്ഭുതഗ്രസ്തയായി എന്നോടു തന്നെ ചോദിച്ചു. അവിടത്തെ തേർപ്പൊൻചക്രങ്ങൾ ആ മാലിന്യമേലുന്ന കുപ്പക്കുന്നുകളിലൂടെ കടന്നുപോകയെന്നത് എനിക്ക് ഏറ്റവും അസഹ്യമായിത്തോന്നി.

നഗരത്തിന്റെ ആ വൃത്തികെട്ട ഭാഗങ്ങളിലേയ്ക്കു ഞാൻ എങ്ങിനെ എന്റെ കാലടികൾ വെയ്ക്കും. ആ ദുഷിച്ചുറഞ്ഞ മലിനവായുവിലൂടെ ഞാൻ എന്റെ വരണമാല്യവുമായി എന്റെ പ്രാണപ്രിയന്റെ തിരുസന്നിധിയിലേയ്ക്ക് എങ്ങനെ കടന്നുചെല്ലും.

പട്ടണവാതിൽക്കൽ വെച്ചു നഗരത്തിലെ പുരോഹിതൻ എന്നെ കണ്ടുമുട്ടി. ആ സുഖാനുഭോഗിയായ ആചാര്യൻ, അവിടുന്നു സാന്നിദ്ധ്യം അരുളിയിരിക്കുന്നതു ദേവാലയത്തിലാണെന്നു കഥിച്ച് എന്നെ ബലാൽക്കാരമായി അവിടേയ്ക്ക് ആനയിച്ചു. പ്രവേശനദ്വാരത്തിൽവെച്ചുതന്നെ ആ മതാധികാരി വിവാഹനികുതി കൊടുപ്പാൻ എന്നെ നിർബന്ധിച്ചു.

എന്റെ ആത്മപ്രിയനെ വരിക്കുന്നതിൽ ഞാൻ എന്തൊരു നികുതി കൊടുപ്പാനാണ്. എന്റെ അരുമനാഥന്റെ കണ്ഠപ്രദേശത്തെ ആശ്ലേഷിക്കുന്നതിൽ ഞാൻ എതൊരു മനുഷ്യജീവിയോട് ഉത്തരവാദം ചെയ്വാനാണ്.

ഇരുളടഞ്ഞ് നിശ്ശബ്ദമായ ശ്രീകോവിലിനുള്ളിലേയ്ക്ക് അവിടത്തെ ദിവ്യരൂപം കാൺമാൻ എന്റെ കണ്ണുകൾ ഉഴറ്റോടെ ഉറ്റുനോക്കി. പക്ഷെ ആ നിത്യശൂന്യതയുടെ വിസ്തൃതസാമ്രാജ്യത്തിൽ സദാ ചിറകുവിരുത്തിപ്പറക്കുന്നതായ തൃഷ്ണയും ചൂഷണവുമല്ലാതെ മറ്റൊന്നും കാണ്മാൻ ഉണ്ടായിരുന്നില്ല.

ആ നിഷ്ക്കണ്ടകനായ പുരോഹിതൻ ദേവലായത്തിനുള്ളിൽവെച്ച് എന്റെ മൂടുപടം വലിച്ചുനീക്കി വിവാഹനികുതിക്കായി എന്റെ രത്നാംഗുലീയം ഊരിയെടുത്ത് എന്നെ പുറത്തേക്കു തള്ളി.

എന്റെ നാഥാ, അങ്ങയുടെ പ്രേമാംഗുലീയം ഇല്ലാതെ ഞാൻ ഭവത്സന്നിധിയെ എങ്ങനെ സമീപിക്കുന്നു. തൃക്കൈകൊണ്ടുതന്നെ അടിയനെ അത്യാദരപൂർവം അണിയിച്ചതായ ഈ സുവർണ്ണമുദ്രാംഗുലീയമല്ലാതെ മറ്റെന്തൊരു പ്രേമചിഹ്നത്തെ ഞാൻ തിരുമുമ്പിൽ ഉപഹാരീകരിക്കേണ്ടൂ.

അഹോ! ശരച്ചന്ദ്രകിരണങ്ങൾ അങ്ങേ പൂഞ്ചേവടിയെ പുതുചന്ദനച്ചാറിൽ അഭിഷേകം ചെയ്കയും, ചെന്താമരപ്പൂക്കൾ അങ്ങേയ്ക്കു പരവതാനി വിരിക്കയും, നക്ഷത്രഗോളങ്ങൾ തിരുമൗലിയിൽ വജ്രരത്നം അമുഴ്ത്തുകയും ചെയ്യുമ്പോൾ എന്റെ പ്രാണപ്രിയനായുള്ളോവെ, ഈ നഗ്നമായ കൈയ്ക്കുമ്പിളിൽ വരണമാല്യവുമായി തിരുമുമ്പിൽ പ്രവേശിപ്പാൻ ഞാൻ എങ്ങനെ ധൈര്യപ്പെടുന്നു.

**II**

എന്റെ രാജകുമാരന്റെ രഥയാത്രയെ ലക്ഷ്യപ്പെടുത്തുന്നതായ തേരുരുൾപ്പാടുകളെ പിന്തുടർന്നു ഞാൻ മുന്നോട്ടേയ്ക്കു പോയി. കായൽത്തീരത്തെ തെങ്ങിൻ തോപ്പിന്നിടയിലായി ഒരു വൃത്തികെട്ട ചെറ്റക്കുടിലിന്റെ പാർശ്വതലത്തിൽ അവിടുന്ന് ഒരു ഏഴ സ്ത്രീയോടുകൂടി റാട്ടിൻ ചുവട്ടിൽ പൊച്ചം പിരിക്കുന്നതായിക്കണ്ടു ഞാൻ അത്ഭുതപ്പെട്ടു. അവിടുന്നു ചകിരിപ്പണി നൂൽക്കുകയും, റാട്ടു കറക്കുകയും ചെയ്തു.

ഹാ! എന്റെ മണവാളൻ ഒരു ചെറ്റക്കുടിലിലെ, പീറപ്പെണ്ണിനെ ഇത്രയധികം മാനിപ്പാൻ എന്തുള്ളു. വിശ്വചൈതന്യത്തിൽ സദാ ഉഷ്മളത കലർത്തുന്നതായ സ്വന്തം തങ്കമുരളിയിൽ ദിവ്യരാഗകളകളം ചിന്തുന്ന മൃദുലപേലവമായ അവിടത്തെ തൃക്കൈ വിരലുകൾക്ക് ഈ പരുപരുത്ത ചകിരിപ്പിണികളിൽ സ്പർശിപ്പാൻ എങ്ങനെ തിരുമനസ്സുണ്ടായി.

ഒരു വേലക്കാരിപ്പെണ്ണിനെ ഇത്രയധികം ഉള്ളഴിഞ്ഞു മാനിപ്പാൻ, കർത്തവ്യാനുഷ്ഠാനത്തിൽ സ്ഥിതി വ്യത്യാസത്തെ തുച്ഛീകരിക്കുന്ന എന്റെ മഹാരാജാവേ, എന്നുച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രാണനാഥന്റെ സമീപത്തെത്തുമ്പോഴേയ്ക്ക് ആ വിശ്വമോഹനൻ തന്റെ രഥചക്രം പായിച്ച് എവിടേയ്ക്കോ പൊയ്ക്കഴിഞ്ഞു.

'വധൂരത്നമെ, മുന്നോട്ടു പോവുക. നിന്റെ നാഥൻ വയലിലും തുറമുഖത്തും ആതുരശാലയിലുമായി പകൽ കഴിച്ചുകൂട്ടുന്നു'വെന്ന് ഓലത്തുഞ്ചാണികളുടെ ഇടയിലൂടെ മന്ദമാരുതൻ മൃദുലസ്വരത്തിൽ ഒരു സമാശ്വാസ ഗാനം പാടി. ഞാൻ വിഷാദവിവശയായി ആ തേരുരുൾപ്പാടുകളെ പിന്തുടർന്ന് ഒരു വയൽക്കരയിലായി ചെന്നെത്തി.

ദിനകരരശ്മികൾ അതികഠോരതരമായിത്തീർന്നു. പക്ഷേ കൊടുവെയിലിൽ നഗ്നശിരസ്കനായി കലപ്പയിൽ കൈചേർത്ത് തെളിപ്പാട്ടും പാടി നിലം ഉഴുന്ന ഒരു പാവപ്പെട്ട കൂലിവേലക്കാരനല്ലാതെ ആ വിസ്താരമേറിയ വയൽപ്രദേശത്തിന്റെ ഏകാന്തതയെ ഭഞ്ജിപ്പാൻ അവിടെ മറ്റാരും തന്നെ ഉണ്ടായിരുന്നില്ല, അവന്റെ ശരീരം ആസകലം ചേറുനിറഞ്ഞു വികൃതമായും അരയിൽ ചേർത്തിരുന്ന ചെറുമുണ്ടു ചെളിക്കുഴമ്പാൽ കറുത്തുമലിനമായും ഇരുന്നു. അവന്റെ നെറ്റിത്തടത്തിൽ നിന്നു വിയർപ്പുവെള്ളം ചാലുവെച്ച് ഒഴുകി. ആയാസകാഠിന്യത്താൽ കിതച്ചു തളർന്ന സ്വന്തം മാർവിടത്തെ അവൻ ഉഷ്ണശാന്തിക്കായി ഊതിത്തണുപ്പിപ്പാൻ വൃഥാ ശ്രമിക്കയും ചെയ്തു.

ഞാൻ അത്യുൽക്കണ്ഠയോടെ ചോദിച്ചു:- 'മനുഷ്യാ നിന്റെ പേര് എന്താണ്. നീ ഇവിടെത്തന്നെ ആയിരുന്നുവെങ്കിൽ എന്റെ രാജകുമാരന്റെ കനകരഥം എവിടേയ്ക്കു കടന്നുപോയി. അല്ലെങ്കിൽ അദ്ദേഹം ഏതൊരു സ്ഥാനത്തു വിശ്രമിക്കുന്നുവെന്നു പറയുകതന്നെ.'

ആ നിരക്ഷരകുക്ഷി പ്രതിവചിച്ചു:- 'തമ്പുരാട്ടി, അന്തമില്ലാത്ത ആകാശത്തിന്റെ ചുവട്ടിൽ എന്റെ പേർ എപ്പോഴും വേലക്കാരൻ എന്നുതന്നെയാണ്. ഞാൻ എളിയവനും എല്ലായ്പ്പോഴും എളിയവരോടുകൂടി ജീവിക്കുന്നുവനുമത്രെ. ഞാൻ ഉഴുതുന്നു. ഉറക്കമില്ലാതെ രാ മുഴുവൻ ചക്രംചവിട്ടുന്നു. ഞാൻ കാലി മേയ്ക്കുന്നു. കട്ട ഉടയ്ക്കുന്നു. മഞ്ഞേറ്റു വിതയ്ക്കുന്നു. ചുടുവെയിലേറ്റു കൊയ്യുന്നു. ഞാൻ സദാ വിയർപ്പുനീരിൽ മുങ്ങിത്താഴുന്നു. കനകരഥത്തിലല്ല, എന്റെ കാലുകൾ ചേർനിലത്തിലും, ചമ്മട്ടിയിലല്ല, എന്റെ കൈകൾമൺവെട്ടിയിലും വിശ്രമിക്കുന്നു. ഞാൻ എപ്പോഴും വേലയെ മാനിക്കുന്നു. അവിടുന്ന് അന്വേഷിക്കുന്ന രാജകുമാരൻ ഏഴയും പാഴനുമാവുന്ന ഒരു കൂലിവേലക്കാരനാണെങ്കിൽ അതു ഞാൻ തന്നെയാണ്. എന്റെ വിശ്രമസ്ഥലവും ഇതുതന്നെ.'

ഞാൻ ഉഗ്രകോപത്തോടെ അവനെ തുറിച്ചുനോക്കി. വേലക്കാരനോ പൊട്ടിച്ചിരിച്ചുകൊണ്ട് തെളിപ്പാട്ടും മൂളി കലപ്പയുടെ പിന്നാലെ നടകൊണ്ടു. എന്റെ കാലടികൾ അതിവേഗത്തിൽ തുറമുഖത്തേയ്ക്കു പാഞ്ഞു. അവിടെ കപ്പലിൽ നിന്നു തുറമുഖപ്പണ്ടികശാലയിലേയ്ക്കു ചരക്ക് ഇറക്കുന്ന പാവപ്പെട്ട ചുമട്ടുകാരുടെ സങ്കേതത്തിനടുത്തായി എന്റെ ജീവനാഥന്റെ പൊൺമണിത്തേർ വിശ്രമിച്ചിരുന്നു. ഞാൻ ആഹ്ലാദകുതുകിനിയായി അതിന്റെ സമീപത്തേയ്ക്കു പാഞ്ഞെത്തി. പക്ഷെ എന്റെ അരുമ വല്ലഭനെ അതിൽ കാണ്മാനുണ്ടായിരുന്നില്ല. കടൽപ്പുറത്തെ ചുട്ടുപഴുത്തു തീജ്വാലവമിക്കുന്ന ചൊരിമണൽപ്പരപ്പിലൂടെ ചുമട്ടുകാർ ഭാരമേന്തി ഓരോരുത്തരായി പണ്ടികശാലയിലേയ്ക്കു പോകയും, ദുർഭരഭാരത്താൽ ചുമടുകൾ തലമാറുകയും ചെയ്തിരുന്നു. അതികഠിനമായ ഭാരച്ചുമടുകൾക്കിടയിൽ അവരുടെ കഴുത്തുകൾ വല്ലാതെ ഞെരിഞ്ഞമരുകയും തോൾപ്പലകകൾ വിറകൊള്ളുകയും, തണ്ടെല്ലുകൾ കഠിനസമ്മർദ്ദത്താൽ വളഞ്ഞു തളരുകയും ചെയ്തു. മുന്നോട്ടേക്കുള്ള ഓരോ കാൽവെയ്പ്പിലും അവരുടെ വരണ്ടു കരിഞ്ഞ ചുണ്ടുകളിൽനിന്ന്, ഹൃദയമഥനം ചുടുവീർപ്പോടെ പുറത്തേയ്ക്കു തള്ളുന്നതായ

## നൂറു വർഷം മുമ്പ്

ജൂൺ 02

തിരുവിതാംകൂറിലെ പത്രപ്രവർത്തകർ തിരുവനന്തപുരത്തെ പ്രസ്സ് റഗുലേഷൻ ആക്ടിൽ പ്രതിഷേധിക്കാൻ യോഗം ചേർന്നു.

ജൂൺ 11

വൈക്കം ക്ഷേത്രത്തിന് വടക്കു വശത്തുള്ള ആൺപള്ളിക്കൂടത്തിലും പെൺപള്ളിക്കൂടത്തിലും എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിച്ചു.

ജൂൺ 14

മലബാറിലെ തറവാടുകളിൽ വോട്ടവകാശത്തിന് അർഹയായ സ്ത്രീ വോട്ടധികാരത്തെ വിനിയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ ആ സംഗതി കാണിച്ച് തന്റെ തറവാട്ടിലെ ഏതെങ്കിലും ഒരു പുരുഷനെ വോട്ടറായി രജിസ്റ്റർ ചെയ്യുവാൻ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്ന അധികാരത്തോട് രേഖാമൂലം ആവശ്യപ്പെട്ടാൽ അതനുസരിച്ച് ആ പുരുഷനെ വോട്ടറായി രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്ന ഭേദഗതി ഇന്ത്യൻ സർക്കാർ സെക്രട്ടറിയുടെ അനുമതിയോടു കൂടി തെരഞ്ഞെടുപ്പു ചട്ടങ്ങളിൽ മാറ്റം വരുത്തി.

ജൂൺ 15

തിരുവിതാംകൂർ പത്ര റഗുലഷനിൽ പ്രതിഷേധിക്കാൻ മൈസൂരിലെ പത്രപ്രവർത്തകർ മൈസൂർ പത്രമോപ്പീസിനു സമീപം യോഗം ചേർന്നു.

ജൂൺ 23

പണ്ടാലയുടെ മലയാളം ചുരുക്കെഴുത്ത് സമ്പ്രദായത്തിലുള്ള അക്ഷരങ്ങൾ സർക്കാർ അച്ചുകൂടത്തിൽ വാർത്തു കൊടുക്കുവാൻ തിരുവിതാംകൂർ സർക്കാർ അനുവദിച്ചു.



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

ആയാസസീൽക്കാരങ്ങൾ ഓരോന്നും കല്ലോലിനികളുടെ സഹതാപഗാനത്തിൽ മാത്രം ലയിച്ചിരുന്നു.

കഠോരഭാരത്താൽ ശിരസ്സു ചുട്ടും മുതുകു പൊട്ടിയും താങ്ങിയും തലമാറിയും തളർന്നലഞ്ഞ ഒരു പാവപ്പെട്ട ചുമട്ടുകാരൻ അല്പമൊന്നു തലചായിച്ചു വിയർപ്പാറ്റുന്നതിനായി സങ്കേതത്തിനടുത്തുള്ള ഒരു വൃക്ഷത്തണലിലേയ്ക്ക് അതിഖിന്നനായി വന്നണഞ്ഞു.

ആ അപരിചിതന്റെ സമീപത്തെത്തി ഞാൻ ദയനീയസ്വരത്തിൽ ചോദിച്ചു:–

'ചുമട്ടുകാരാ, നിന്റെ പേർ എന്താണ്. ഈ കനകരഥത്തിൽ ഇവിടേയ്ക്ക് എഴുന്നള്ളിയ എന്റെ രാജകുമാരനെ നീ എപ്പോഴെങ്കിലും കാണുകയുണ്ടായോ; അദ്ദേഹം തുറമുഖത്തിന്റെ ഏതൊരു കോണിൽ വിശ്രമിക്കുന്നുവെന്നു പറവാൻ കഴിയുമോ?'

ആ മൂഢൻ ഉത്തരം പറഞ്ഞു:–

'ഉടയവളെ, കണ്ണുനീരിന്നും നെടുവീർപ്പിനും എത്തി നോക്കുവാൻ കഴിയാതെ, ആകാശം മുട്ടിനിൽക്കുന്ന മനോഹരഹർമ്മ്യങ്ങളിൽ രസനേന്ദ്രിയത്തെ മധുരതരമായ മദ്യരസത്തിലും കൈവിരലുകളെ സ്വർണ്ണഭണ്ഡാഗാരങ്ങളിലും, ഹൃദയത്തെ സർവവിധ സുഖാനുഭോഗങ്ങളിലും വിശ്രമം കൊള്ളിച്ച് ആമോദജലധിയിൽ ആറാടിക്കുഴയുന്ന ഭൂസ്വാമിയുടേയും മുതലാളിയുടേയും ശിരസ്സിൽ കിരീടം ചാർത്തുന്ന സമുദായം, എന്നെ എപ്പോഴും തൊഴിലാളി എന്നു വിളിക്കുന്നു. ഞാൻ സദാ ചുമടിനെ മാനിക്കുന്നു. സർവ്വദാ ഭാരം ചുമക്കുന്നു. ഞാൻ പണിപ്പുരയിൽ കൂടം അടിക്കുന്നു. പടവുകളിൽ തണ്ടു വലിക്കുന്നു. കാമരച്ചോട്ടിൽ അടിവാൾ പിടിക്കുന്നു. ഉറപ്പുചാലിൽ വള്ളം തള്ളുന്നു. വഴിയോരങ്ങളിൽ പാറ പൊട്ടിക്കുന്നു. പാതയിൽ കല്ലുരുൾ ഉരുട്ടുന്നു. മുടന്തനെ തോളിലേറ്റുന്നു. അന്ധഭിക്ഷുവിനെ കൈപിടിച്ചു നടത്തുന്നു. സമുദായത്തിന് അഭിവൃദ്ധിയിലേയ്ക്കുള്ള കൽക്കോണിയിൽ എന്റെ പാഴ് ശിരസ്സ് എപ്പോഴും ചവിട്ടുപടിയായിരിക്കുന്നു. അഹോ! ആകാശത്തിനും ഭൂമിക്കും മദ്ധ്യേ സമുദായത്തിനും സാദ്ധ്യതയ്ക്കും വേണ്ടി, ഞാൻ സദാ ചാമ്പലായി വായുവിൽ ലയിക്കുന്നു. കുലകന്യകെ, അവിടുന്നു തെരയുന്ന രാജകുമാരൻ അഗതിയും പുഴുവുമായ ഒരു ചുമട്ടുകാരനാണെങ്കിൽ അവൻ വിശപ്പിന്റെ എന്നേക്കുമുള്ള സമാരാധകനും സങ്കീർത്തകനുമാണെങ്കിൽ––ഇതാ അവൻ അവിടത്തെ സമീപത്തുതന്നെ വർത്തിക്കുന്നു. അവന്റെ സിംഹാസനവും വിശ്രമസ്ഥലവും ഇവിടെയത്രെ.'

അമർഷാവേശത്താൽ എന്റെ ചുണ്ടുകൾ വിറകൊണ്ടു. നിന്ദ്യനും നിസ്സാരനുമായ ആ ചുമട്ടുകാരന്റെ ധാർഷ്ട്യത്തിന്റെയും അതിസ്വാതന്ത്ര്യത്തിന്റെയും നേരെ എന്റെ ആത്മാഭിമാനഗർവം തീപ്പൊരി ചൊരിഞ്ഞു. ആ മനുഷ്യകീടത്തോട് ഒരക്ഷരവും മറുപടി പറവാൻ താമസിയാതെ ഞാൻ സങ്കേതദ്വാരത്തിലേയ്ക്കു മുഖം തിരിച്ചു. തൽക്ഷണം എന്റെ പ്രാണപ്രിയന്റെ രഥപതാകകൾ അന്തരീക്ഷത്തിൽ പാറിപ്പറക്കുന്നതായും രഥനേമികൾ പൊടിപടലത്തിനിടയിൽ മറയുന്നതായും ഞാൻ കണ്ടു. 'ദയാലുവായ ജീവനാഥ' എന്നു നിലവിളിച്ചുകൊണ്ട് ഞാൻ ഉരുൾപ്പാതയിലൂടെ എന്റെ രാജകുമാരനെ അതിവേഗത്തിൽ അനുധാവനം ചെയ്തു.

### III

പ്രഥമയാമാന്ത്യത്തിൽ എന്റെ കാലടികൾ ആതുരശാലയുടെ പുരോഭാഗത്ത് എത്തിച്ചേർന്നു. എന്റെ രാജകുമാരന്റെ കനകരഥവും സമീപത്തു തന്നെ കിടന്നിരുന്നു. ആതുരാലയത്തിന്റെ അന്തർഭാഗത്തേക്ക് എന്റെ കണ്ണുകൾ അതിത്വരയോടെ പാഞ്ഞു ചെന്നു.

കഷ്ടാരിഷ്ടങ്ങൾ പതഞ്ഞുകൂടുന്ന ഒരു കണ്ണീർത്തടാകം. നൊന്തു നിലവിളിക്കുന്ന നിരാധാരരുടെ ദീനശബ്ദം. അനാഥശിശുക്കളുടെ ആർത്തരോദനം. കത്തിക്കരിഞ്ഞു ചാരമായ ജീവിതാവേശത്തോടുകൂടിയ ഏഴസ്ത്രീകളുടെ ദീർഘനിശ്വാസങ്ങൾ. സമുദായം, ചണ്ടിയാക്കി പുറത്തേയ്ക്ക് എറിഞ്ഞുകളഞ്ഞ വയോവൃദ്ധജനങ്ങളുടെ വിലാപശബ്ദം. രാഷ്ട്രം നിയമത്തിന്റെ ഉരുക്കുചട്ടക്കൂട്ടിൽ കുറ്റവാളി എന്നു പേരിട്ട് കൈകാലുകൾ ഒടിച്ച ജയിൽജീവിതത്തിലൂടെ ഒന്നിനും കൊള്ളരുതാത്ത നിത്യരോഗികളാക്കിത്തള്ളിയ യുവജനങ്ങളുടെ ഗദ്ഗദനിനദം. ജനസമുദായം അറപ്പോടെ നോക്കുന്ന വിരൂപചിത്രം. നിരാശതയുടെ കൊടുങ്കാറ്റടി ലോകഹൃദയത്തിന്റെ അടിത്തട്ടിൽ കരുണാകണികയെ തൂക്കിനോക്കുന്ന ജീവിതത്തുലാസിന്റെ മൃദുലസ്പന്ദനം. ഭൂതദയയുടെ വിരിമാറിലേക്കുള്ള ഒരു ഉഴിഞ്ഞെറിയൽ.

അതിദയനീയമായ ഒരു ആർത്തനിനദം ശാലയുടെ ഒരു കോണിലേയ്ക്കു എന്റെ ദൃഷ്ടികളെ ആകർഷിച്ചു. വിണ്ടുകീറി തൊലി പൊളിഞ്ഞ് രക്തം വാർന്നൊഴുകുന്നതായ ഭയങ്കര വ്രണം പരന്ന ഒരു ബാലശരീരം. കിടക്കയിൽ കൈകാൽ അടിച്ച് ഞരങ്ങി മൂളി ഞെളിപിരി കൊള്ളുന്നതായിക്കണ്ട് ഞാൻ വല്ലാതെ ഭയപ്പെട്ടു. ചുറ്റുപാടും പരന്നടിക്കുന്ന ദുസ്സഹദുർഗ്ഗന്ധത്തിൽ അശ്രദ്ധപൂണ്ടു നിർന്നിമേഷനേത്രങ്ങളോടുകൂടി പരിചാരകൻ സമീപത്തിരുന്നു. തന്റെ ഉത്തരീയത്തുമ്പാൽ ചലം പിളിഞ്ഞൂറുന്നതായ വ്രണരക്തം ഒപ്പി ഒപ്പി വേദനയാറ്റുവാൻ ശ്രമിച്ചു. ഇടയ്ക്കിടയ്ക്ക് അയാൾ ആ അനാഥബാലന്റെ നെറ്റിയിൽ മന്ദമായിത്തടവുകയും മങ്ങിയ കൺപോളകളിൽ കനിഞ്ഞു വാത്സല്യപൂർവം ചുംബിച്ചു കൃതാർത്ഥതയടയുകയും ചെയ്തു.

ഞാൻ അല്പം അകലെയായി വാതലിനു സമീപിച്ചുനിന്നു ചോദിച്ചു:–

'സൂക്ഷിപ്പുകാരാ, നീ എന്തു ചെയ്യുന്നു. നിന്റെ പേര് എന്താണ്. രാജകുമാരൻ ഈ രാത്രിയിൽ ആതുരശാലയുടെ ഏതൊരു കോണിൽ വിശ്രമിക്കുന്നുവെന്നു പറവാൻ ഭയമുണ്ടാവുമോ?'

ആ വൃത്തിഹീനനായ ശുശ്രൂഷകൻ ഉത്തരം പറഞ്ഞു:–

'സോദരി, നിശ്ശബ്ദകൃതജ്ഞതയുടെ നിഗൂഢക്ഷേത്രത്തിൽനിന്ന് എന്നേക്കുമായി പുറത്താക്കപ്പെട്ട ഈ എളിയ ജീവിക്കു ലോകം ഇട്ടിരിക്കുന്ന നീക്കമില്ലാത്ത പേർ പരിചാരകൻ എന്നാണ്. ഞാനോ ബീഭത്സതയിൽ സൗന്ദര്യം നുകരുകയും പരുഷതയിൽ മൃദുത്വം സ്പർശിക്കുകയും ആർത്തനിനദത്തിൽ അനുനിമിഷം ശാന്തിഗാനം ശ്രവിക്കുകയും ചെയ്യുന്നു. നഗ്നതയും നികൃഷ്ടതയും അറപ്പും വെറുപ്പും വേദനയും വിലാപശബ്ദവും ശിശുത്വത്തിന്റെ ദയനീയ പരിശുദ്ധിയോടുകൂടി എന്നോടു സദാ സഖിതാസംഭാഷണം ചെയ്യുന്നു. ഞാൻ ആശ്വസിപ്പിക്കുന്നു. ഞാൻ കണ്ണുനീർ തുടയ്ക്കുന്നു, താങ്ങുന്നു, ധൈര്യപ്പെടുത്തുന്നു, എഴുന്നേല്പിക്കുന്നു, മുറികെട്ടുന്നു, വ്രണം കഴുകുന്നു, തൈലം പകരുന്നു. ഞാൻ തോട്ടിപ്പണി ചെയ്യുന്നു, ചെരിപ്പു തുടയ്ക്കുന്നു. നിദ്രാരഹിതമായ സഹതാപനേത്രങ്ങളോടുകൂടി ഞാൻ സദാ കനിഞ്ഞു നോക്കുന്നു. സേവനത്തിന്റെ യാഗപീഠത്തിൽ ഞാൻ സമുദായത്തിന് എന്നേക്കുമായി നേർന്നിടപ്പെട്ട ബലിമൃഗമത്രെ. ദേവി, ഭവതി അന്വേഷിക്കുന്ന രാജകുമാരൻ ലോകം ദിനംതോറും ചവുട്ടിത്തേച്ച് അഗാധതലത്തിലേക്ക് എറിഞ്ഞു കളയുന്നതായ എളിയവരുടെ സ്നേഹിതനും ബന്ധുവുമാണെങ്കിൽ–അലയുന്നവരും വലയുന്നവരും ഉഴലുന്നവരും ഇരക്കുന്നവരുമായ പാവങ്ങളുടെ പരിചാരകനാണെങ്കിൽ ഒരു തുള്ളി വെള്ളം കൊണ്ട് ചുണ്ടുനനപ്പാൻ ആർത്തിപ്പെടുന്ന യാചകലക്ഷങ്ങളുടെ കൂടപ്പിറപ്പാണെങ്കിൽ തമ്പുരാട്ടി, അവൻ ഞാനല്ലാതെ മറ്റാരുമല്ല. എന്റെ വിശ്രമരംഗവും ഇതുതന്നെയാണ്. അല്ല: കനകരഥത്തിൽ എഴുന്നെള്ളിയ മഹാരാജാവിനെയാണ് ഭവതി അന്വേഷിക്കുന്നതെങ്കിൽ, അദ്ദേഹം രാജ്യാന്തരങ്ങളിലേക്ക് എഴുന്നെള്ളുന്നതിനു മുമ്പായി അവിടത്തെ രഥസമീപത്തേക്കുതന്നെ ഭവതി കടന്നുചെന്നാലും!'

എന്റെ അരുമനാഥനെ ഒരു നോക്കു കാണ്മാനുള്ള അത്യുൽക്കണ്ഠയോടെ ഞാൻ അവിടത്തെ പള്ളിത്തേരിന്റെ പാദപീഠത്തിലേയ്ക്ക് തൽക്ഷണം പാഞ്ഞണഞ്ഞു. പക്ഷേ രാജകുമാരൻ എവിടെ? സർവ്വജീവരാശികളുടേയും അന്തർഹൃദയത്തിൽ സദാ ശാന്തിപ്പൂങ്കതിർ പൊഴിക്കുന്ന ചരാചരങ്ങളുടെ മഹാരാജാവ് എവിടെയാണ്? രഥതലം ശൂന്യമായും അതിന്റെ ഒരു കോണിൽ അവിടത്തെ കിരീടവും ചെങ്കോലും അങ്ങിങ്ങ് അലക്ഷ്യമായും കിടന്നിരുന്നു. തകർന്ന നെഞ്ചോട്ടം നിറഞ്ഞ നേത്രങ്ങളോടും കൂടി ഞാൻ ഉറക്കെ നിലവിളിച്ചു:–

'നായക, എന്റെ പ്രാണാധിക പ്രിയനായുള്ളോവെ, വസന്തം അതിന്റെ സ്വർഗ്ഗീയമാധുര്യത്തോടുകൂടി സ്വന്തം ആത്മാവിൽ പുതുജീവൻ നിറപ്പാൻ എഴുന്നെള്ളി. പക്ഷേ, ദയാലൊ, മുൾക്കാട്ടിലെ ചെറുപുഷ്പം അതിന്റെ പുറമ്പോളകൾക്കിടയിൽ സൂര്യപ്രകാശത്തെ എതിരേല്പാൻ കാത്തിരുന്ന് മയങ്ങിപ്പോയി. ജീവനാഥ, ഇതാ അങ്ങേ കണ്ഠതലത്തിൽ ചാർത്തുവാനുള്ള ഈ പൂമാലയിലെ ഓരോ ഇതളും അഗാധമായ കണ്ണീർക്കയത്തിലൂടെ ജഗന്മണാളനായ നിന്തിരുമേനിയുടെ പരിശുദ്ധ പാദതലങ്ങളിലേയ്ക്കു നീന്തി അണവാൻ ബദ്ധപ്പെടുന്നു. കൃപാസമുദ്രമെ, അങ്ങേ തങ്കത്തിരുവുടലിനെ ഭവദാസിയിൽനിന്ന് എന്തിനായി മറച്ചുവെയ്ക്കുന്നു. അങ്ങയുടെ ദിവ്യസാമീപ്യത്തിന്റെ കോൾമയിർക്കുളുർമ്മയിൽ പ്രേമാനന്ദ വിശ്രാന്തി തേടുവാൻ എന്റെ കാലടികൾ പൂമ്പൊൻ താരകങ്ങളുടെ വെൺമണൽ വിരിപ്പിലൂടെ തിരുസന്നിധിയിലേക്ക് ത്വരിക്കുമ്പോഴും, എന്റെ ആത്മാവ് അവിടത്തെ വാത്സല്യനിരീക്ഷണത്തിന്റെ കൃപാസ്മേരഭാസുരതയിലൂടെ അങ്ങേ ദിവ്യവിഗ്രഹത്തിന്റെ ചിദാമൃതമാധുര്യം നുകരുവാൻ തൃപ്പാദപത്മങ്ങളിലേക്ക് പറന്നുവരുമ്പോഴും, ഹാ ജീവനായകാ, മണൽപ്പൊടിയിൽ നിന്നു മഹനീയമായ തൃക്കൈവിരലുകളുടെ മാനത്തിനായിട്ടെങ്കിലും ഈ ഏഴപ്പെണ്ണിനു വേണ്ടി മഹാരാജാവായ അവിടുന്ന് ഒരു നിമേഷമെങ്കിലും താമസിക്കേണമെ. തിരുമുഖദർശനത്തിനായി ഒരു നൊടിയിടയെങ്കിലും ഈ അല്പപ്രാണിക്കായി അനുവദിച്ചു തരേണമെ.'

തന്തിരുവടിയുടെ കാരുണ്യാതിരേകമല്ലാതെ മറ്റെന്തു തന്നെ! ഞാൻ അടച്ചകണ്ണു തുറക്കുകമാത്രം. അഹോ! ഭൂഗോളമൊന്നാകെ മാറിമറിഞ്ഞതായ ഒരു സ്വർഗ്ഗീയ പരിവർത്തനം!

അതാ! അന്തരീക്ഷമണ്ഡലമൊന്നാകെ ഒരൊറ്റ നിമിഷത്തിനുള്ളിൽ ബ്രഹ്മതേജോവൃതമായ തുവാറൊളി പ്രളയത്തിൽ തിരപാറിത്തിളങ്ങുമാറ്; അത്യുജ്ജ്വലതേജഃസമുജ്ജ്വലമായ ആകാശവേദിയിൽ കനക കിരണപ്രഭാസമൃദ്ധ

## ജൂൺ

**ജനനം**

01 കെ.എസ്.കെ.തളിക്കുളം (1903)
ഇ.വി.ജി (1916)
വി.ടി.ഗോപാലകൃഷ്ണൻ (1937)
02 രാജലക്ഷ്മി (1930)
03 ജി.ശങ്കരക്കുറുപ്പ് (1901-1978)
പി.കെ.ശിവശങ്കരപ്പിള്ള (1911)
സർദ്ദാർ കെ.എം.പണിക്കർ (1895-1963)
06 ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (1857)
ഉള്ളൂർ (1877)
പാച്ചുമൂത്തത് (1814)
അമ്പാടി നാരായണപ്പൊതുവാൾ (1871)
07 കണ്ണൻ ജനാർദ്ദനൻ (1944)
പ്രൊഫ.കെ.വി.ദേവ് (1932)
08 ഉറൂബ് (1915)
പ്രൊഫ.എം.എൻ.വിജയൻ (1930-2007)
10 പ്രൊഫ.പി.ശങ്കരൻ നമ്പ്യാർ (1892)
11 മിതവാദി സി.കൃഷ്ണൻ (1867)
അബു ഏബ്രഹാം (1924)
12 ടി.സുബ്രഹ്മണ്യൻ തിരുമുമ്പ് (1906)
പി.അനന്തൻപിള്ള (1886)
സി.എച്ച്.കുഞ്ഞപ്പ (1907)
കെ.എ.ദാമോദരമേനോൻ (1906)
13 ഇ.എം.എസ്.നമ്പൂതിരിപ്പാട് (1909-1998)
സഞ്ജയൻ (എം.ആർ.നായർ) 1903-1943
15 കുട്ടിക്കൃഷ്ണമാരാർ 1900-1973
തോമസ് പോൾ (1889)
കടത്തനാട്ട് മാധവിയമ്മ (1909)
എം.എൻ.കുറുപ്പ് (1927-2006)
17 വി.എം.നായർ (1896)
പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ (1858)
കെ.എം.ഗോവി (1930-2013)
19 പി.സി.സനൽകുമാർ (1949-2014)
20 രാഘവൻ തിരുമുൽപ്പാട് (1920)
22 വിദ്വാൻ കെ.പ്രകാശം (1909)
ജി.ശങ്കരപ്പിള്ള (1930)
23 വിലാസിനി (എം.കെ.മേനോൻ) 1928
കൊടുപ്പുന്ന ഗോവിന്ദഗണകൻ 1924
ജയദേവൻ (ജനാർദ്ദനമേനോൻ പാമടത്ത്) 1930-2012
24 കുണ്ടൂർ നാരായണമേനോൻ (1861)
സിസ്റ്റർ മേരീ ബനീഞ്ജ 1901
ഗുരു ഗോപിനാഥ് (1908)
ഒ.എം.സി.നാരായണൻ നമ്പൂതിരി (1910)
25 എ.പി.കളയ്ക്കാട് (1931)
അഭയദേവ് (1913)
27 വിദ്വാൻ പി.കേളുനായർ (1901)
മുൻഷി പരമുപിള്ള (1891-1962)
ഹെലൻ കെല്ലർ (1880-1968)
28 കെ.വാസുദേവൻ മൂസത് (കെ.വി.എം) 1888
പ്രൊഫ.പി.ടി.ചാക്കോ (1928-2013)
29 ഡോ.കെ.ഗോദവർമ (1902-1952)
30 ബ്രഹ്മവ്രതൻ (1908)

01 പ്രൊഫ. കെ.ഗോപാലകൃഷ്ണൻ 1932- 2012
02 കോവിലൻ (വട്ടംപറമ്പിൽ വേലപ്പൻ അയ്യപ്പൻ) 1923-2010
03 പമ്മൻ (പരമേശ്വരമേനോൻ ആർ) 1922-2007)
അഡ്വ.എം.കൃഷ്ണൻകുട്ടി (1929-2009)
04 ടി.കെ.ജി നായർ (1928-1992)
സുരാസു (ബാലഗോപാലക്കുറുപ്പ്) 1997
05 ആറ്റൂർ കൃഷ്ണപ്പിഷാരടി (1875-1964)
എ.വി.ശ്രീകണ്ഠപ്പൊതുവാൾ (1910-1999)
ലോനപ്പൻ നമ്പാടൻ (2013)
06 തരവത്ത് അമ്മാളുവമ്മ (1873- 1936)
08 ഡോ.കെ.ഭാസ്കരൻനായർ (1913-1982)
ഇക്കണ്ടവാരിയർ (1890-1977)
ഇ.മൊയ്തു മൗലവി (1891-1995)
10 എൻ.ഗോപാലപിള്ള (1901-1968)
ജെ.കെ.വി (ജോസഫ് കെ.വി) 1930-1999
പി.എ.ഉത്തമൻ (1961-2008)
11 പന്തളം കേരളവർമ്മ (1879-1919)
സ്വാമി ബ്രഹ്മവ്രതൻ (1908-1981)
പാലാ നാരായണൻ നായർ (1911-2008)
12 കെ.നാരായണഗുരുക്കൾ (1861-1948)

13 ഡോ.കെ.കെ.രാഹുലൻ (1930-2011)
14 കെ.കെ.നീലകണ്ഠൻ(ഇന്ദുചൂഡൻ) 1923-1992
15 ഉള്ളൂർ എസ്.പരമേശ്വരയ്യർ (1887-1949)
16 വി.കെ.ഗോപിനാഥൻ (2001)
17 ചങ്ങമ്പുഴ കൃഷ്ണപിള്ള (1911-1948)
മുൻഷി പരമുപിള്ള (1891-1962)
പി.അയ്യനേത്ത് (പത്രോസ് എ.പി) 1928-2008
18 എ.ആർ.രാജരാജവർമ്മ (1863-1918)
അയ്യങ്കാളി (1863-1941)
മാക്സിം ഗോർക്കി (1868-1936)
19 പി.എൻ.പണിക്കർ (1909- 1995)
20 അമർത്യാനന്ദ (എസ്.മാധവൻനായർ) 1929-1999
നിധീരിക്കൽ മാണിക്കത്തനാർ (1842-1904)
21 പുലാക്കാട്ട് രവീന്ദ്രൻ (1932-1995)
കെ.എസ്.കെ.തളിക്കുളം (1903-1980)
22 പവനൻ (1926-2006)
23 അഡ്വ.എ.സുജനപാൽ (1949-2011)
25 മൂർക്കോത്ത് കുമാരൻ (1874- 1941)
26 എ.പി.ഗോപാലൻ (2007)
27 സി.കെ.ഗോവിന്ദൻനായർ (1897-1964)
എ.എൻ.ഇ.സുവർണ്ണവല്ലി (1935-2006)
28 ഡോ.എ.അയ്യപ്പൻ (1905-1988)
എ.കെ.ലോഹിതദാസ് (1955-2009)
29 ഡി.ഡി.കോസാംബി (1968)
പി.വി.ഉലഹന്നാൻമാപ്പിള (1905-1993)
ഇടമറുക് (ജോസഫ് ടി.സി) 1934-2006
വി.ഐ.സുബ്രഹ്മണ്യം (2009)



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

മായ ജ്വാലാ ചക്രമദ്ധ്യത്തിലായി കനൽപ്പൊന്നൊളി തിരളുന്നതായ തിരുമെയ് പ്രഭാവത്തോടും അഴകൊഴുകെ അമൃതം വഴിയുന്നതായ അരുണാധരത്തളിരോടുംകൂടി സദാ അമ്പിയന്ന ചെന്താമരക്കണ്ണുകളിൽനിന്ന് സർവ്വചരാചരങ്ങളിലേക്കും ചിൽക്കടാബാഷ്പം പൊഴിഞ്ഞ് എങ്ങെങ്ങും മധുരസ്മേരമകരന്ദം ചൊരിഞ്ഞരുളുന്ന വേദാത്മകസ്വരൂപനായ എന്റെ പ്രാണപ്രിയന്റെ ദിവ്യകോമളകളേബരം!

അപരാധഭരിതനായ എന്റെ ഹൃദയത്തിൽ ഭയസംഭ്രമങ്ങൾ ഊക്കോടെ അലയടിച്ചുയർന്നു. ലജ്ജാഭാരത്താൽ എന്റെ ശിരസ്സ് നിലത്തോളം താണു. അവിടത്തെ ദിവ്യസന്നിധിയിൽ ഉച്ചരിപ്പാൻ ഉചിതമായ വാക്കുകൾക്കായി എന്റെ അന്തരാത്മാവ് അതിന്റെ അഗാധതലത്തിൽ ആർത്തിയോടെ തപ്പിപ്പിടിച്ചു.

തിരുമേനി. കരൾക്കനിവോടെ തിരുവായ് മൊഴിഞ്ഞു:-

'സോദരീ, ഭവതി അന്വേഷിക്കുന്ന രാജകുമാരൻ ആരാണ്. ഏതൊരു മഹാരാജാവിനെ ഭവതി വരണമാല്യവുമായി അനുധാവനം ചെയ്യുന്നു. ഹാ! അവൻ പൊൻപൂഞ്ചെരിപ്പണിഞ്ഞ രാജകുമാരനോ, അല്ല; മുട്ടോളം ചെളിച്ചേർപൂണ്ട നഗ്നപാദൻ. ചെങ്കോൽ പിടിച്ച ഭൂപാലനോ; അല്ല, കലപ്പക്കൈ തഴുകുന്ന ഉഴവുപാഴൻ. കിരീടം അണിഞ്ഞ രാജാവോ, അല്ല, ഉച്ചിയിൽ ചുമട്ടുതഴമ്പു തടിച്ച കൂലിത്തൊഴിലാളി. കനകനീരാളം ധരിച്ച ധരാധിപനോ, അല്ല, കുഷ്ഠരോഗശയ്യാവസ്ത്രം ചുറ്റിയ കീറത്തുണിക്കാരൻ, അയ്യോ! അവൻ അഗതികളും, ഏഴകളും നഗ്നന്മാരുമായ പട്ടിണിപ്പാവങ്ങളുടെ നിത്യപാദദാസനല്ലാതെ മറ്റാരാണ്. ഓമലെ, കഠോരവെയിലിയിൽ ചെളിക്കുഴമ്പു തിളയ്ക്കുന്ന വയൽപ്പരപ്പിലും, തുറമുഖത്തെ കനൽത്തീച്ചൊരി മണലിലും, ആതുരാലയത്തിലെ ദുർഗ്ഗന്ധശയ്യാ പരിസരങ്ങളിലും ഞാൻ ദിനന്തോറും കരിയുന്നവനും, പൊരിയുന്നവനും, ഞെരുങ്ങുന്നവനും, നെടുവീർപ്പിടുന്നവനും, വേദനപ്പെടുന്നവനും വ്രണം കഴുകുന്നവനുമായി എന്റെ ശാശ്വതപാദമുദ്രകൾ ആയിരമായിരമായി പതിച്ചു ഭവതിക്കായി കാത്തിരുന്നു.'

ഞാൻ വിങ്ങുന്ന ഹൃദയത്തോടുകൂടി വിറയാണ്ട കൈത്തലങ്ങളിൽ നീർനിറഞ്ഞ മുഖം പുതച്ചു.

എന്റെ മണവാളൻ തുടർന്നരുളി:-


'മഹിളാരത്നമെ, ഭവതിയുടെ പ്രേമത്തിന്റെ അർത്ഥമെന്താണ്. ഭവതിയുടെ ഹൃദയതന്ത്രിയിൽ നിർഗ്ഗളിക്കുന്നതായ പ്രേമസംഗീതത്തിന്റെ സാത്വികഗഹനരാഗം എന്തുതന്നെ? ത്യാഗത്തിന്റെ ചുട്ടരക്തത്തിൽ കഴുകപ്പെട്ടതായ ഈ വരണമാല്യം എന്തിനായിട്ട്. ഹാ! നെടുവഴിയിൽ നൽകുന്നതിൽ നട്ടെല്ലുപൊട്ടി നിലവിളിക്കുന്ന ഏഴച്ചുമട്ടുകാരനു കൈതാങ്ങൽ. നെറ്റിത്തടത്തിൽനിന്ന് ഉതിർന്നു വീണതായ ഒരു തുള്ളി വിയർപ്പു വെള്ളത്തിലൂടെ ഭവതിയുടെ പ്രേമം പ്രകാശിതമായിരുന്നുവെങ്കിൽ.'

'ഒരു കൈച്ചിരട്ട കഞ്ഞിക്കായി വഴിനീളെ ഇരുന്നലയുന്ന അംഗഹീനനായ ഒരു നിസ്സഹായന്റെ നാറത്തുണി നനച്ചുകൊടുത്തതായ ആ ഒരു ചെറിയ ഉള്ളംകൈത്തഴമ്പിനാൽ ഭവതിയുടെ പ്രേമം അനർഗ്ഘതരമായിത്തീ

➡12

# മാതംഗലീല എഴുതുന്നതിനു മുൻപ്

**സന്തോഷ് എച്ചിക്കാനം**





മാതംഗലീല എന്ന എന്റെ ആദ്യനോവൽ എഴുതുന്നതിനു മുൻപ് ഞാൻ നിർബന്ധമായും വായിക്കേണ്ടിയിരുന്ന ഒരു പുസ്തകമായിരുന്നു 'എന്റെ അപ്പയ്ക്ക് ഒരാന ഉണ്ടായിരുന്നു'.

2025 ഫെബ്രുവരിയിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച ഈ ബുക്കിന്റെ രചയിതാവ് ഡോക്ടർ കുഞ്ഞമ്മ ജോർജ്ജ്. വീട്ടിലെ അരുമയായിരുന്ന രവി എന്ന ആനയെപ്പറ്റിയുള്ള ഓർമ്മകളിലേക്കാണ് ഇതിന്റെ താളുകളിൽ തുറന്നു വെക്കുന്നത്.

സുൽത്താൻ ബത്തേരിയിലെ ഫോറസ്റ്റ് ഡിപ്പാർട്ടു മെന്റിൽ നിന്ന് 1967 ഫെബ്രുവരി ഒന്നാം തീയ്യതി ഒന്നരവയസ്സുകാരനായ രവി ഡോക്ടർ കുഞ്ഞമ്മ ജോർജ്ജിന്റെ വീട്ടിലെത്തുന്നു. രചയിതാവിന്റെ ചാച്ചന്റെ അരുമയായി വളരുന്നു. ചാച്ചന്റെ അമ്മ അദ്ദേഹത്തിന് ഒന്നരവയസ്സുള്ളപ്പോൾ മരിച്ചു പോയി.

രവിയുടെ അമ്മ അമ്മു എന്ന പിടിയാനയും ചരിഞ്ഞു പോയത് രവിയുടെ അതേ പ്രായത്തിലാണ്. അമ്മയില്ലാത്ത ഈ രണ്ടു പേരും ഇണപിരിയാത്ത ചങ്ങാതിമാരായി മാറുന്നു. രവി പതുക്കെ രവിക്കുട്ടനായി. കുടുംബത്തിലെ അംഗത്തെപ്പോലെയായി.

ആനയുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും സ്നേഹവും ബുദ്ധിയും ആർദ്രതയുമെല്ലാം അതിമനോഹരമായി ചിലപ്പോൾ കണ്ണു നനയിപ്പിക്കും വിധം വരച്ചു കാട്ടുന്ന പുസ്തകമാണിത്.

വീട്ടിൽ ഒരു കുട്ടി മരിച്ചു പോകുമ്പോൾ രവി അത് വളരെ മുമ്പേ തിരിച്ചറിയുന്നതും മരണശേഷം ഭക്ഷണം ഉപേക്ഷിക്കുന്നതും ഒടുവിൽ ചങ്ങലയഴിച്ചു മാറ്റിയപ്പോൾ നിശ്ചലമായ ആ കുരുന്നു ദേഹത്തിനുമുന്നിൽ മുട്ടുകുത്തി തുമ്പികൈ കൊണ്ട് അന്ത്യ പ്രണാമം അർപ്പിച്ച് കണ്ണീരൊഴുക്കിയതുമൊക്കെ വായിക്കുമ്പോൾ ശരിക്കും ഞാൻ അറിയാതെ വിതുമ്പിപ്പോയി.

30 വയസ്സിനുശേഷം രവിയെ വിൽക്കേണ്ട സാഹചര്യമുണ്ടാകുന്നു. പിന്നെ അവനെപ്പറ്റി ഒരു വിവരവും കിട്ടുന്നില്ല. പിന്നീടെപ്പോഴോ അന്വേഷിച്ച് കണ്ടുപിടിച്ച് അവനെ വാങ്ങി കൊണ്ടുപോയവരുടെ വീട്ടിൽ എത്തുന്നതും 'രവിക്കുട്ടാ' എന്ന ആദ്യ വിളിയിൽ തന്നെ അവൻ ഡോക്ടർ കുഞ്ഞമ്മയെ തിരിച്ചറിയുന്നതും അവരോട് ചേർന്നു നിന്ന് ഓർമ്മകളെ തിരിച്ചു പിടിക്കുന്നതും കണ്ണീർത്തൂവുന്നതുമൊക്കെ അൽഭുതത്തോടെയല്ലാതെ വായിച്ചവസാനിപ്പിക്കാൻ പറ്റില്ല.മാതംഗലീല വായിച്ച് അഭിപ്രായം പറയാനാണ് ഡോക്ടർ എന്നെ വിളിക്കുന്നത്..


നോവലിനെ കുറിച്ച് നല്ല വാക്കുകൾ പറഞ്ഞതിനോടൊപ്പം ആനയെ സംബന്ധിച്ച് നോവലിൽ ഞാൻ വരുത്തിയ ഒരു തെറ്റ് തിരുത്തിത്തന്നതും ഡോക്ടറാണ്. ഇത് ഉടൻ വരാൻ പോകുന്ന പതിനൊന്നാമത്തെ പതിപ്പിൽ ഞാൻ ചേർത്തിട്ടുമുണ്ട്. കടപ്പല്ലുകൾ കൊമ്പുകളാകുന്നതായിട്ടാണ് ഞാൻ നോവലിൽ എഴുതി വെച്ചിരിക്കുന്നത്. പക്ഷേ ആനയുടെ മുൻവശത്തുള്ള ഉളിപ്പല്ലുകളാണ് പ്രായപൂർത്തിയാകുമ്പോൾ തേറ്റകളായി പരിണമിക്കാറുള്ളത്. നോവലിൽ ആദ്യഭാഗത്ത് നീലകണ്ഠൻ എന്ന ആന മദപ്പാടു വന്ന് രതിയുടെ മൂർദ്ധന്യാവസ്ഥയിൽ മനുഷ്യ സഹജമായ ഒരു സവിശേഷ സ്വഭാവം കാണിക്കുന്നതും അതിന്റെ പൂർത്തീകരണത്തിനായി ശ്രമിക്കുന്നതും പാപ്പാനായ ബാലകൃഷ്ണൻ അത് സാധിച്ചു കൊടുക്കുന്നതുമായ ഒരു രംഗമുണ്ട്. മദം പൊട്ടുമ്പോൾ ആനകൾ

കാമനയുടെ സംപൂർണ്ണതയ്ക്കായി ഇങ്ങനെ ചിന്തിക്കുമെന്ന് ഭാവനയിൽ കണ്ടാണ് ഞാൻ ഇക്കാര്യംഎഴുതിയത്. പക്ഷേ ഗ്രന്ഥകാരി ഈ പുസ്തകത്തിൽ ഞാൻ ഭാവനയിൽ കണ്ടത് യാഥാർത്ഥ്യണെന്ന്

രവിയെ നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതിയിരിക്കുന്നത് വായിച്ചപ്പോൾ ശരിക്കും ഞെട്ടിപ്പോയി. എഴുത്തിന് പ്രവചന സ്വഭാവം ഉണ്ടെന്ന് ഈ സംഭവം എന്നെ ഒരിക്കൽ കൂടി ബോധ്യപ്പെടുത്തി. മൃഗസ്നേഹികളും, പാരിസ്ഥിതികമായ ബോധവും അതിന്റെ നിലനിൽപ്പിനെപ്പറ്റി

ആകുലതകൾ ഉള്ളവരുമായ എല്ലാ നല്ല വായനക്കാരും വളരെ സരസവും സരളവുമായ ഭാഷയിൽ എഴുതപ്പെട്ട ഈ ഗജ സ്മരണിക വായിക്കുക തന്നെ വേണം. നന്ദി പ്രിയപ്പെട്ട കുഞ്ഞമ്മ ജോർജ്ജ് ഇത്രയും നല്ലൊരു പുസ്തകം തന്നതിന്

## കൈപ്പറ്റിയ പുതിയ പുസ്തകങ്ങൾ



**ചിന്തേരിട്ട ചിന്തകൾ**
ബിനു തങ്കച്ചൻ മാവേലിക്കര
കാവ്യ ബുക്സ് വില. 150



**പ്രവാസത്തിന്റെ നാല്പതാണ്ടുകൾ**
സാം പൈനുംമൂട്
ഉണ്മ പബ്ലിക്കേഷൻസ്. വില. 350

# വില്യം ഹാർവ്വിയിൽ നിന്നറിഞ്ഞ കഥ

**മനോജ് വെളിനാട്**



മനുഷ്യൻ ചിന്തിക്കുന്നത് തലച്ചോർ കൊണ്ടാണെന്ന് ഇന്ന് നമുക്കെല്ലാം അറിയാം. എന്നാലത് ഹൃദയം കൊണ്ടാണെന്ന് വിശ്വസിച്ചിരുന്ന, ഇന്നും അങ്ങനെ കരുതാൻ ഇഷ്ടപ്പെടുന്ന മനുഷ്യരും ധാരാളമുണ്ട്. ഹൃദയമല്ല ചിന്തയുടെ ഉറവിടമെന്ന്, മിടിക്കുന്ന ഹൃദയത്തിൽ വിരൽ കൊണ്ട് തൊട്ടു നോക്കി ആദ്യമായി പറഞ്ഞത് മനുഷ്യന്റെ രക്തചംക്രമണ വ്യവസ്ഥയുടെ പിതാവായ വില്യം ഹാർവ്വിയാണ്. ആ കഥയാണ് ഈ കഥ.

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഐറിഷ് പ്രഭുവായിരുന്നു വിസ്കൗണ്ട് മോണ്ട്ഗോമറി (Viscount Montgomery) എന്ന ഹ്യൂ മോണ്ട്ഗോമറി. കുട്ടിക്കാലത്ത് അദ്ദേഹത്തിന് വളരെ ഗുരുതരമായ ഒരു അപകടം സംഭവിച്ചു.

കുതിരപ്പുറത്ത് നിന്നും ഒരു വലിയവീഴ്ച സംഭവിച്ചതിൽ അദ്ദേഹത്തിന്റെ നെഞ്ചിന്റെ ഇടതുഭാഗത്തെ വാരിയെല്ലുകൾക്ക് മാരകമായി പരിക്കേറ്റു. മുറിവ് പഴുത്തു. അക്കാലത്തെ ചികിത്സകൾ അത്ര പുരോഗമിച്ചിട്ടില്ലാത്തതിനാൽ, ജീവൻ രക്ഷിക്കാനായി ഡോക്ടർമാർക്ക് അദ്ദേഹത്തിന്റെ നെഞ്ചിന്റെ ഒരു ഭാഗത്തെ മാംസവും തകർന്ന വാരിയെല്ലുകളും പൂർണ്ണമായി നീക്കം ചെയ്യേണ്ടി വന്നു. അക്കാലത്ത് അത്ഭുതകരമെന്നു പറയാം, ഇത്രയൊക്കെ സംഭവിച്ചിട്ടും അദ്ദേഹത്തിന്റെ ജീവൻ രക്ഷപ്പെട്ടു. പക്ഷേ, ആ അപകടം അദ്ദേഹത്തിന്റെ നെഞ്ചിന്റെ മുൻഭാഗത്ത് ഒരു വലിയ 'വിൻഡോ' ബാക്കി വെച്ചു.

മുറിവെല്ലാം ഉണങ്ങിയപ്പോൾ, ഉള്ളിലെ ഹൃദയത്തെ സംരക്ഷിക്കുന്ന കട്ടിപ്പടലമായ 'പെരികാർഡിയം' കൂടി നഷ്ടപ്പെട്ടിരുന്നു. എന്തോ പ്രധാനപ്പെട്ട ഒരു അവയവം നെഞ്ചിലെ വലിയ ദ്വാരത്തിനുള്ളിൽ ഉണ്ടെന്നറിയാം. അതിനാൽ ആ ദ്വാരത്തിന് മുകളിൽ ഒരു തുകൽ കവചം വെച്ച് പൊതിഞ്ഞാണ് അദ്ദേഹം നടന്നിരുന്നത്. ആ കവചം മാറ്റിയാൽ, ഉള്ളിൽ എന്തോ സ്പന്ദിക്കുന്നത് ആർക്കും നേരിട്ട് കാണാമായിരുന്നു! അത് ശ്വാസകോശമാണെന്നാണ് കണ്ടവർ എല്ലാവരും കരുതിയതും.

നമ്മുടെ രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് (Circulatory System) വിപ്ലവാത്മകമായ കണ്ടെത്തലുകൾ നടത്തിയ പ്രശസ്തനായ രാജവൈദ്യനായിരുന്നു വില്യം ഹാർവി. ഇംഗ്ലണ്ടിലെ ചാൾസ് ഒന്നാമൻ രാജാവിന്റെ ഡോക്ടറായിരുന്നു അദ്ദേഹം. ജീവനുള്ള ഒരു മനുഷ്യന്റെ നെഞ്ചിൻ കൂടിനകം നേരിട്ട് കാണാൻ കഴിയുന്ന വിധത്തിൽ ഒരത്ഭുത മനുഷ്യൻ ലണ്ടനിലുണ്ടെന്ന വാർത്ത രാജാവിന്റെ ചെവിയിലുമെത്തി.

രാജാവിന്റെ നിർദ്ദേശപ്രകാരം വില്യം ഹാർവി, മോണ്ട്ഗോമറിയെ പരിശോധിക്കാനായി പോയി. ഹാർവി ആ തുകൽ കവചം മാറ്റി നോക്കിയപ്പോൾ കണ്ടത് അവിശ്വസനീയമായ കാഴ്ചയായിരുന്നു. ശ്വാസകോശത്തിന്റെ ഒരു ഭാഗവും, അതിനിടയിൽ താളാത്മകമായി ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്ന മറ്റൊരു അവയവവും പുറത്തേക്ക് കാണാമായിരുന്നു. അത് ഹൃദയമാണ് എന്ന് അദ്ദേഹം അത്ഭുതത്തോടെ വിളിച്ചു പറഞ്ഞു.

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആ അപൂർവ നിമിഷത്തിൽ, വില്യം ഹാർവി തന്റെ കൈവിരലുകൾ പതുക്കെ മോണ്ട്ഗോമറിയുടെ തുടിക്കുന്ന ഹൃദയത്തിലേക്ക് വെച്ചു. ഹാർവി പിന്നീട് തന്റെ പുസ്തകത്തിൽ എഴുതിയത് പ്രകാരം, അതൊരു വലിയ തിരിച്ചറിവായിരുന്നു:

ഹാർവി വിരലുകൊണ്ട് ഹൃദയത്തിൽ അമർത്തിയപ്പോഴും, നുള്ളിയപ്പോഴും മോണ്ട്ഗോമറിക്ക് യാതൊരു വേദനയും തോന്നിയില്ല! താൻ ഹൃദയത്തിലാണ് തൊടുന്നതെന്ന് മോണ്ട്ഗോമറി അറിഞ്ഞതേയില്ല. കണ്ണടച്ചിരുന്ന അദ്ദേഹത്തിന് നെഞ്ചിലെ ചർമ്മത്തിൽ തൊടുമ്പോൾ മാത്രമേ അറിയാൻ കഴിഞ്ഞിരുന്നുള്ളൂ. ഹൃദയത്തിന് സ്വന്തമായി സ്പർശനശേഷി ഇല്ലെന്ന് ഹാർവി മനസ്സിലാക്കി.

ഹൃദയം എന്നത് കേവലം രക്തം പമ്പ് ചെയ്യാനുള്ള ഒരു പേശി മാത്രമാണെന്നും, ശരീരത്തിലെ മറ്റേതൊരു അവയവത്തെയും പോലെ തലച്ചോറിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഒന്നാണെന്നും ഹാർവി തിരിച്ചറിഞ്ഞു.

അക്കാലം വരെ (അരിസ്റ്റോട്ടിലിന്റെ കാലം മുതൽ) ലോകം വിശ്വസിച്ചിരുന്നത് 'കാർഡിയോസെൻട്രിക് സിദ്ധാന്തം' (Cardiocentric Theory) ആയിരുന്നു. അതായത്, മനുഷ്യന്റെ ചിന്തകൾ, ബുദ്ധി, വികാരങ്ങൾ, ആത്മാവ് എന്നിവയെല്ലാം കുടികൊള്ളുന്നത് ഹൃദയത്തിലാണെന്നായിരുന്നു പരക്കെയുള്ള വിശ്വാസം. ഇന്നും നമ്മൾ 'ഹൃദയം തകർന്നു', 'ഹൃദയപൂർവ്വം' എന്നൊക്കെ പ്രയോഗിക്കുന്നത് ആ പഴയ വിശ്വാസത്തിന്റെ ബാക്കിപത്രമാണ്. എന്നാൽ മോണ്ട്ഗോമറിയുടെ ഹൃദയത്തിൽ തൊട്ടുള്ള പരീക്ഷണം ഹാർവിയെ മറ്റൊരു വലിയ സത്യത്തി ലേക്ക് നയിച്ചു: വികാരങ്ങളുടെയോ ചിന്തകളുടെയോ കേന്ദ്രം ഹൃദയമായിരുന്നെങ്കിൽ, അതിൽ തൊടുമ്പോൾ മോണ്ട്ഗോമറിയുടെ ചിന്തകളിലോ വികാരങ്ങളിലോ ➲12



# സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്

ചോദിച്ചു. അതുകൊണ്ട് അത് അങ്ങു തന്നെ എഴുതണം എന്നു പറഞ്ഞു. എന്റെ കണ്ണിലേക്ക് അദ്ദേഹം കുറേനേരം നോക്കിയിരുന്നു. അപ്പോഴും മൗനം പാലിച്ചു. നിത്യചൈതന്യയതി വളരെ കൂടുതൽ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഗുരുവിനെക്കുറിച്ച് ശരിയായ ഒരു പഠനം ഉണ്ടായിട്ടില്ല എന്ന പരാതി ഉള്ളവനാണ് ഞാൻ. അദ്ദേഹം ഗുരുവിനെക്കുറിച്ച് ഒരു നല്ല പഠനം എഴുതിയിരുന്നുവെങ്കിൽ ശ്രീനാരായണ സമൂഹത്തിന്, കേരളീയ ജനതയ്ക്ക്, ഭാരതീയ ജനതയ്ക്ക് ഗുരുവിനെക്കുറിച്ച് നല്ലൊരു പഠനഗ്രന്ഥം അതാകുമായിരുന്നു. 1999ൽ ഗുരു നിത്യചൈതന്യയതി സമാധിയായി. അതിനുശേഷമാണ് ഞാൻ അഴീക്കോട് മാഷിനോടു പറയുന്നത്, അഴീക്കോട് മാഷ് ഗുരുവിനെക്കുറിച്ച് എഴുതണം. എഴുതാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ആവശ്യമായ ഗ്രന്ഥങ്ങൾ കൊണ്ടുത്തരണം. കൊണ്ടുത്തരാം. അങ്ങ് പറഞ്ഞാൽ മതി ഞാൻ എഴുതിക്കൊള്ളാം. ചാലക്കുടിയിൽ നിന്നും തൃശൂരിലേക്കു പോകാൻ എളുപ്പമാണ്. എഴുതാമെന്ന് അദ്ദേഹം ഉറപ്പു നൽകി. ആയിടയ്ക്ക് ചാലക്കുടിയിൽ ഞാൻ ഒരു സമ്മേളനം സംഘടിപ്പിച്ചു. അദ്ദേഹത്തെ ക്ഷണിച്ചു. അന്ന് അദ്ദേഹം ആനന്ദത്തോടെ, ചിരിച്ചുകൊണ്ട് ഞങ്ങളോടു സംസാരിച്ചു. എന്തുകൊണ്ട് അദ്ദേഹം എഴുതി തുടങ്ങിയില്ല. എപ്പോഴും അതൊരു വേദനയായി അതെന്റെ ഉള്ളിലുണ്ട്. അഴീക്കോട് മാഷ് വിചാരിച്ചിരുന്നുവെങ്കിൽ നാരായണഗുരുവിനെക്കുറിച്ച് ഒരു നല്ല പഠനഗ്രന്ഥം ഉണ്ടാകുമായിരുന്നു.

കഴിഞ്ഞ ദിവസം ഞാൻ റെജിയോടു പറഞ്ഞു, ഗുരുദേവനെക്കുറിച്ച് അഴീക്കോട് മാഷ് എഴുതിയ ലേഖനങ്ങൾ ധാരാളമുണ്ടല്ലോ, അതെല്ലാം ഒന്നു സമാഹരിച്ച് ഒരു പുസ്തകമാക്കാമെന്ന്. ശതാബ്ദി ആഘോഷ കമ്മിറ്റി ആ ഒരു കാര്യം ചെയ്താൽ അത് വലിയൊരു സംഭാവനയായിരിക്കും. ഗുരുവിനെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളാണ്. ധാരാളമുണ്ട്. ഈ ശതാബ്ദി കമ്മിറ്റിക്ക് പ്രസിദ്ധീകരിക്കാം. അല്ലെങ്കിൽ ശിവഗിരിമഠത്തിൽ നിന്നും പ്രസിദ്ധീകരിക്കാം. അദ്ദേഹത്തോടു ചെയ്യാൻ പറ്റുന്ന ആദരവാണ് അത്.

**ഇത്ര സഹൃദയനായ ഒരു സാഹിത്യ ആസ്വാദകനെയോ പ്രഭാഷകനെയോ നമുക്ക് കണ്ടെത്താൻ പറ്റില്ല. ഒരിക്കൽ ഇ. അഹമ്മദ് ശിവഗിരിയിൽ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം മതപരമായി ചെയ്ത ഒരു പ്രസ്താവന അഴീക്കോട് മാഷിൽ വേദനയുണ്ടാക്കി. അത് അദ്ദേഹം പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. പ്രസംഗത്തിന്റെ ഒരു ഘട്ടമെത്തിയപ്പോൾ ഇ.അഹമ്മദ് മത്സരിക്കുമ്പോൾ അദ്ദേഹത്തെ നേരിടാൻ എനിക്ക് ഒരു മകൻ ഇല്ലാതെ പോയല്ലോ എന്ന ദുഃഖമാണ് എനിക്കിപ്പോൾ എന്നു പറയുകയുണ്ടായി.**

ഇത്ര സഹൃദയനായ ഒരു സാഹിത്യ ആസ്വാദകനെയോ പ്രഭാഷകനെയോ നമുക്ക് കണ്ടെത്താൻ പറ്റില്ല. ഒരിക്കൽ ഇ. അഹമ്മദ് ശിവഗിരിയിൽ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം മതപരമായി ചെയ്ത ഒരു പ്രസ്താവന അഴീക്കോട് മാഷിൽ വേദനയുണ്ടാക്കി. അത് അദ്ദേഹം പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. പ്രസംഗത്തിന്റെ ഒരു ഘട്ടമെത്തിയപ്പോൾ ഇ.അഹമ്മദ് മത്സരിക്കുമ്പോൾ അദ്ദേഹത്തെ നേരിടാൻ എനിക്ക് ഒരു മകൻ ഇല്ലാതെ പോയല്ലോ എന്ന ദുഃഖമാണ് എനിക്കിപ്പോൾ എന്നു പറയുകയുണ്ടായി.

ശ്രീനാരായണപ്രസ്ഥാനത്തെക്കുറിച്ച്, എസ്.എൻ.ഡി.പി. നേതൃത്വത്തെക്കുറിച്ച് പറഞ്ഞപ്പോൾ ചന്ദനമരത്തിൽ ചുറ്റിയ വിഷപ്പാമ്പാണെന്നാണ് ശ്രീ വെള്ളാപ്പള്ളിയെ വിശേഷിപ്പിച്ചത്. ഇതൊന്നും പറയുന്നതിന് അദ്ദേഹത്തിന് യാതൊരു കൂസലും ഉണ്ടായിരുന്നില്ല. മോഹൻലാലുമായി വിയോജിച്ച സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു, മോഹൻലാലും മമ്മൂട്ടിയും ഉണങ്ങിയ വടവൃക്ഷങ്ങളാണെന്ന്. എത്ര സസൂക്ഷ്മമായ നിരീക്ഷണങ്ങളും പഠനങ്ങളുമാണ് അദ്ദേഹത്തിൽ നിന്നും ഉണ്ടായിട്ടുള്ളത്.

ഇപ്പോൾ അദ്ദേഹം ഉണ്ടായിരുന്നുവെങ്കിൽ ശബരിമല കൊള്ളയെക്കുറിച്ച് അദ്ദേഹം ഏതു രൂപത്തിൽ പ്രതികരിക്കുമായിരുന്നു എന്ന് ചിന്തിച്ചുനോക്കുക. കഴിഞ്ഞ ദിവസം ജാതിയുടെ പേരിൽ ആക്ഷേപിക്കപ്പെട്ട്, നിറത്തിന്റെ പേരിൽ ആക്ഷേപിക്കപ്പെട്ട് നിതിൻ രാജ് എന്ന കുട്ടി കെട്ടിടത്തിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത സംഭവത്തിൽ കേരളത്തിലെ ഒരു സാംസ്കാരിക നായകന്മാരും പ്രതികരിച്ചതായി അറിയില്ല. സുകുമാർ അഴീക്കോട് ഉണ്ടായിരുന്നുവെങ്കിൽ ഏതു രൂപത്തിലായിരിക്കും അദ്ദേഹം പ്രതികരിക്കുക.

അദ്ധ്യക്ഷപ്രസംഗം നടത്തിയ അസംഗാനന്ദ സ്വാമി പറഞ്ഞു, ശൂന്യമായി കിടക്കുന്നു എന്ന്. അഴീക്കോട് മാഷിനെക്കുറിച്ച് പഠിച്ചിട്ടുള്ള ഏതൊരു വ്യക്തിയും, കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക ജീവിതത്തെ വിലയിരുത്തുന്ന ഏതൊരു വ്യക്തിയും, ഈ കേരളത്തിന്റെ നഭസ്സ്, വിമർശനത്തിന്റെ നഭസ്സ്, ശൂന്യമായി കിടക്കുന്നു എന്നു തന്നെ പറയും. അതിന് യാതൊരു സംശയവും ഇല്ല. അടുത്ത കാലത്തൊന്നും അതു മാറുകയുമില്ല.

അഴീക്കോട് മാഷിനെക്കുറിച്ച് എത്രപറഞ്ഞാലും തീരുകയില്ല. ആ മഹാനുഭാവന്റെ ദീപ്തമായ സ്മരണക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്, അദ്ദേഹത്തെ സ്മരിക്കുവാനായി നിങ്ങളെല്ലാം തയ്യാറായി മുന്നോട്ടു വന്നതിൽ, ഈ ശിവഗിരിയിലേക്കു വന്നതിൽ, ഇങ്ങനെ ഒരു സദസ്സ് സംഘടിപ്പിക്കുവാൻ നിങ്ങളെല്ലാവരും തയ്യാറായതിലുള്ള സന്തോഷം അറിയിക്കുന്നു.

ശ്രീനാരായണ ഗുരു വിശ്വഗുരുവാണ്. ജാതിയോ മതമോ ഒന്നുമില്ലായിരുന്നു. അദ്ദേഹത്തെ എത്രയധികം തെറ്റിദ്ധരിച്ചാണ് നമ്മൾ, കേരളീയ സമൂഹം, കരുതിവച്ചിരിക്കുന്നത്. ഗുരുവിന്റെ ജീവിതത്തിലെ ഒരു സംഭവം കൂടി പറയാം. ഒരു യൂറോപ്യൻ ഗുരുവിന്റെ ശിഷ്യനായി വന്നു. ഏണസ്റ്റ് ക്ലാർക്ക്



എന്നായിരുന്നു പേര്. അദ്ദേഹം രമണ മഹർഷിയുടെ അടുക്കൽ നിന്നും ഗുരുവിനെക്കുറിച്ച് അറിഞ്ഞ് ശിവഗിരിയിൽ വന്നു. ആ ഇടയ്ക്ക് ശിവഗിരിയിൽ വച്ച് ഒരു വിവാഹം നടന്നു. ജർമ്മനിയിൽ പഠിക്കാൻ പോയ കരുണാകരൻ അവിടെവച്ച് ഒരു മാർഗരറ്റിനെ സ്നേഹിച്ചു. മാർഗരറ്റുമായി വീട്ടിൽ വന്നപ്പോൾ ഈ ക്രിസ്ത്യൻ പെണ്ണിനെ നമ്മുടെ വീട്ടിൽ കേറ്റി താമസിപ്പിക്കുകയില്ല എന്നായി. ഗുരു അതിൽ ഇടപെട്ടു. ശിവഗിരിയിൽ വച്ച് കല്യാണം നടത്താമെന്നായി. ഗുരു കല്പിച്ചു കഴിഞ്ഞാൽ വിപരീതമായി ആരും ഒന്നും പറയില്ല. ശിവഗിരിയിൽ വച്ച് കല്യാണം നടന്നു. ഗുരു മാലയെടുത്തു കൊടുത്തു. ഏതാണ്ട് ആദ്യത്തെ മിശ്രവിവാഹം എന്നു പറയാം. ഇതൊക്കെ കണ്ട സായിപ്പിനു സന്തോഷമായി. ഗുരു സായിപ്പിനോടു പറഞ്ഞു. ഇവിടെ കൂടിയിരിക്കുന്ന എല്ലാവരും വരന്റെ കൂട്ടത്തിൽപ്പെട്ടവരാണ്. വധുവിന്റെ കൂട്ടത്തിൽ നിന്നും ഈ സായിപ്പേയുള്ളൂ. ഗുരുവിന്റെ നിർദ്ദേശപ്രകാരം സായിപ്പ് സംസാരിച്ചു. അതിനുശേഷം ഗുരു പറഞ്ഞു, പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ വേർതിരിവുകളില്ലാതെ, ലോകം ഒന്നായി തീരുന്ന ഒരു കാലം ഉണ്ടാകും. അതിനു തുടക്കമാകട്ടെ ഈ സംഭവം. ഇനി താൻ ഒരിക്കലും സ്വാമിയെ വിട്ടു പോകുകയില്ലായെന്ന് ക്ലാർക്ക് പറഞ്ഞു. ഞാൻ ഒരു സംന്യാസി ആകാൻ ആഗ്രഹിക്കുന്നു.

ശിവഗിരിയിൽ അക്കാലത്ത് മഹാന്മാരായ പലതും സംന്യസിച്ചു. അവർക്കെല്ലാം ഗുരു ഓരോ പേരുകൾ കൊടുത്തു. വിദ്യാനന്ദൻ, ആത്മാനന്ദൻ എന്നൊക്കെ പേരുകൾ നൽകി. സായിപ്പും സംന്യാസിയായി. തല മൊട്ടയടിക്കേണ്ടാ എന്നായി ഗുരു. വ്രതമെടുക്കണ്ടേ എന്നു ചോദിച്ചപ്പോൾ അതു നല്ലതാണെന്നു പറഞ്ഞു. ഓരോ ശിഷ്യന്മാർക്കും കാഷായവും പേരും നൽകി. ക്ലാർക്കിന് നൽകുന്നതിനായി ഗുരുവിന്റെ ശിഷ്യൻ കാഷായം എടുത്തു ഗുരുവിന് നൽകിയപ്പോൾ ഗുരു ആംഗ്യം കാണിച്ചു. മുറിയിൽ ഒരു പൊതിക്കെട്ടിരുപ്പുണ്ട്. അതെടുത്തു കൊണ്ടുവന്നു. അതിൽ പാന്റ്സും കോട്ടും ഷൂസും ടൈയും കൊടുത്തു. ക്ലാർക്ക് അതു ധരിച്ചുവന്നപ്പോൾ ഗുരു ടൈ കെട്ടിക്കൊടുത്തു. പേരു നൽകി. സ്വാമി ഏണസ്റ്റ് ക്ലാർക്ക്.

ക്ലാർക്ക് പിന്നീട് കോയമ്പത്തൂരിൽ ദ് ലൈഫ് എന്ന ഇംഗ്ലീഷ് മാസിക നടത്തി അവിടെ താമസിച്ചപ്പോൾ ഗുരു നിത്യചൈതന്യയതി അവിടെ ചെന്നു. അപ്പോൾ സായിപ്പ് ഒരു ബക്കറ്റിൽ വെള്ളവുമായി ലാട്രിനിലേക്കു പോകുകയാണ്. കഴുത്തിൽ ടൈ കെട്ടിയിട്ടുണ്ട്. ഇതെന്താ ഈ സമയത്ത് ടൈ കെട്ടിയിരിക്കുന്നതെന്ന് നിത്യ ചൈതന്യയതി ചോദിച്ചു. എനിക്കു ഗുരു സംന്യാസത്തിന്റെ ചിഹ്നമായി കെട്ടിത്തന്ന ടൈയാണ് ഇതെന്നു പറഞ്ഞു.

ശ്രീനാരാണഗുരുവിന്റെ സങ്കല്പം എത്ര വിശേഷപ്പെട്ടതാണെന്ന് മനസ്സിലായില്ലേ. വിവേകാനന്ദ സ്വാമി അമേരിക്കയിൽ പ്രസംഗിക്കാൻ പോയപ്പോൾ അവിടെയുണ്ടായിരുന്ന ഒരു മാർഗരറ്റ് നോബിൾ ശിഷ്യയാകാൻ താല്പര്യപ്പെട്ടപ്പോൾ തല മുണ്ഡനം ചെയ്ത് കാഷായവസ്ത്രവും ധരിച്ചിട്ടാണ് സിസ്റ്റർ നിവേദിതയായത്. ശ്രീനാരായണ ഗുരു സ്കൂളിലും കോളേജിലും ഒന്നും പഠിച്ചിട്ടില്ല. ഇംഗ്ലീഷും പഠിച്ചിട്ടില്ല. ഋഷിയെപ്പോലെ ജീവിച്ച ആളാണ്. എന്നാൽ ഗുരുവിന്റെ ദീർഘമായ സങ്കല്പങ്ങൾ, ജാതിക്കും മതത്തിനും ദേശത്തിനും അതീതമായി നിന്നുകൊണ്ട് ലോകത്തെ ഒന്നായി കണ്ടുകൊണ്ടുള്ള വീക്ഷണം ഓരോരുത്തരും വിചിന്തനം ചെയ്യണം. ഗുരു ക്ലാർക്കിന് കാഷായം കൊടുത്ത് പേരും മാറ്റിയിരുന്നുവെങ്കിൽ ഗുരുവിന്റെ 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്നതിനും 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്നതിനും എന്തെങ്കിലും അർത്ഥം ഉണ്ടാകുമായിരുന്നുവോ.

പറഞ്ഞതൊക്കെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി. ഒരൊറ്റ ലോകം, ഒരൊറ്റ ജനത, ഒരൊറ്റ നീതി. ഇതായിരുന്നു ഗുരുവിന്റെ ദർശനം. ആ ഗുരുവിന്റെ ദർശനം ഉൾക്കൊണ്ടു ജീവിച്ച മഹാനുഭാവനാണ് സുകുമാർ അഴീക്കോട്. അദ്ദേഹത്തിന്റെ ആദർശ ഗുരുക്കന്മാർ ഗുരുവും മഹാത്മഗാന്ധിയും ഉപനിഷത്തുക്കളുമായിരുന്നു. അദ്ദേഹം എക്കാലവും പ്രചോദനമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ സമ്മേളനം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചുകൊള്ളുന്നു.

*(അഴീക്കോട് ജന്മശതാബ്ദി ആഘോഷസമിതിയുടെ നേതൃത്വത്തിൽ 2026 ഏപ്രിൽ 16ന് രാവിലെ 11ന് ശിവഗിരി ഗുരുകുലത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് നടത്തിയ പ്രസംഗം- പകർത്തെഴുത്ത്* **ജോർജ് തഴക്കര***)*

www.timesofamericanmalayali.com
അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക
ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com




ഞാൻ തെരഞ്ഞെടുത്തത് ശരിയാണോ, എനിക്ക് പലപ്പോഴും സംശയമുണ്ടായിരുന്നു, കാരണം നമ്മൾ എല്ലായ്പ്പോഴും വിജയിക്കാറില്ല. ഞാൻ തോറ്റപ്പോൾ, ഞാൻ നന്നായി പ്രകടനം നടത്താത്തപ്പോൾ, എനിക്ക് പരിക്കേറ്റപ്പോൾ ഒക്കെ എന്റെ കുടുംബം എന്നെ പിന്തുണച്ചു, ഒരു ദിവസം മോശമായിയെന്നുവച്ച്, ഒരു വർഷം മോശമായിയെന്നുവച്ച്, അത് നമ്മുടെ ജീവിതം ആകെ നശിപ്പിക്കുകയൊന്നുമില്ല. സ്വപ്നം കാണുന്നത് നിർത്തരുത്. നീ അത് ചെയ്തില്ലെങ്കിൽ, മറ്റാരും അത് ചെയ്യില്ലെന്ന് എന്റെ പരിശീലകനും എന്നെ പഠിപ്പിച്ചു. അതിനാൽ, നമ്മുടെ ചുറ്റുമുള്ള ആളുകൾ നമ്മെ പ്രോത്സാഹിപ്പിക്കുമ്പോൾ, നമ്മുടെ മോട്ടിവേഷൻ ഒരിക്കലും തകരില്ല.

പ്രധാനമന്ത്രി: അനിമേഷ്

അനിമേഷ്: സർ, 2021ൽ ഞാൻ അത്‌ലറ്റിക്സ് ആരംഭിച്ചപ്പോൾ, എല്ലാവരും എന്നോട് പറയുമായിരുന്നു, നോക്കൂ, ഇതൊരു പുതിയ മേഖലയാണ്, നിനക്ക് അത് ചെയ്യാൻ കഴിയുമോ? അപ്പോൾ, ഞാൻ പറഞ്ഞു, ഇപ്പോൾ ഞാൻ ഇ ൗ മേഖലയിലേക്ക് വന്നു, ഞാൻ തീർച്ചയായും അത് ചെയ്യും.എന്റെ അച്ഛൻ എ പ്പോഴും എന്നോട് പറയുമായിരുന്നു, നീ ഈ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ടെങ്കിൽ ഒരിക്കലും തിരിഞ്ഞു നോക്കരുത്, കാരണം, എല്ലാവരും അത് ചെയ്യണം, ഇത് ചെയ്യണമെന്നൊക്കെ ചിന്തിക്കും, പക്ഷേ വളരെ കുറച്ചുപേർ മാത്രമേ അത് ചെയ്തു കാണിക്കൂ. നീ ഈ മേഖലയിലേക്ക് വന്നല്ലോ, ഇതിൽ ഉറച്ചുനിൽക്കുക, ഇതിൽ മുന്നേറുക. നിനക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ലഭിക്കും, എല്ലാറ്റിലും ഞങ്ങൾ നിന്നെ പിന്തുണയ്ക്കും. കുടുംബത്തിന്റെ പിന്തുണ, സാമ്പത്തിക പിന്തുണ, എല്ലാം നിനക്ക് ഉറപ്പുവരുത്തും, നീ കഠിനാധ്വാനം ചെയ്യുക, ഭാരതീയർക്കും ഓടാൻ കഴിയുമെന്ന് നാട്ടുകാരെ കാണിക്കുക. കാരണം ഭാരതീയരുടെ ജീനുകൾ സബ് 10 അല്ലെങ്കിൽ സബ് 10.1 ൽ ഓടാൻ കഴിയുന്ന തരത്തിലല്ല എന്ന്, ഭാരതീയർക്ക് സ്പ്രിന്റ് ചെയ്യാൻ കഴിയുമോ എന്ന്, ഒക്കെ ആളുകൾ എന്നോട് പറയാറുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ ഭാരതീയർക്കും അത് ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ രണ്ടുപേരും തെളിയിച്ചിരിക്കുന്നു. നമുക്ക് ചെയ്യാൻ കഴിയാത്തതായി ഒന്നുമില്ല, വിചാരിച്ചാൽ നമുക്ക് എല്ലാം ചെയ്യാൻ കഴിയും. അതിനാൽ സർ, ഇതെല്ലാം എന്നെ വളരെയധികം പ്രചോദിപ്പിക്കുന്നു, ഞങ്ങൾ പരിശീലനം നടത്തുമ്പോൾ, ഞങ്ങൾ തന്നെ ഞങ്ങളുടെ ടൈമിംഗ് മറികടക്കുന്നു. മറ്റ് ഭാരതീയരും ഇത് കാണുന്നു. ഭാരതീയർക്കും ഇത് ചെയ്യാൻ കഴിയും. ഞങ്ങൾ ഇനിയും ചെയ്യും സർ. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും കോമൺവെൽത്ത് ഗെയിംസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു, വരാനിരിക്കുന്ന മത്സരത്തിൽ ഞങ്ങൾ മികച്ച പ്രകടനം കാഴ്ചവയ്ക്കും.

**എന്റെ അച്ഛൻ എ പ്പോഴും എന്നോട് പറയുമായിരുന്നു, നീ ഈ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ടെ ങ്കിൽ ഒരിക്കലും തിരിഞ്ഞു നോക്കരുത്, കാരണം, എല്ലാവരും അത് ചെയ്യണം, ഇത് ചെയ്യണമെന്നൊക്കെ ചിന്തിക്കും, പക്ഷേ വളരെ കുറച്ചുപേർ മാത്രമേ അത് ചെയ്തു കാണിക്കൂ. നീ ഈ മേഖലയിലേക്ക് വന്നല്ലോ, ഇതിൽ ഉറച്ചുനിൽക്കുക, ഇതിൽ മുന്നേറുക. നിനക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ലഭിക്കും, എല്ലാറ്റിലും ഞങ്ങൾ നിന്നെ പിന്തുണയ്ക്കും. കുടുംബത്തിന്റെ പിന്തുണ, സാമ്പത്തിക പിന്തുണ, എല്ലാം നിനക്ക് ഉറപ്പുവരുത്തും, നീ കഠിനാധ്വാനം ചെയ്യുക, ഭാരതീയർക്കും ഓടാൻ കഴിയുമെന്ന് നാട്ടുകാരെ കാണിക്കുക. കാരണം ഭാരതീയരുടെ ജീനുകൾ സബ് 10 അല്ലെങ്കിൽ സബ് 10.1 ൽ ഓടാൻ കഴിയുന്ന തരത്തിലല്ല എന്ന്, ഭാരതീയർക്ക് സ്പ്രിന്റ് ചെയ്യാൻ കഴിയുമോ എന്ന്, ഒക്കെ ആളുകൾ എന്നോട് പറയാറുണ്ടായിരുന്നു**

പ്രധാനമന്ത്രി: ശരി, നോക്കൂ, എനിക്ക് കൗതുകകരമായ ഒരുകാര്യം പറയാനുണ്ട്. ആളുകൾക്കും അത് ഇഷ്ടപ്പെടും. നിങ്ങൾ രണ്ടുപേരും നല്ല സുഹൃത്തുക്കളാണെന്ന് ഞാൻ കേട്ടു. നീ എന്റെ റെക്കോർഡ് തകർത്താൽ ഞാൻ നിന്റെ റെക്കോർഡ് തകർക്കുമെന്ന് നിങ്ങൾ രണ്ടുപേരും തീരുമാനിച്ചിരുന്നോ? ആദ്യം അനിമേഷ്, എന്നോട് പറയൂ.

അനിമേഷ്: സർ, ആദ്യത്തെ റെക്കോർഡ് 10.18 ആയിരുന്നു, അത് എന്റേതായിരുന്നു, തുടർന്ന് സെമിഫൈനലിൽ ഗുരിന്ദർവീർ ഭയ്യ 10.17 ചെയ്തുകൊണ്ട് അത് തകർത്തു, രണ്ടാമത്തെ സെമിഫൈനലിൽ 10.15 ചെയ്തുകൊണ്ട് ഞാൻ വീണ്ടും അത് തകർത്തു. എന്റെ സെമിഫൈനൽ നടന്നപ്പോൾ, ഞാൻ കരുതി കുഴപ്പമില്ല, ഞങ്ങൾ രണ്ടുപേരും ഇന്ന് റെക്കോർഡുകൾ തകർത്തു, മത്സരത്തിൽ ഈ പോര് പതിവാണ്. മുമ്പ്, ഞങ്ങൾ സൗദി അറേബ്യയിലും മത്സരിക്കാൻ പോയിരുന്നു. ഞങ്ങൾ രണ്ടുപേരും അവിടെ റൂംമേറ്റുകളായിരുന്നു. ഭാരതത്തിന്റെ കുതിപ്പ് മുന്നോട്ട് കൊണ്ടുപോകണമെന്ന് ഞങ്ങൾ രണ്ടുപേരും അവിടെ, ദൃഢനിശ്ചയം ചെയ്തിരുന്നു. അത് നമ്മുടെ കൈകളിലാണ്, നമ്മൾ ചെയ്യുന്നതെന്തും മറ്റുള്ളവരെ പ്രചോദിപ്പിക്കും.

പ്രധാനമന്ത്രി: ഗുരിന്ദർവീർ, നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

ഗുരിന്ദർവീർ: നന്നായി ഓടുമെന്ന് ഞങ്ങൾ രണ്ടുപേരും തീരുമാനിച്ചിരുന്നു. പരസ്പരം ആവശ്യമുള്ളപ്പോഴെല്ലാം, ഞങ്ങൾ ഒരുമിച്ച് നിൽക്കുന്നു. ഇപ്പോൾ റെക്കോർഡ് നേടുന്നതിന് മുമ്പ്, ഞാൻ റെക്കോർഡിട്ടു, പിന്നീട് അനിമേഷ് റെക്കോഡിട്ടു. ഞങ്ങൾ വാം അപ്പ് ചെയ്യുമ്പോൾ, ഞാൻ അനിമേഷിനോട് പറയുകയായിരുന്നു, അനിമേഷ്, ആ ബ്ലോക്ക് നല്ലതാണ്, പോയി അതിൽ സ!ട്രൈഡ് ചെയ്യൂ, നമുക്ക് ഇവിടെ വാം അപ്പ് ചെയ്യാം, വാം അപ്പ് ഇവിടെയാണെങ്കിൽ, നമുക്ക് പരസ്പരം സഹായിക്കാൻ പറ്റും, നമ്മൾ പരസ്പരം സഹായിച്ചാൽ, ഇരുവരും മെച്ചപ്പെടും, നമ്മൾ മെച്ചപ്പെടും. അതിനാൽ സൗഹൃദം ആവശ്യമാണ്, പക്ഷേ സർ, അത് ഗ്രൗണ്ടിന് പുറത്താണ്, മത്സരത്തിന് പുറത്താണ്, അവിടെ ഞങ്ങൾ സുഹൃത്തുക്കളാണ്. ഗ്രൗണ്ടിൽ ഇറങ്ങുമ്പോൾ, ഞങ്ങൾ മത്സരാർത്ഥികളായി മാറുന്നു. അതിനാൽ ഞാൻ അവനെക്കാൾ വേഗത്തിൽ ഓടും എന്ന് ഇരുവരും ചിന്തിക്കും.

പ്രധാനമന്ത്രി: നോക്കൂ, നിങ്ങൾ പങ്കെടുത്ത മത്സരങ്ങൾ രാജ്യത്തിന്റെ അഭിമാനം വർദ്ധിപ്പിച്ചു, ഭാവിയിൽ രാജ്യത്തെ ഈ മേഖലയിൽ മുന്നോട്ട് കൊണ്ടുപോകുന്ന തരത്തിൽ എത്രമാത്രം പോസിറ്റീവ് മനോഭാവത്തോടെയാണ് നിങ്ങൾ പ്രവർത്തിച്ചത്. നിങ്ങളുടെ ഈ സ്പോർട്സ്മാൻ സ്പിരിറ്റ്; കളിക്കാനും, പരസ്പരം വെല്ലുവിളിക്കാനും, മുന്നോട്ട് പോകാൻ പരിശ്രമിക്കാനും, വീണ്ടും പരസ്പരം മുന്നോട്ട് പോകാൻ സഹായിക്കാനുമുള്ള അത്ഭുതകരമായ ഒരു ജോലിയാണ് നിങ്ങൾ ചെയ്തതെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്ക് എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ, എന്റെ ആശംസകൾ, നിങ്ങൾ രാജ്യത്തിന്റെ കീർത്തി വർദ്ധിപ്പിക്കും. നിങ്ങൾ ഇതുപോലെ കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുക. പുരോഗതി ഉണ്ടാകും, എനിക്ക് ഉറപ്പുണ്ട്, എന്റെ ആശംസകൾ.

ഗുരിന്ദർവീർ/അനിമേഷ്: നന്ദി സർ, നന്ദി.

പ്രധാനമന്ത്രി: വളരെ നന്ദി.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, ഇപ്പോൾ രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും കൊടും ചൂടാണ്. ശക്തമായ വെയിൽ, ചൂടുള്ള കാറ്റ്, അത്തരം കാലാവസ്ഥയിൽ സ്വയം ശ്രദ്ധിക്കേണ്ടത് നിർണായകമാണ്. വെള്ളം കുടിക്കുന്നത് തുടരുക. നിങ്ങൾ വെയിലത്ത് പോകേണ്ടിവന്നാൽ, ജാഗ്രത പാലിക്കുക. ഇക്കാര്യത്തിൽ വിവിധ സർക്കാർ വകുപ്പുകൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മറക്കരുത്.

സുഹൃത്തുക്കളേ,

ഇവിടെ, ചൂടിനെ ചെറുക്കാനുള്ള മാർഗം പലപ്പോഴും അടുക്കളയിലാണ്. ചൂട് കൂടുന്നതിനനുസരിച്ച് അടുക്കളയിലെ രുചികൾ മാറുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ചില സ്ഥലങ്ങളിൽ, കൂജയിൽ നിന്നുള്ള വെള്ളമാണെങ്കിൽ, ചിലയിടത്ത് തൈര്, പച്ചമാങ്ങ പാനീയം ഉണ്ടാക്കുന്നു അങ്ങനെയങ്ങനെ നാടൻ പാനീയങ്ങളുടെ കാലം ആരംഭിക്കുന്നു. നിങ്ങൾക്ക് ഭാരതീയ പാനീയങ്ങൾ പരിചിതമാണ്. നിങ്ങൾ വടക്കേ ഇന്ത്യ സന്ദർശിക്കുകയാണെങ്കിൽ, പല സ്ഥലങ്ങളിലും പച്ചമാങ്ങയുടെ രുചി പകരുന്ന ആം പന്നയും അതുവഴി ചൂടിൽ നിന്ന് ആശ്വാസവും ലഭിക്കും. പഞ്ചാബിലേക്കും ഹരിയാനയിലേക്കും പോകുമ്പോൾ ഒരു വലിയ ഗ്ലാസിൽ ലസ്സി കാണാം. രാജസ്ഥാനിലും ഗുജറാത്തിലും, എല്ലാ ഭക്ഷണത്തിനും മോര് ഒരു കൂട്ടായി മാറുന്നു. മാത്രമല്ല, ബിഹാർ, ഝാർഖണ്ഡ്, കിഴക്കൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ, സത്തു സർബത്ത് ഗംഭീരമാണ് അത് വയറു നിറയ്ക്കുകയും ശക്തി നൽകുകയും ചെയ്യുന്നു. കൊങ്കണിലെയും ഗോവയിലെയും കോകം സർബത്തും സോൾ കഢിയും. ദക്ഷിണേന്ത്യയിലെ പാനകം, മോര്, സംഭാരം, ഒഡീഷയിലെ ബേൽ പന എന്നിവയും വെറും പാനീയങ്ങളല്ല, ഭാരതത്തിലെ വിവിധ പ്രദേശങ്ങളുടെ പാരമ്പര്യങ്ങളുടെ ഭാഗമാണ്, അവ ഏക് ഭാരത് ശ്രേഷ്ഠ ഭാരത്എന്നതിന്റെ സത്തയെയും പ്രതിഫലിപ്പിക്കുന്നു. ഒരു കാര്യം മനസ്സിൽ സൂക്ഷിക്കണം, ഇവയിൽ മിക്കതും നമ്മുടെ സ്വന്തം അടുക്കളകളിൽ നിന്നും, നമ്മുടെ കൃഷിയിടങ്ങളിൽ നിന്നും, കളപ്പുരകളിൽ നിന്നും വന്നതാണ്. ബ്രാൻഡിംഗ് ഇല്ല, പക്ഷേ അവ തലമുറകളുടെ അനുഭവം പേറുന്നു. വേനൽക്കാലത്ത് നിങ്ങളും, ഈ നാടൻ പാനീയങ്ങൾ ആസ്വദിക്കണം.

സുഹൃത്തുക്കളേ,

വേനൽക്കാലം വരുമ്പോൾ, എല്ലാ വീട്ടിലും മറ്റൊരു ചർച്ചാ വിഷയം ആരംഭിക്കുന്നു: മാമ്പഴം. മാമ്പഴം ഒരു സാധാരണ ചർച്ചാ വിഷയമാണ്; വേനൽക്കാലത്ത് മാമ്പഴം ചർച്ച ചെയ്യപ്പെടാത്ത ഒരു വീടും ഭാരതത്തിൽ ഇല്ല. ഓരോ പ്രദേശത്തിനും അതിന്റേതായ മാമ്പഴം, സ്വന്തം രുചി, സ്വന്തം സുഗന്ധം എന്നിവയുണ്ട്. മഹാരാഷ്ട്രയിലും കൊങ്കണിലും ഹാപ്പുസ്, അൽഫോൻസോ, ഗുജറാത്തിൽ കേസർ ഇവയാണ് ഏറ്റവും മികച്ച മാമ്പഴയിനങ്ങൾ: ഉത്തർപ്രദേശിലെ ദസഹരി, എന്റെ കാശിയിലെ ലാംഗ്ര. ലാംഗ്ര മാമ്പഴത്തിന് ഒരു പ്രത്യേക ഗുണമുണ്ട് പഴുത്തതിനുശേഷവും അതിന്റെ നിറം പലപ്പോഴും പച്ചയായി തന്നെ തുടരും. ദൂരെ നിന്നുപോലും സുഗന്ധം തിരിച്ചറിയാൻ കഴിയുന്ന ബിഹാറിലെ ജർദാലു. ചൗസ, മാൾഡ ആളുകൾക്ക് ഓരോരോ പേരുമായി ബന്ധപ്പെട്ട ഓർമ്മകളുണ്ട്. ദക്ഷിണഭാരതത്തിലേക്ക് പോയാൽ, ബംഗനപ്പള്ളി, തോതാപുരി, നീലം, മാൽഗോവ, ബംഗാളിലെ ഹിംസാഗർ, ഒഡീഷയിലെ, ആന്ധ്രാപ്രദേശിലെ സുവർണരേഖ എന്നിവയുമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്ഥലം മാറുന്നതിനനുസരിച്ച്, മാമ്പഴത്തിന്റെ രൂപവും നിറവും രുചിയും മാറുന്നു.

സുഹൃത്തുക്കളേ, മാമ്പഴത്തിന്റെ ഈ യാത്ര ഇപ്പോൾ ഗ്രാമത്തിൽ നിന്ന്




ആഗോള വിപണിയിലേക്ക് എത്തുകയാണ്. ഇന്ന്, മൻ കി ബാത്ത്‌വഴി, മാമ്പഴ ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന എന്റെ കർഷക സഹോദരീ സഹോദരന്മാരെ ഞാൻ പ്രശംസിക്കുന്നു. നിങ്ങൾ സാധാരണ കർഷകർ മാത്രമല്ല, രാജ്യത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം നിങ്ങൾ വളരെ പ്രത്യേകതയുള്ളവരാണ്. നിങ്ങൾ ഇതുപോലെ ജനപ്രിയരായിരിക്കട്ടെ.

സുഹൃത്തുക്കളേ,

ഈ വേനൽക്കാല ദിവസങ്ങളിൽ, സ്കൂളുകൾക്ക് അവധിയുള്ളപ്പോൾ, നിങ്ങൾ ചേരാൻ ആഗ്രഹിക്കുന്ന ഒരു ക്ലാസിനെക്കുറിച്ച് ഞാൻ സംസാരിക്കാം. സുഹൃത്തുക്കളേ, ഒരു സാഹചര്യം സങ്കൽപ്പിക്കുക: കുട്ടികളും പ്രായമായവരും ഒരുപോലെ പഠിക്കുന്ന ഒരു സ്കൂൾ, അവിടെ ഫീസില്ല, വലിയ കെട്ടിടങ്ങളില്ല, ക്ലാസ് മുറികളില്ല, ഏറ്റവും രസകരമെന്നു പറയട്ടെ, നദിയിൽ ക്ലാസുകൾ നടക്കുന്നു. സുഹൃത്തുക്കളേ, ഇതൊരു കെട്ടുകഥയല്ല. ഇത് യഥാർത്ഥമായ ഒരു സംരംഭമാണ്. കേരളത്തിലെ ആലുവയിൽ, സജി വാലശേരിൽ ഒരു നീന്തൽ ക്ലബ് നടത്തുന്നു. ഇതുവരെ, 15,000ത്തിലധികം ആളുകൾ ഇവിടെ നീന്തൽ പഠിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെപ്പോലും സജി നീന്തൽ പഠിപ്പിച്ചിട്ടുണ്ട്. ഈ ശ്രമത്തിന് പിന്നിൽ ആഴത്തിലുള്ള നൊമ്പരം ഒളിഞ്ഞിരിക്കുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ്, നിരവധി വിദ്യാർത്ഥികൾ ബോട്ടപകടത്തിൽ മരണപ്പെട്ടു. ആ സംഭവം സജിയെ വല്ലാതെ ഉലച്ചു. കുട്ടികൾക്ക് നീന്താൻ അറിയാമായിരുന്നെങ്കിൽ, ഒരുപക്ഷേ പലരും രക്ഷപ്പെടുമായിരുന്നുവെന്ന് അദ്ദേഹം കരുതി അവിടെ നിന്നാണ് തന്റെ ദൗത്യം ആരംഭിച്ചത്.

**ഈ വേനൽക്കാല ദിവസങ്ങളിൽ, സ്കൂളുകൾക്ക് അവധിയുള്ളപ്പോൾ, നിങ്ങൾ ചേരാൻ ആഗ്രഹിക്കുന്ന ഒരു ക്ലാസിനെക്കുറിച്ച് ഞാൻ സംസാരിക്കാം. സുഹൃത്തുക്കളേ, ഒരു സാഹചര്യം സങ്കൽപ്പിക്കുക: കുട്ടികളും പ്രായമായവരും ഒരുപോലെ പഠിക്കുന്ന ഒരു സ്കൂൾ, അവിടെ ഫീസില്ല, വലിയ കെട്ടിടങ്ങളില്ല, ക്ലാസ് മുറികളില്ല, ഏറ്റവും രസകരമെന്നു പറയട്ടെ, നദിയിൽ ക്ലാസുകൾ നടക്കുന്നു. സുഹൃത്തുക്കളേ, ഇതൊരു കെട്ടുകഥയല്ല. ഇത് യഥാർത്ഥമായ ഒരു സംരംഭമാണ്. കേരളത്തിലെ ആലുവയിൽ, സജി വാലശേരിൽ ഒരു നീന്തൽ ക്ലബ് നടത്തുന്നു. ഇതുവരെ, 15,000ത്തിലധികം ആളുകൾ ഇവിടെ നീന്തൽ പഠിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെപ്പോലും സജി നീന്തൽ പഠിപ്പിച്ചിട്ടുണ്ട്.**

സുഹൃത്തുക്കളേ,

സജി വാലശേരിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വലിയൊരു പാഠമാണ്. സേവനത്തിന് വലിയ വിഭവങ്ങൾ ആവശ്യമില്ല വേണ്ടത് നല്ല ഉദ്ദേശ്യവും സ്ഥിരമായ പരിശ്രമവുമാണ്. ഇവ ഉപയോഗിച്ച് ആയിരക്കണക്കിന് ആളുകളുടെ ജീവിതത്തെ പരിവർത്തനം ചെയ്യാൻ കഴിയും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

അടുത്തിടെ എനിക്ക് യൂറോപ്പിലെ നെതർലാൻഡ്സ് സന്ദർശിക്കാൻ അവസരം ലഭിച്ചു. ഞാൻ അവിടെ നിരവധി യോഗങ്ങളിൽ പങ്കെടുത്തു. ഈ സമയത്ത്, ഓരോ ഭാരതീയനും അഭിമാനം തോന്നുന്ന ഒരു നിമിഷം ഉണ്ടായി. നെതർലൻഡ്സിൽ നടന്ന ഒരു പ്രത്യേക ചടങ്ങിൽ, ചോള കാലഘട്ടത്തിലെ പുരാതന ചെമ്പ് തകിടുകൾ ഭാരതത്തിന് അവർ തിരികെ തന്നു. നെതർലൻഡ്സിന്റെ പ്രധാനമന്ത്രിയും ആ പരിപാടിയിൽ പങ്കെടുത്തു. ഈ ചെമ്പ് തകിടുകളെക്കുറിച്ച് ഭാരതത്തിൽ നിന്നും വിദേശത്തുനിന്നും എനിക്ക് തുടർച്ചയായ സന്ദേശങ്ങൾ ലഭിക്കുന്നുണ്ട്. ആളുകൾ സന്തോഷവും അഭിമാനവും പ്രകടിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള തമിഴർ അവയെ പ്രതി ഉത്സാഹഭരിതരാണ്.

സുഹൃത്തുക്കളേ,

ഈ ചെമ്പ് തകിടുകളെക്കുറിച്ച് ആളുകൾക്കിടയിൽ വളരെയധികം ജിജ്ഞാസയുണ്ട്. അതിനാൽ, ഇന്ന് അവയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ നിങ്ങളുമായി പങ്കിടാൻ ആഗ്രഹിക്കുന്നു. 21 വലുതും, മൂന്ന് ചെറുതുമായ ചെമ്പ് തകിടുകൾ ഉണ്ട്. ഇവ പ്രധാനമായും രാജേന്ദ്ര ചോളൻ ഒന്നാമൻ രാജാവ്, തന്റെ പിതാവായ രാജരാജ ചോളൻ നൽകിയ വാഗ്ദാനം നിറവേറ്റുന്നതുമായി, ബന്ധപ്പെട്ടതാണ്. ആനൈമംഗലം ഗ്രാമം ഒരു ബുദ്ധവിഹാരത്തിന് ദാനം ചെയ്തതിനെക്കുറിച്ചും ഇതിൽ പരാമർശിക്കുന്നു. ഈ ചെമ്പ് തകിടുകൾ ചോള രാജവംശത്തിന്റെ നേട്ടങ്ങളെയും വിവരിക്കുന്നു. ചോള സാമ്രാജ്യത്തിന്റെ ശക്തമായ നാവികശക്തിയെ ഇവ വെളിപ്പെടുത്തുന്നു. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായുള്ള അവരുടെ ബന്ധത്തെക്കുറിച്ചുള്ള വിവരങ്ങളും ഇതിൽ നിന്നും ലഭിക്കുന്നു

ചോള സാമ്രാജ്യത്തിന്റെ സമ്പന്നമായ ചരിത്രത്തിലും സംസ്കാരത്തിലും നാമെല്ലാവരും വളരെയധികം അഭിമാനിക്കുന്നു. സുഹൃത്തുക്കളേ, ഭാരതത്തിന്റെ ഇത്തരം അമൂല്യമായ പൈതൃകങ്ങൾ സംരക്ഷിക്കാൻ നമ്മുടെ സർക്കാർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഗ്യാൻ ഭാരതം എന്ന ദൌത്യത്തിന് കീഴിൽ ഛത്തീസ്ഗഢിലെ മൽഹാറിൽ ഒരു പ്രധാന കണ്ടെത്തൽ നടന്നിട്ടുണ്ട്. ഇവിടെ നിന്ന് അപൂർവമായ മൂന്ന് ചെമ്പ് തകിടുകൾ കിട്ടിയിട്ടുണ്ട്. ഇവ പാണ്ഡുവംശി രാജവംശത്തിലെ മഹർഷി ബാലാർജുനന്റെ ഭരണകാലവുമായി ബന്ധപ്പെട്ടതാണെന്ന് കരുതുന്നു. ഈ ലിഖിതങ്ങൾ ആറ്ഏഴ് നൂറ്റാണ്ടുകളിലെതാണെന്ന് വിദഗ്ദ്ധർ വിശ്വസിക്കുന്നു, ആയിരത്തി അഞ്ഞൂറ് വർഷം പഴക്കമുള്ള ഈ ചെമ്പ് തകിടുകൾ പുരാതന ബ്രാഹ്മി ലിപിയിലും പാലി ഭാഷയിലുമാണ് എഴുതിയിരിക്കുന്നത്. ഇവയിൽ നിന്ന് അക്കാലത്തെ ഭരണസംവിധാനത്തെക്കുറിച്ചും, മതത്തെയും, സംസ്കാരത്തെയും കുറിച്ചും സുപ്രധാന വിവരങ്ങൾ ലഭിക്കുന്നുണ്ട്.

സുഹൃത്തുക്കളേ,

ഭാരതത്തിൽ നമുക്ക് ജ്യോതിശാസ്ത്രത്തോട് അതായത് ആസ്ട്രോണമിയോട് എപ്പോഴും ഒരു പ്രത്യേക ആകർഷകത്വം ഉണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള നിരീക്ഷണശാലകൾ നിലവിലുണ്ട്. ഇവിടെ അത്ഭുതകരമായ ഗണിതശാസ്ത്ര കണ്ടെത്തലുകൾ നടന്നിട്ടുണ്ട്. നാവിഗേഷൻ ആയാലും, പഞ്ചാംഗം ആയാലും, നമ്മുടെ ഉത്സവങ്ങളായാലും, ഇവയ്ക്കെല്ലാം ആകാശവുമായും നക്ഷത്രങ്ങളുമായും ബന്ധമുണ്ടായിരുന്നു. ജ്യോതിശാസ്ത്രം ഓരോ തലമുറയിലും കൌതുകം ഉണർത്തിയിട്ടുണ്ട്. അത് പര്യവേഷണത്തിന് അവരെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ യുവാക്കളിലും ഇതിനെക്കുറിച്ച് വലിയ ഉത്സാഹം കാണുന്നു. ഇപ്പോൾ നിങ്ങളും കാണുന്നുണ്ടാകുമല്ലോ. രാജ്യത്തുടനീളം ജ്യോതിശാസ്ത്ര കൂട്ടായ്മകൾ അതിവേഗം പ്രചാരം നേടുന്നു. വലിയ നഗരങ്ങൾ മുതൽ ചെറിയ പട്ടണങ്ങൾ വരെയും, വിദ്യാലയങ്ങൾ മുതൽ ഉദ്യാനങ്ങൾ വരെയും ഇവരുടെ പ്രവർത്തനങ്ങൾ കാണാൻ സാധിക്കുന്നു. എനിക്ക് ബാംഗ്ലൂർ ആസ്ട്രോണോമിക്കൽ സൊസൈറ്റിയെക്കുറിച്ച് വിവരം ലഭിച്ചു. ഇവിടെ നിരീക്ഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഈ സ്ഥാപനം ഗ്രാമപ്രദേശങ്ങളിൽ ജ്യോതിശാസ്ത്രത്തിന് പ്രചാരം നൽകാനുള്ള ഒരു ദൗത്യവും ആരംഭിച്ചിട്ടുണ്ട്. ഖ ഗോൾ മണ്ഡൽഎന്ന സംഘം 30 മണിക്കൂർ ദൈർഘ്യമുള്ള വളരെ പുതുമയുള്ള ഒരു പഠനപരിപാടി തുടങ്ങിയിട്ടുണ്ട്.

സുഹൃത്തുക്കളേ,

രാത്രിയിൽ നക്ഷത്രങ്ങളെ നോക്കിയിരിക്കുന്നത് തന്നെ ഒരു അത്ഭുതകരമായ അനുഭവമാണ്. ആസ്ട്രോ കേരള എന്നു പേരുള്ള ഒരു സ്ഥാപനം രാത്രികാല നിരീക്ഷണ ക്യാമ്പുകളും പരിശീലനകളരികളും സംഘടിപ്പിക്കുന്നു. ഇവിടെ, യുവ സുഹൃത്തുക്കൾ ദൂരദർശിനി നിർമ്മിക്കാനും നക്ഷത്ര ഭൂപടങ്ങൾ ഉപയോഗിക്കാനും പഠിക്കുന്നു. രാജ്കോട്ടിലെ ബിഗ് ബാംഗ് അസ്ട്രോണമി ക്ലബ് Big Bang Astronomy Club, ഗിർ വനങ്ങൾ മുതൽ കച്ചിലെ റാൻ വരെ നിരവധി ജ്യോതിർ വിദ്യ പരിസംസ്ഥ വാനനിരീക്ഷണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത് വാനനിരീക്ഷണ രംഗത്തെ ഏറ്റവും പഴയ സ്ഥാപനങ്ങളിൽ ഒന്നാണ്. ഇവിടെ നിരീക്ഷണ സൗകര്യങ്ങൾക്കൊപ്പം, പുസ്തകങ്ങൾ, ഗ്രന്ഥശാല, ദൂരദർശിനി ഗ്രന്ഥശാല എന്നിവയും ഉണ്ട്. ഐഎസ്എഎസിയെക്കുറിച്ചും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഇത് വിദ്യാർത്ഥികൾ നയിക്കുന്ന രാജ്യവ്യാപക ശൃംഖലയാണ്. അത് വാനനിരീക്ഷണത്തെയും ജ്യോതിർഭൌതികത്തെയും പരസ്പരം ബന്ധിപ്പിക്കുന്നു.

സുഹൃത്തുക്കളേ,

നമ്മളുടെ ഇഷ്ടങ്ങൾക്കായി സമയം കണ്ടെത്തുകയും തുടർച്ചയായി പുതിയ കാര്യങ്ങൾ പഠിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. ഏതെങ്കിലും ഒരു വാനനിരീക്ഷണ സംഘത്തിൽ തീർച്ചയായും ചേരണമെന്നും ഈ അവധിക്കാലത്ത് ഏതെങ്കിലും ഒരു നക്ഷത്ര ബംഗ്ലാവ് കൂടി തീർച്ചയായും സന്ദർശിക്കണമെന്നും ഞാൻ യുവാക്കളോട് അഭ്യർത്ഥിക്കുന്നു.

സുഹൃത്തുക്കളേ,

മാൻ കി ബാത്ത് പരിപാടി ടെലിവിഷനിൽ കാണുന്നവരോട് എനിക്ക് പറയാനുള്ളത്, ഒരു ദൃശ്യം തീർച്ചയായും കാണണമെന്നാണ്. ഈ ദൃശ്യം കഴിഞ്ഞദിവസങ്ങളിൽ ഒരു വലിയ ചർച്ചയായി. അതിൽ, കുറച്ചുപേർ വളരെ ക്ഷമയോടെയും ശ്രദ്ധയോടെയും ഒരു ഗംഗാ ഡോൾഫിനെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. ഈ ശ്രമത്തിന് ഏകദേശം 13 മണിക്കൂർ എടുത്തുവെന്നറിഞ്ഞാൽ നിങ്ങൾ അത്ഭുതപ്പെടും. ഒടുവിൽ ആ ഡോൾഫിൻ രക്ഷപ്പെട്ടു. സുഹൃത്തുക്കളേ, ഇതിൽ, ഭാരതത്തിലെ ആദ്യത്തെ ഗംഗാ ഡോൾഫിൻ രക്ഷാപ്രവർത്തനത്തിനുള്ള ആംബുലൻസിന് വലിയൊരു പങ്കുണ്ട്. ഈ സംഭവം ഉത്തർപ്രദേശിലാണ് നടന്നത്. അവിടെ ഒരു ഗംഗാ ഡോൾഫിൻ, കനാലിൽ കുടുങ്ങിപ്പോയിരുന്നു. അങ്ങനെയൊരു സമയത്ത്, നമാമി ഗംഗേ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഇ ൗ ആംബുലൻസ്, അതിന് ഒരു പ്രതീക്ഷയായി എത്തി. പിന്നീട് വളരെ ശ്രദ്ധയോടെ അതിനെ പുറത്തെടുത്തു. അതിനെ പരിശോധിക്കുകയും, ചികിത്സിക്കുകയും ചെയ്തു. അതിനുശേഷം അതിനെ സുരക്ഷിതമായി, റാപ്തി നദിയിലേക്ക് വിട്ടു. ഒരു തരത്തിൽ പറഞ്ഞാൽ, ഒരു ജീവൻ അതിന്റെ വീട്ടിലേക്ക് തിരികെ പോയി.

സുഹൃത്തുക്കളേ,

ഈ ഡോൾഫിൻ രക്ഷാപ്രവർത്തനത്തിനുള്ള ആംബുലൻസ് വളരെ സവിശേഷമാണ്. ഇത് ഒരു സഞ്ചരിക്കുന്ന ആശുപത്രിപോലെയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ഡോൾഫിനുകളെ സുരക്ഷിതമായി വയ്ക്കാനുള്ള സംവിധാനമുണ്ട്. ശ്വാസമെടുക്കാനുള്ള സൗകര്യമുണ്ട്. പ്രത്യേക സ്ട്രെച്ചറുണ്ട്, രക്ഷാപ്രവർത്തനത്തിനുള്ള ഉപകരണങ്ങൾ ഉണ്ട്. അതായത്, ഏതെങ്കിലും ഡോൾഫിന് പരിക്കേൽക്കുകയോ, കനാലിൽ കുടുങ്ങുകയോ ചെയ്താൽ, അല്ലെങ്കിൽ പുഴയിൽ നിന്ന് വഴിതെറ്റിപ്പോയാൽ, ഉടൻതന്നെ, അതിനെ സഹായിക്കാൻ കഴിയും.

സുഹൃത്തുക്കളേ, നമ്മൾ ഗംഗാ ഡോൾഫിനുകളെ രക്ഷിക്കുമ്പോൾ, ഒരു




ജീവിവർഗത്തെ മാത്രമല്ല രക്ഷിക്കുന്നത്; ഗംഗയുടെ ജൈവവൈവിധ്യത്തെയാണ് രക്ഷിക്കുന്നത്. പുഴയുടെ മുഴുവൻ ആവാസവ്യവസ്ഥയെയും രക്ഷിക്കുന്നു, ഒപ്പം നമ്മുടെ വരും തലമുറകൾക്കായി പ്രകൃതിയുടെ വിലമതിക്കാനാകാത്ത പൈതൃകവും നമ്മൾ സംരക്ഷിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
നിങ്ങളിൽ പലർക്കും പുഴ, കുളം, കിണർ എന്നിവയുടെ വെള്ളവുമായി ബന്ധപ്പെട്ട ഓർമ്മകൾ തീർച്ചയായും ഉണ്ടാകും. ചിലർക്ക് കുളത്തിൽ നീന്തിയത് ഓർമ്മയുണ്ടാകും, ചിലർക്ക് കൂട്ടുകാരുമായി കുളക്കരയിൽ കളിച്ചത്, ചിലർക്ക് ആ മണ്ണിന്റെ മണം ഒക്കെ ഓർമ്മയുണ്ടാകും. കുട്ടിക്കാലത്തെ ഇത്തരം ഓർമ്മകൾ ജീവിതകാലം മുഴുവൻ മനസ്സിൽ തങ്ങിനിൽക്കും.

സുഹൃത്തുക്കളേ,
അത്തരം ഓർമ്മകളെ സംരക്ഷിക്കുന്നതിനായുള്ള പ്രചോദനാത്മകമായ ഒരു കഥ ഉത്തർപ്രദേശിലെ ബസ്തി ജില്ലയിൽ നിന്ന് വന്നിട്ടുണ്ട്. ബസ്തിയിലെ ആകാശ് ഗുപ്ത, തന്റെ ഗ്രാമത്തിലെ മനോരമ നദിയെ കാണുമ്പോൾ , വളരെ ദുഖിതനായിരുന്നു. കാരണം, താൻ കുട്ടിക്കാലത്ത് തെളിഞ്ഞതും ജീവസ്സുറ്റതുമായി കണ്ടിരുന്ന ആ നദിയിൽ കാലക്രമേണ പ്ലാസ്റ്റിക് അടിഞ്ഞുകൂടാൻ തുടങ്ങി, മാലിന്യം വർദ്ധിച്ചുകൊണ്ടിരുന്നു. പരാതിപ്പെടേണ്ടതില്ല, പുതിയൊരു തുടക്കം കുറിക്കുമെന്ന് ആകാശ് തീരുമാനിച്ചു. പരാതികളില്ല, തുടങ്ങാം എന്നത് അദ്ദേ ഹത്തിന്റെ മന്ത്രമായി. അദ്ദേഹം തന്റെ കൂട്ടുകാരെയും കൂടെ കൂട്ടി. അവരുടെ കൈയിൽ ഉണ്ടായിരുന്നത് ഒരു വലയും, മൺവെട്ടിയും, കുട്ടയും, പിന്നെ എന്തെങ്കിലും മാറ്റം വരുത്തണമെന്ന ദൃഢനിശ്ചയവുമായിരുന്നു. ഈ ചെറുപ്പക്കാർ നദിയിലേക്ക് ഇറങ്ങി, കുളവാഴകൾ നീക്കം ചെയ്ത്, പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും പുറത്തെടുത്തു . പലപ്പോഴും, ഒരു ദിവസം കൊണ്ട് 5060 കിലോഗ്രാം വരെ മാലിന്യം നദിയിൽ നിന്ന് നീക്കം ചെയ്തു. ക്രമേണ, മനോരമ നദിയുടെ ആ ഭാഗം വീണ്ടും വൃത്തിയായി. ഈ പ്രവൃത്തി ചുറ്റുമുള്ള ആളുകളുടെ ശ്രദ്ധ ആകർഷിച്ചു, ജനങ്ങൾക്കിടയിൽ ശുചിത്വത്തെക്കുറിച്ചുള്ള അവബോധം വർദ്ധിച്ചു.

സുഹൃത്തുക്കളേ,
സമാനമായ ഒരു പ്രചോദനാത്മക കഥ ഗോവയിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഗോവയിലെ ബാലകൃഷ്ണ അയ്യ, വിരമിച്ച അധ്യാപകനാണ്. എന്നാൽ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ ആവേശം, അതേപടി തുടരുന്നു. മഡ്ഡിതോലാപ് പ്രദേശത്തെ ജലപ്രശ്നം അദ്ദേഹത്തെ വളരെയധികം വിഷമിപ്പിച്ചു. പരിഹാരത്തിനായി അദ്ദേഹവും പ്രവർത്തിക്കാൻ തുടങ്ങി. പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിൽ ബാലകൃഷ്ണ, പ്രധാന പങ്ക് വഹിച്ചു. ഇത് നിരവധി വീടുകളിലേക്ക് വെള്ളം എത്തിച്ചു. വെള്ളത്തിനായി ദിവസവും കഷ്ടപ്പെടേണ്ടി വന്ന കുടുംബങ്ങൾക്ക് ഇത് വലിയൊരു ആശ്വാസമായിരുന്നു.

സുഹൃത്തുക്കളേ,
കഴിഞ്ഞ മാസം എനിക്ക് വളരെ നല്ല ഒരു അനുഭവം ഉണ്ടായി. ഇതിന് മൻ കി ബാത്ത്മായി ബന്ധമുണ്ട്. അതിനാൽ, ഇന്ന് നിങ്ങളുമായി ഇതിനെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തമിഴ്നാട്ടിലെ നാഗർകോവിലിൽ വച്ച് ഒരു അധ്യാപികയെ ഞാൻ കണ്ടുമുട്ടി. ഏകദേശം മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് ഞാൻ അവരെ കണ്ടിട്ടുണ്ട്. ഞാൻ സംസാരിക്കുന്നത് ഗിരിജ അമ്മയെക്കുറിച്ചാണ്. ഈ കൂടിക്കാഴ്ചയിൽ ചില യുവ വിദ്യാർത്ഥികളും അവരോടൊപ്പം ഉണ്ടായിരുന്നു.

സുഹൃത്തുക്കളേ,
ഗിരിജാമ്മ ഏകദേശം 15 സ്കൂളുകൾ നടത്തുന്നു. ഇതിൽ, ചെന്നൈയിലെ ജയ്ഗോപാൽ ഗരോഡിയ ഹിന്ദു വിദ്യാലയം വളരെ പ്രമുഖമാണ്. അവരുടെ രാജ്യസ്നേഹം ഓരോ ഭാരതീയനെയും പ്രചോദിപ്പിക്കുന്നു. മൻ കി ബാത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, രാജ്യത്തെ നിരവധി സൈനികർക്ക് സംഭാവന നൽകാൻ അവർ തീരുമാനിച്ചു. ഇതിനോട്, അവരുടെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് താൽപര്യമായി. ധീരരായ സൈനികർക്കായി എല്ലാ ദിവസവും ഒരു രൂപ സംഭാവന ചെയ്യാൻ അവർ കുട്ടികളോട് ആവശ്യപ്പെട്ടു. അതായത്, ഓരോ വിദ്യാർത്ഥിയും ഒരു വർഷത്തിൽ 365 രൂപ ശേഖരിച്ചു. ചെറിയ സംഭാവനകളിലൂടെ ഏകദേശം 40 ലക്ഷം രൂപ അവർ സമാഹരിച്ചു. ഈ മുഴുവൻ തുകയുടെയും ഒരു ചെക്ക് ഗിരിജ അമ്മ എനിക്ക് കൈമാറി. ഞങ്ങളുടെ സംഭാഷണത്തിനിടയിൽ, ഭാരതമാതാവിനോടുള്ള അവരുടെ സമർപ്പണം എത്ര ആഴത്തിലുള്ളതാണെന്ന് ഞാൻ മനസ്സിലാക്കി. കഴിഞ്ഞ വർഷം, ചെന്നൈയിലെ ആദ്യത്തെ ഹിന്ദു വിദ്യാലയം അതിന്റെ 50ാം വാർഷികം പൂർത്തിയാക്കി. രാജ്യത്തിന്റെ വിദ്യാഭ്യാസവും സാംസ്കാരിക പൈതൃകവും മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഈ സ്കൂൾ ശൃംഖലയുടെ പങ്ക് വളരെ പ്രശംസനീയമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു, നമ്മുടെ ധീരരായ സൈനികർക്ക് വേണ്ടി സംഭാവന നൽകിയ വിദ്യാർത്ഥികളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

സുഹൃത്തുക്കളേ,
ഭാരതത്തിലെ ഓരോ ഗ്രാമത്തിലും നഗരത്തിലും, നമ്മെ പ്രചോദിപ്പിക്കുന്ന എന്തെങ്കിലും സംഭവിക്കുന്നുണ്ട്. പലപ്പോഴും, ഈ ശ്രമങ്ങളെക്കുറിച്ച് അധികം ചർച്ചകൾ ഉണ്ടാകാറില്ല, പക്ഷേ നമ്മൾ അവയെക്കുറിച്ച് ബോധവാന്മാരാകുമ്പോൾ, നമ്മുടെ രാജ്യം അതിന്റെ ജനങ്ങളുടെ ശക്തിയാൽ മുന്നോട്ട് പോകുകയാണെന്ന നമ്മുടെ വിശ്വാസം കൂടുതൽ ദൃഢമാകുന്നു. എന്റെയൊരു അഭ്യർത്ഥനയാണ്, നിങ്ങളുടെ ചുറ്റുമുള്ള ഇത്തരം ശ്രമങ്ങൾ തീർച്ചയായും നിങ്ങൾ കാണണം എന്നത്. സമൂഹത്തിന് വേണ്ടി നല്ല കാര്യങ്ങൾ ചെയ്യുന്നവരെ തിരിച്ചറിയുക, അവരെ അഭിനന്ദിക്കുക, അവരിൽ നിന്ന് പഠിക്കുക, സാധ്യമെങ്കിൽ, നിങ്ങൾ സ്വയം, എന്തെങ്കിലും നല്ല പ്രവർത്തനങ്ങളിൽ ഏർപ്പെടുക. അടുത്ത മാസം മൻ കി ബാത്ത് ൽ കൂടുതൽ പ്രോത്സാഹജനകമായ കഥകളുമായി ഞാൻ വീണ്ടും നിങ്ങളോടൊപ്പം ചേരും. വളരെ നന്ദി. നമസ്കാരം.



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

വെങ്കിൽ.'

'നഗ്നത മറച്ചിറങ്ങുവാൻ നിവൃത്തിയില്ലാതെ ചെറുകുടിലിന്റെ ചെറ്റവാതിലിന്റെ നിഴൽമറവിൽ ചുരുണ്ടുകൂടി വെളിച്ചം കാണാതെ വീർത്തുവിങ്ങുന്ന ഒരു ദരിദ്രസോദരിയുടെ ഗദ്ഗദശബ്ദത്തിൽ പൊഴിച്ചതായ ഒരൊറ്റ ദീർഘനിശ്വാസത്താൽ ഭവതിയുടെ പ്രേമം മഹത്തും മധുരതരവുമായിത്തീർന്നുവെങ്കിൽ.'

'അന്തസ്സും ആത്മാഭിമാനസമ്പത്തിയും അകത്തടച്ചു പൂട്ടുകയാൽ പട്ടുമെത്തയിൽ, ദാരിദ്ര്യം ഞെക്കിക്കൊല്ലുന്ന മാനമുള്ള പച്ചപ്പട്ടിണിക്കാരന്റെ പടിപ്പുരവാതലിൽ പതിച്ചതായ ഒരു സഹതാപനോട്ടത്താൽ ഭവതിയുടെ പ്രേമം ആരാധ്യതമമായിത്തീർന്നുവെങ്കിൽ.'

'ആഹാരലേശമില്ലാതെ അസ്ഥിമാത്രമായി വഴിയരികിൽ വീണു മരിച്ച നിരാധാരയായ ദരിദ്രമാതാവിന്റെ ചുക്കിച്ചുളിഞ്ഞ മുലത്തൊലിയിൽ പറ്റി, മുലനീർ വലിപ്പാൻ പ്രയാസപ്പെട്ടു തളരുന്ന ഒരു ഏഴപ്പിഞ്ചിന്റെ നിലവിളിയിൽ ചൊരിഞ്ഞതായ ഒരു തുള്ളി കണ്ണുനീരിനാൽ ഭവതിയുടെ പ്രേമം പരമപരിശുദ്ധീകൃതമായിത്തീർന്നുവെങ്കിൽ.'

'സോദരീ, പൊയ്ക്കൊൾക. നിന്റെ കസവുവസ്ത്രങ്ങളും കനകാഭരണങ്ങളും പുഷ്പമാല്യങ്ങളും സുഗന്ധലേപനങ്ങളും നവരത്നങ്ങളുമെല്ലാം ഭവതിയുടെ ചുറ്റും ആഹാരത്തിനായും വസ്ത്രത്തിനായും തുണയ്ക്കായും കരുണയ്ക്കായും കേണു നിലവിളിക്കുന്ന ഏഴകളായ പാവപ്പെട്ട കുടപ്പിറപ്പുകളുടെ മധ്യത്തിലേക്ക് അർദ്ധരാത്രിയിലെ അതിനിഗൂഢതയിൽ നിശ്ശബ്ദമായി ഒന്നോടെ വലിച്ചെറിയുക. പക്ഷേ, ഓമനെ, അവ ഓരോന്നും അദൃശ്യമായ എന്റെ കൈകളിൽത്തന്നെയായിരിക്കും വീഴുന്നത്. ചോരഹാര്യമല്ലാത്ത എന്റെ ഭണ്ഡാഗാരത്തിലത്രെ അവ സംഗ്രഹിക്കപ്പെടുന്നത്. അങ്ങനെ എന്റെ പരുപരുത്ത പാദമുദ്രകളിൽ ഭവതിയുടെ കാൽച്ചുവടുകൾ ഓരോന്നായി പതിച്ച്, എന്റെ പ്രാണപ്രേഷ്ഠയായ മണവാട്ടിയായി എന്റെ മഹാറാണിയായി, മംഗളമാല്യവുമേന്തി, എന്റെ വിശുദ്ധ മണിയറയിലേക്കു കടന്നുവന്നാലും! ഇതാ, അത്ര ഭവതിക്കായി തുറന്ന എന്റെ പരിശുദ്ധ

# വില്യം ഹാർവ്വിയിൽ നിന്നറിഞ്ഞ കഥ


എന്തെങ്കിലും വ്യതിയാനം ഉണ്ടാകണമായിരുന്നു. എന്നാൽ ഹൃദയം ഒരു പമ്പ് മാത്രമാണെന്നും, ചിന്തകളുടെയും ബോധത്തിന്റെയും യഥാർത്ഥ ഉറവിടം തലച്ചോറാണെന്നും ഈ പരീക്ഷണം അടിവരയിട്ടു.


ഈ കണ്ടെത്തൽ മെഡിക്കൽ സയൻസിൽ 'സെറിബ്രോസെൻട്രിക് സിദ്ധാന്തത്തിന്' (Cerebrocentric Theory) വലിയ ഊർജ്ജം നൽകി. ചിന്തയും ബുദ്ധിയും തലച്ചോറിന്റെ പ്രവർത്തനങ്ങളാണെന്ന് ശാസ്ത്രലോകം ഉറപ്പിച്ചത് ഇങ്ങനെയാണ്.

ഇതൊക്കെയാണ് വസ്തുതയെങ്കിലും ശാസ്ത്രം എത്രയൊക്കെ തിരുത്തിയാലും നമ്മുടെ ഭാഷയിൽ നിന്നും ഭാവനയിൽ നിന്നും 'ഹൃദയത്തെ' അത്രയെളുപ്പം മാറ്റിനിർത്താൻ കഴിയില്ല. അതിന് അതിന്റേതായ ഒരു പ്രത്യേക ഭംഗിയും ആഴവുമുണ്ട്.

നമ്മൾ പെട്ടെന്ന് പേടിക്കുമ്പോഴോ, സങ്കടപ്പെടുമ്പോഴോ, സ്നേഹം തോന്നുമ്പോഴോ ഒക്കെ ഹൃദയമിടിപ്പ് കൂടുകയോ കുറയുകയോ ചെയ്യാറുണ്ട്. തലച്ചോറിലാണ് ഈ വികാരങ്ങൾ ഉണ്ടാകുന്നതെങ്കിലും, അതിന്റെ ശാരീരികമായ പ്രതിഫലനം നമ്മൾ ആദ്യം അനുഭവിക്കുന്നത് നെഞ്ചിനുള്ളിലാണ്. അതുകൊണ്ടാണ് വികാരങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനുഷ്യന് ഇപ്പോഴും തോന്നുന്നത്. മറ്റൊന്ന്, നൂറ്റാണ്ടുകളായി കവിതകളും സാഹിത്യവും പ്രണയവും സൗഹൃദവുമെല്ലാം ഹൃദയത്തോട് ചേർത്താണ് അടയാളപ്പെടുത്തിയിട്ടുള്ളത്. ആ സങ്കല്പം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

എന്റെ മസ്തിഷ്കപൂർവ്വമായ ആശംസകൾ എന്നോ 'തലച്ചോറുപൂർവ്വം ആശംസിക്കുന്നു' എന്നോ 'എന്റെ മസ്തിഷ്കം നിറഞ്ഞ സ്നേഹം' എന്നോ പറയുന്നതിലെ ഒരു വശക്കേട് ആലോചിച്ചു നോക്കുമ്പോൾ അതിനേക്കാൾ എത്രയോ മനോഹരവും ഹൃദ്യവുമാണ് 'ഹൃദയപൂർവ്വം' എന്ന പ്രയോഗം. വസ്തുതകളേക്കാൾ വൈകാരികതയാണ്, വൈകാരികമായ അനുഭൂതികളാണ് മനുഷ്യന്റെ ചാലകശക്തി. അതുകൊണ്ട് തന്നെ 'ഹൃദയം' എക്കാലത്തും പ്രണയത്തിന്റെയും വികാരങ്ങളുടെയും പ്രതീകമായി നമ്മുടെ വാക്കുകളിൽ ജീവിക്കും. അതിൽ യാതൊരു തെറ്റുമില്ല താനും!




പ്രഖ്യാപിച്ച സി.പി.ഐയുടെ കൽക്കട്ട പാർട്ടി കോൺഗ്രസിൽ പങ്കെടുത്തു. നോട്ട് ബുക്കിൽ സ്റ്റാലിന്റെ ചിത്രം പോലീസ് കണ്ടെത്തിയതോടെ അറസ്റ്റിലായി. വിചാരണകൂടാതെ ഒമ്പതു മാസം തടവിലായി. ബോംബെയിലെ ആതർ റോഡ് ജയിലിലും പിന്നെ പൂനയിലെ യർവാധ ജയിലിലും കഴിഞ്ഞു. എസ്.എ.ഡാങ്കേ, അജയഘോഷ് തുടങ്ങിയ നേതാക്കളെ ജയിലിൽവെച്ച് പരിചയപ്പെട്ടു. ഹിന്ദി, കന്നഡ, തെലുങ്കുഭാഷകൾ പഠിക്കുവാൻ ഈ അവസരം ഗോവിന്ദപ്പിള്ള പ്രയോജനപ്പെടുത്തി.

ജയിൽമോചിതനായി നാട്ടിൽ എത്തിയ ഗോവിന്ദപ്പിള്ള കമ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തകനായി. സി.പി.രാമസ്വാമിയുടെ പരാമർശം കൂടിയായപ്പോൾ പി.ഗോവിന്ദപ്പിള്ള കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. എ.കെ.ഗോപാലൻ, ഇ.എം.എസ് തുടങ്ങിയ നേതാക്കളുടെ സഹകരണവും അടുപ്പവും പി.ഗോവിന്ദപ്പിള്ളയുടെ പ്രവർത്തനമേഖലയെ വികസ്വരമാക്കി.

ഇരുപത്തിയഞ്ചാം വയസ്സിൽ തിരുകൊച്ചി നിയമസഭാംഗമായി. 1953ൽ അവിഭക്ത കമ്യൂണിസ്റ്റു പാർട്ടിയുടെ സംസ്ഥാന കമ്മറ്റിയിൽ അംഗമാകുമ്പോൾ അതിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്നു പി.ഗോവിന്ദപ്പിള്ള. 1957ൽ നടന്ന തെരഞ്ഞെടുപ്പിൽ പെരുമ്പാവൂരിൽ നിന്നും പി. ഗോവിന്ദപ്പിള്ള വിജയിച്ചു. യുവസാമാജികരുടെ ജിഞ്ചർ ഗ്രൂപ്പിലെ അംഗമായിരുന്നു. പി.ജിയുടെ നിയമസഭാ പ്രസംഗങ്ങൾ പ്രസിദ്ധമാണ്. വിഷയത്തിന്റെ സ്വഭാവം മനസ്സിലാക്കി ആ വിഷയവുമായി ബന്ധപ്പെട്ട അനുബന്ധകാര്യങ്ങളിലൂടെയുള്ള അന്വേഷണത്തിന്റെ പ്രതിഫലനം വാക്കുകളിൽ പ്രകടമായിരുന്നു.

ചൈനീസ് ചാരൻ എന്നു മുദ്രകുത്തി 1964ൽ അറസ്റ്റു ചെയ്തു കണ്ണൂർ വിയ്യൂർ ജയിലിൽ പാർപ്പിച്ചു. ആ വർഷം നടന്ന തെരഞ്ഞെടുപ്പിൽ ജയിലിൽ കിടന്നുകൊണ്ടുതന്നെ മത്സരിച്ചു വിജയിച്ചുവെങ്കിലും 64ൽ നിയമസഭ കൂടാത്തതിനാൽ നിയമസഭാംഗമായില്ല.

1967ലും പെരുമ്പാവൂരിൽ നിന്നും മത്സരിച്ചു വിജയിച്ചുവെങ്കിലും 1988ൽ മുകുന്ദപുരത്തുനിന്നും പരാജയപ്പെട്ടു. 1964ൽ പാർട്ടി പിളർന്നപ്പോൾ പ്രിയപ്പെട്ടവരെല്ലാം നിലവിലുള്ള പാർട്ടിയിൽ നിലകൊണ്ടപ്പോഴും ഗോവിന്ദപ്പിള്ള സി.പി.ഐ(എം)ന്റെ ഭാഗമായി. ഡൽഹിയിലായിരുന്ന ഗോവിന്ദപ്പിള്ള നാട്ടിലെത്തി പാർട്ടിയുടെ തീരുമാനപ്രകാരം നാട്ടിലെത്തി ദേശാഭിമാനിപത്രത്തിന്റെ മുഖ്യപത്രാധിപരായി. പത്തൊമ്പതുവർഷം ആ ചുമതല വഹിച്ചു.

1980 മുതൽ മൂന്നുവർഷക്കാലം പ്രസ് അക്കാദമിയുടെ ചെയർമാനായിരുന്നു. പത്രാധിപരെന്നുള്ള പ്രായോഗിക പരിചയത്തെ മുൻ നിർത്തിയുള്ള രീതിയിലായിരുന്നു പ്രസ് അക്കാദമിയുടെ പ്രവർത്തനത്തെ നവീകരിച്ചത്.

ഗ്രന്ഥശാലാസംഘത്തിന്റെ തുടക്കംമുതലുള്ള പ്രവർത്തകനാ യിരുന്നു. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എന്ന നിലയിലും ശോഭനമായ പ്രവർത്തനമാണ് കാഴ്ചവെച്ചത്.

1987ൽ സംസ്ഥാന ചലച്ചിത്ര വികസനകോർപ്പറേഷന്റെ ചെയർമാനായി. സിനിമയുമായി പ്രത്യക്ഷത്തിൽ ബന്ധമൊന്നുമില്ലാത്ത പി.ജി ചെയർമാനായപ്പോൾ അതൊരു രാഷ്ട്രീയ ഇടപെടൽ എന്നാണ് വിമർശകർ വിലയിരുത്തിയത്. ആ മേഖലയിൽ അദ്ദേഹം നടപ്പിലാക്കിയ നൂതന പദ്ധതികൾ ചലച്ചിത്രവ്യവസായത്തെ പരിപോഷിപ്പിക്കുകമാത്രമല്ല മലയാള സിനിമയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുകയും ചെയ്തു. അന്തർദേശിയ ചലച്ചിത്രോത്സവത്തിന് ആദ്യമായി കേരളം വേദിയായി. ലോകസിനിമയെ മലയാളികൾക്കും, മലയാളചലച്ചിത്രങ്ങളെ ലോകത്തിനും കാണുവാനും വിലയിരുത്തുവാനുമുള്ള അവസരമൊരുക്കി.

സി.ഡിറ്റിന്റെ സ്ഥാപക ഡയറക്ടർ എന്ന നിലയിൽ പുതിയൊരു ദൃശ്യസംസ്കാരത്തെ പി.ജി.കാട്ടിത്തന്നു.

1998ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച 'മലയാളത്തനിമ'യുടെ നേതൃത്വനിരയിൽനിന്നുകൊണ്ട് പി.ജി. പ്രവർത്തിച്ചു. കമ്പ്യൂട്ടറിന് മലയാളഭാഷയെ സജ്ജമാക്കുക എന്നതായിരുന്നു ലക്ഷ്യം. കീബോർഡ് പരിഷ്കരണത്തിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാനായിരുന്നു പി.ജി. എൽ.ഡി.എഫ് ഭരണം കഴിഞ്ഞു യു.ഡി.എഫ് അധികാരത്തിൽ വന്നുവെങ്കിലും ആ ചുമതല പി.ജിക്കുതന്നെയായിരുന്നു. ഭാഷയുടെ തനിമ നഷ്ടപ്പെടുന്നുവെന്ന് ഭാഷാപണ്ഡിതന്മാർ പരാതിപ്പെട്ടപ്പോഴും കാലത്തിന്റെ മാറ്റങ്ങളെ അംഗീകരിക്കണമെന്നുമുള്ള പക്ഷക്കാരനായി പി.ജി മാറി.

യാത്രകൾ എന്നും പി.ജിക്ക് ഹരമായിരുന്നു. വിദേശയാത്രകളെക്കാൾ ഇന്ത്യയുടെ പാരമ്പര്യത്തെ അന്വേഷിച്ചുള്ള സഞ്ചാരത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. ഏതുയാത്രയിൽ പങ്കെടുക്കുമ്പോഴും അവിടെയുള്ള പുസ്തകശാലകളിൽ കയറി അവിടെയാകെ പരതി തനിക്കു വേണ്ട പുസ്തകങ്ങൾ സമാഹരിക്കും. ജീവിതയാത്രയിൽ അദ്ദേഹം ഏറെ സ്നേഹിച്ചിരുന്നത് പുസ്തകങ്ങളെയാണ്. വൻനഗരങ്ങളിലെ യാത്രകളിൽ സെക്കന്റ് ഹാൻഡ് ബുക് ഷോപ്പുകളിൽ കയറി അത്യപൂർവ്വങ്ങളായ ഗ്രന്ഥങ്ങൾ ശേഖരിക്കുമായിരുന്നു. സാഹിത്യവും ചരിത്രവും, ശാസ്ത്രവും വേതാളകഥകളുമെല്ലാം ഒരുപോലെ പ്രിയങ്കരമാണ്. ചിട്ടയായ വായനയായിരുന്നില്ല. കിട്ടിയതെന്തും വായിക്കും. നല്ലതെന്നു തോന്നുന്നതെല്ലാം സ്വാംശീകരിക്കും. അതുകൊണ്ടുതന്നെ പി.ജി. സർവ്വവിജ്ഞാനിയായി. മുപ്പതിനായിരത്തിൽ കുറയാത്ത പുസ്തകങ്ങൾ പി.ജിയുടെ സ്വകാര്യ ലൈബ്രറിയിലുണ്ട്.

തികഞ്ഞ പാർട്ടിപ്രവർത്തകനായിരിക്കുമ്പോഴും പാർട്ടിയുടെ തീരുമാനത്തിൽ നിന്നും വിട്ടകന്നു നിന്നുകൊണ്ടുള്ള ആലോചനകളും തീരുമാനങ്ങളും പി.ഗോവിന്ദപ്പിള്ളയുടെ ഭാഗത്തുനിന്നുമുണ്ടാ കുമായിരുന്നു. സൈലന്റ് വാലി പ്രശ്നത്തിൽ പി.ജി. സാഹിത്യപരിഷത്തിനോടൊപ്പം നിന്നുകൊണ്ട് വാദിച്ചു. അടിയന്തിരാവസ്ഥക്കാലത്ത് നക്സൈലറ്റായിരുന്ന കെ.വേണുവിന് അഭയം കൊടുത്തു എന്ന പേരിലും പാർട്ടിയുടെ എതിർപ്പു നേരിട്ടു. ചൈനയിൽ ടിയനൻമെൻ സ്ക്വയറിൽ സ്വാതന്ത്ര്യം ആഗ്രഹിച്ച യുവാക്കളെ ഡെങ് സിയാവോ പിംഗിന്റെ സൈന്യം കൂട്ടക്കൊല ചെയ്തപ്പോൾ അതിനെതിരെ എഴുതി. ജോണി ലൂക്കോസ് മലയാള മനോരമയ്ക്കുവേണ്ടി നടത്തിയ അഭിമുഖത്തിൽ ഇ.എം.എസിനെക്കുറിച്ചുള്ള പരാമർശത്തിന്റെ പേരിലും എതിർപ്പു നേരിട്ടു. മൊഹിത് സെൻ തന്റെ ആത്മകഥയിൽ പി.ജിയെ വിശേഷിപ്പിച്ചത് വിമത കമ്യൂണിസ്റ്റെന്നാണ്. ഇതിനെയെല്ലാം ബൗദ്ധികമായ നിലപാടിൽ നിന്നുകൊണ്ടുള്ള പരാമർശമായിട്ടാണ് പി.ജി. പരിഗണിച്ചത്.

എ.കെ.ജി.സെന്ററിലെ മാർക്സിസ്റ്റ് പഠന-ഗവേഷണകേന്ദ്രത്തിലേക്കും, എ.കെ.ജി.സെന്ററിലെ മാർക്സിസ്റ്റ് പഠന-ഗവേഷണകേന്ദ്രത്തിലേക്കും പി.ജി.യുടെ പ്രവർത്തനം മാറ്റേണ്ടിവന്നിട്ടുണ്ട്.

**സൗഹൃദയനായിരിക്കെതന്നെ പി.ജി. കർക്കശക്കാരനുമാണ്. വിമർശിക്കുമ്പോൾ ആ വാക്കുകൾക്ക് തീക്കാറ്റിന്റെ വേഗതയാണ്. 'മുറിക്കയ്യൻ ഷർട്ടുമിട്ട് മുണ്ടും ഷൂസും ധരിച്ച് കൈയ്യിൽ തുകൽസഞ്ചിയുമായി' നടന്നു നീങ്ങുന്ന പി.ജി. ഗൗരവക്കാരനായിരുന്നു. ചരിത്രവഴികളെ സൃഷ്ടിക്കുന്നതായിരുന്നു ഓരോ നടത്തവും. അല്ലെങ്കിൽ ചരിത്രത്തെ പുനരവതരിപ്പിക്കുന്നതിലേക്കുള്ള സഞ്ചാരമായിരുന്നു അത്. അത്ഭുതകിനാക്കൾ പകരുന്നതായിരുന്നു ആ തെളിമയുള്ള കണ്ണുകൾ. 1926 മാർച്ച് 26ന് എൺപത്തിയാറാം വയസ്സിൽ പി.ഗോവിന്ദപ്പിള്ള അന്തരിച്ചു.**

വ്യത്യസ്ത ആശയങ്ങളിൽ അടിയുറച്ചുനിൽക്കുന്നവരുമായുള്ള സൗഹൃദത്തിലും പ്രസിദ്ധനാണ്. ഡോ.പൗലോസ് മാർ പൗലോസ്, ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് തുടങ്ങിയ മതപുരോഹിതന്മാർ; കുന്നിൽനാരായണൻ, വർഗീസ് തുടങ്ങി നക്സൈലറ്റുകൾ; ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ എന്നിവർ ചിന്താധാരയിൽ വ്യത്യസ്തരായിരുന്നുവെങ്കിലും അവരുമായെല്ലാം പി.ജി. നിത്യസൗഹൃദത്തിലായിരുന്നു. അവരുടെ ആശയങ്ങളെ അവരുടെ മനോഭാവത്തിൽനിന്നുകൊണ്ടുതന്നെ മനസ്സിലാക്കി ആ ആശയങ്ങളെ തന്റെ നിലപാടുകളുമായി വിശകലനം ചെയ്യുവാനുള്ള അനിതരസാധാരണമായ കഴിവ് പി.ഗോവിന്ദപ്പിള്ളയ്ക്കുണ്ടായിരുന്നു.

ഗോവിന്ദപ്പിള്ളയിലെ മതനിഷേധി ആരാധനാലയങ്ങളെ അംഗീകരിച്ചിരുന്നു. പൂജയും പ്രാർത്ഥനയും മാത്രമല്ല അവിടെ നടക്കുന്നതെന്നു തിരിച്ചറിഞ്ഞിരുന്നു. തത്വശാസ്ത്രത്തിന്റെയും കലയുടെയും കവിതയുടെയുമൊക്കെ കേന്ദ്രസ്ഥാനം കൂടിയാണ് അതെ ന്നു മനസ്സിലാക്കിയിരുന്നു. പ്രധാന ക്ഷേത്രങ്ങളിലും ആരാധാനാലയങ്ങളിലും പി.ജി പോകുകയും നേരിട്ടു കണ്ടു മനസ്സിലാക്കുകയും ചെയ്തു. പുട്ടപർത്തിയിലും മലയാറ്റൂരിലും സത്യാന്വേഷണത്തിന്റെ വ്യഗ്രതയോടുകൂടിയാണ് സന്ദർശിച്ചിട്ടുള്ളത്. സായി ബാബായെ പ്രൊഫഷണൽ ഗോഡ്ഫാദർ എന്നു വിശേഷിക്കുമ്പോഴും അവരിലൂടെ നടക്കുന്ന സാമൂഹിക പ്രവർത്തനങ്ങളെ അംഗീകരിച്ചിരുന്നു.

കേരളസർവകലാശാലയുടെയും കാലിക്കട്ട് സർവ്വകലാശാലയുടെയും ഭരണസമിതിയിലും ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽട്ടികളിലും അംഗമായിരുന്നു. പുരോഗമകലാസാഹിത്യ സംഘത്തിന്റെ സ്ഥാപക നേതാക്കളിലൊരാളായിരുന്നു.

തപസ്വിയെപ്പോലെ ഗ്രന്ഥരചന നടത്തിയ വ്യക്തിയാണ് പി.ഗോവിന്ദപ്പിള്ള. ഇസങ്ങൾക്കപ്പുറം, വിപ്ലവപ്രതിഭ, കേരളം: ഒരുഅധകൃതസംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം; ഉത്ഭവവും വളർച്ചയും, സാഹിത്യം: പുരോഗതിയും അധോഗതിയും, ഭഗവദ്ഗീത- ബൈബിൾ- മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ, മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും, സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, ആഗോളവത്കരണം-സംസ്കാരം മാധ്യമം, കേരളനവോത്ഥാനം- മതാചാര്യർ-മതനിഷേധികൾ, ഇ.എം.എസും മലയാളസാഹിത്യവും, മുകൽരാജ് മുതൽ പവനൻവരെ തുടങ്ങി ഒട്ടേറെ കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. വൈജ്ഞാനികവിപ്ലവം ഒരു സാംസ്കാരിക ചരിത്രം എന്ന കൃതിയാണ് ഒടുവിൽ പ്രസിദ്ധീകരിച്ചത്. ഇ.എം.എസും പി.ജിയും ചേർന്നെഴുതിയ ഗ്രന്ഥമാണ് ഗ്രാംഷിയൻ വിചാരവിപ്ലവം. ഏഥൽ വോയിനിച്ച്, റോമിലാ ഥാപ്പർ, ഡി.ആർ.മങ്കേക്കർ, ഇർഫാൻ ഹബീബ് എന്നിവരുടെ കൃതികൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. മലയാറ്റൂർ രാമകൃഷ്ണന്റെ അഞ്ചു സെന്റ് എന്ന നോവലിലെ ഗോവിന്ദൻ എന്ന കഥാപാത്രത്തിന്റെ യൗവനപ്രാപ്തനായ വിദ്യാർത്ഥി ഫെഡറേഷൻ പ്രവർത്തകൻ പി.ഗോവിന്ദപ്പിള്ളയായിരുന്നു.

വിവിധ ചാനലുകളിലും ദിനപത്രങ്ങളിലും പി.ജിയുടെതായ ലോകചരിത്രാവലോകനം ഉണ്ടായിരുന്നു. ശരാശരി മലയാളിയുടെ ചരിത്രസംസ്കാരത്തെയും സാംസ്കാരിക ചരിത്രത്തെയും വളർ ത്തിയെടുക്കുവാൻ പ്രാപ്തമായതായിരുന്നു ഈ ലേഖനങ്ങളും അവതരണങ്ങളും.

ജനശക്തി, കൈരളി എന്നീ ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു. പി.എ.ബക്കറിനെ സംവിധായകനാക്കി മണ്ണിന്റെ മക്കൾ എന്ന പേരിൽ ഒരു സിനിമ നിർമ്മിച്ചു. 1998ൽ ലോകസഭാസ്ഥാനാർത്ഥിയായെങ്കിലും പരാജയമേറ്റുവാങ്ങി. പോളിറ്റ് ബ്യൂറോയിലോ, സെൻട്രൽ സെക്രട്ടറിയേറ്റിലോ, മന്ത്രിസഭയിലെ പി.ഗോവിന്ദപ്പിള്ള അംഗമായിരുന്നില്ലായെങ്കിലും അതിനൊക്കെ മീതെയുള്ള ഒരു സ്ഥാനമാണ് കേരളസമൂഹം പി.ഗോവിന്ദപ്പിള്ളയ്ക്ക് കല്പിച്ചുകൊടുത്തിട്ടുള്ളത്.

സൗഹൃദയനായിരിക്കെതന്നെ പി.ജി. കർക്കശക്കാരനുമാണ്. വിമർശിക്കുമ്പോൾ ആ വാക്കുകൾക്ക് തീക്കാറ്റിന്റെ വേഗതയാണ്. 'മുറിക്കയ്യൻ ഷർട്ടുമിട്ട് മുണ്ടും ഷൂസും ധരിച്ച് കൈയ്യിൽ തുകൽസഞ്ചിയുമായി' നടന്നു നീങ്ങുന്ന പി.ജി. ഗൗരവക്കാരനായിരുന്നു. ചരിത്രവഴികളെ സൃഷ്ടിക്കുന്നതായിരുന്നു ഓരോ നടത്തവും. അല്ലെങ്കിൽ ചരിത്രത്തെ പുനരവതരിപ്പിക്കുന്നതിലേക്കുള്ള സഞ്ചാരമായിരുന്നു അത്. അത്ഭുതകിനാക്കൾ പകരുന്നതായിരുന്നു ആ തെളിമയുള്ള കണ്ണുകൾ. 1926 മാർച്ച് 26ന് എൺപത്തിയാറാം വയസ്സിൽ പി.ഗോവിന്ദപ്പിള്ള അന്തരിച്ചു.

# Important Days and Dates in June 2026

1 June – **World Milk Day**

World Milk Day is observed globally on 1st June every year to celebrate the important contributions of the dairy sector to sustainability, economic development, livelihoods and nutrition.

1 June- **Global Day of Parents**

The Global Day of Parents is celebrated on the 1st of June every year. UN General Assembly proclaimed this day in 2012 by passing a resolution that honours parents for their relentless support, sacrifice and commitment toward their children.

2 June - **Italy Republic Day**

It is also known as Festa della Repubblica is a national holiday in Italy that witnesses a celebration every year on June 2. It honors the day in 1946 when Italians voted to abolish the monarchy system and establish a republic.

2 June – Telangana Formation Day

Telangana has a glorious history of at least two thousand five hundred years or more. Every year Telangana State celebrates the formation day on 2nd June with grandeur and conducts various events, cultural activities etc. The struggle of Telangana to generate a new state began in the early 1950s.

3 June - **World Bicycle Day**

The United Nations General Assembly declared 3rd June as International World Bicycle Day to recognize the uniqueness, longevity and versatility of the bicycle, which are affordable, environmentally friendly fit sustainable means of transportation.

4 June – **International Day of Innocent Children Victims of Aggression**

Every year on 4 June, the United Nations (UN) International Day of Innocent Children Victims of Aggression is observed to raise awareness about the children who have suffered a lot throughout the world and are victims of physical, mental and emotional abuse. On this day UN affirms its commitment to protect the rights of children.

5 June- **World Environment Day**

World Environment Day is observed every year on 5 June and is celebrated by more than 100 countries. The environment is a major issue, which not only affects the well-being of the people but also hampers economic development throughout the world.

7 June – **World Food Safety Day**

World Food Safety Day is celebrated on 7 June to draw global attention to the consequences of contaminated food and water to health. Also, this day focuses on the way to reduce the risk of food poisoning. The safety of food is key to achieving Sustainable Development Goals.

8 June- **World Brain Tumour Day**

It is observed every year on 8 June to raise international public attention to the people that are suffering from serious diseases and the urgent need for more research. Several events are organised around the world to educate about brain tumours.

8 June – **World Oceans Day**

World Oceans Day is celebrated on 8 June every year to empower people of all ages to become leaders of their own and stop polluting ocean, and water bodies. This day spread awareness about reducing single-use plastics and taking action necessary to bring real change.

8 June - **National Best Friend Day**

National Best Friend Day is celebrated on June 8 to remind and cherish our supportive besties. Also, to express to them how much you value them and their company.

12 June - **World Day Against Child Labour**

This day is launched by the International Labour Organisation (ILO) to focus attention on the worldwide extinction of child labour, efforts and the action required to eliminate it. In 2015, world leaders adopted the Sustainable Development Goals (SDGs) in which they included a clause to end child labour.

12 June- **National Red Rose Day**

Every year June 12 is observed as National Red Rose Day. The birth flower of June is celebrated as the most iconic symbol of love and romance. This event widely observed in the US is a time when everyone gathers to honour this traditional flower, including lovers, botanists, florists, and pretty much everyone else.

14 June - **World Blood Donor Day**

World Blood Donor Day is observed on 14 June every year to raise awareness about the urgency of blood donations all over the world and to acknowledge and appreciate blood donors for their support. This year's slogan is "Donating blood is an act of solidarity. Join the effort and save lives".

14 June- **Flag Day**

Flag Day is celebrated throughout the United States, with patriotic displays, parades, ceremonies, and educational activities. It serves as a time to honour the American flag, reflect on its symbolism, and express national pride and unity.

15 June - **World Wind Day**

Every year World Wind day is observed on 15 June globally to promote clean energy. It is a day to discover wind energy, its power and the possibilities it holds to reshape our energy systems, decarbonise our economies and increase jobs and growth.

15 June - **World Elder Abuse Awareness Day**

This day is celebrated every year on June 15 to raise the voice for caring elders. Elder abuse is a global social issue that affects the Health and Human Rights of millions of older people around the world. The day was officially recognised by the United Nations General Assembly.

17 June - **World Day to Combat Desertification and Drought** (International)

Since 1995, this day is observed to spread awareness about international cooperation to combat desertification and the effects of drought. The United Nations General Assembly in 1994 declared 17 June as the "World Day to Combat Desertification and Drought". It is a unique occasion to remind people that desertification can be effectively tackled, solutions are possible and important is participation and cooperation at all levels.

18 June - **Autistic Pride Day**

Every year it is observed on 18 June to represent diversity and infinite possibilities. This is a day for patients suffering from autism to come together with their families or caregivers. A day to promote awareness, acceptance and autonomy.

18 June - **International Picnic Day**

International Picnic Day is celebrated on 18 June every year. This is a day to enjoy nature, with your near and dear ones.

19 June - **World Sickle Cell Awareness Day**

World Sickle Cell Awareness Day is held annually since 2008 to raise awareness about Sickle Cell Disease (SCD) and the struggle that the sufferers or a patient family face. This day was officially adopted by the General Assembly of the United Nations, to recognise SCD as a public health concern.

19 June- **Juneteenth**

Juneteenth is a federal holiday in the United States that honours the freedom of African American slaves on 19th June every year. The holiday is also known as Emancipation Day, Freedom Day, Jubilee Day, Black Independence Day, and Juneteenth Independence Day.

19 June - **World Sauntering Day**

This day is observed annually to make people remind to slow down and enjoy life as possible instead of rushing always. This day also reminds us to take it easy, take time to smell roses, take time to see nature that is so beautiful, look at the sky and enjoy life

20 June - **World Refugee Day** (International)

This day is observed annually on 20 June to raise awareness about the struggles that refugees face around the world. World Refugee Day also marks a key moment for the public to show support for families forced to flee.

21 June - **World Music Day**

Every year, World Music Day is celebrated on June 21 to promote music on an international level and is a way to establish global harmony through music.

21 June - **World Father's Day**(3rd Sunday of June)

It is observed every year on the third Sunday of June to commemorate fatherhood and to appreciate all fathers for their support and contribution to society. In 2026, World Father's Day will fall on June 21.

21 June - **World Hydrography Day**

World Hydrography Day is observed on 21 June every year to increase public awareness about hydrography science. Every year the International Hydrographic Organisation (IHO) and its international members celebrate this day.

21 June – **International Yoga Day**

International Yoga Day is celebrated across the globe on 21 June to raise awareness about yoga in life and to make people aware of the benefits of yoga. In India, International Yoga Day is celebrated by the Ministry of AYUSH.

21 June - **Summer Solstice**

Summer Solstice is observed on 21, June. It is the longest day in India with the longest period of daylight.

22 June- **World Rainforest Day**

World Rainforest Day is a global observance held annually on June 22nd. It is a day dedicated to raising awareness about the importance of rainforests and promoting efforts to protect and conserve them. Rainforests are incredibly biodiverse ecosystems that provide numerous ecological benefits, including regulating the climate, supporting a wide variety of plant and animal species, and supplying essential resources.

23 June - **International Olympic Day**

The International Olympic Day is celebrated on 23rd June every year to make people aware of the importance of games in life. Olympic Day is much more than a sports event. It is a day for the world to get active.

23 June - United Nations Public Service Day

This day is designated by the UN General Assembly to celebrate 23rd June as Public Service Day. It highlights the contribution of public service in the development process, recognises the work of public servants and encourages young people to pursue careers in public sectors.

23 June - **International Widow's Day**

International Widows Day (international) is observed on 23 June annually to raise awareness globally about the violation of human rights that widows suffer and face in several countries following the death of their spouses.

26 June - International Day in Support of Victims of Torture

The UN General Assembly proclaimed 26 June as International Day in Support of Victims of Torture on 12 December 1997 to eradicate torture and the effective functioning of the Convention against Torture and other cruel, inhuman or degrading treatment or punishment.

27 June- **Helen Keller Day**

Helen Keller Day is important as it celebrates resilience, raises awareness about disabilities, inspires others, advocates for education, and promotes human rights and social justice, honouring Helen Keller's remarkable achievements and encouraging a more inclusive society.

29 June: **National Statistics Day**

The day is observed on 29 June to popularise the use of Statistics in everyday life. The day commemorates the birth anniversary of Prof. P C Mahalanobis.

29 June: **International Day of the Tropics**

It is observed on June 29 annually to spread awareness about conservation strategies and promote tropical regions on Earth.

30 June - **World Asteroid Day**

Asteroid Day is an event observed on 30 June to provide online education about the asteroid. This event is held on the anniversary of the Siberian Tunguska event that took place on 30 June 1908. It is the most harmful known asteroid-related event on Earth in recent history. The United Nations passed a resolution for celebrating June 30 as Asteroid Day.